1181

1954

വിജ്ഞാനവീഥിക

(ഏഴാംപാഠപുസ്തകം)

EDITED BY

VALLATHOL.

PUBLISHERS:

VALLATHOL GRANDHALAYAM,
CHERUTHURUTHI.

A. R. P. PRESS, KUNNAMKULAM.

1941

വില 7ണ.

(All Rights Reserved)

ISLAM HIGH SCHOOL

വിഷയവിവരം.

	വിഷയം.	ഭാഗം.
1.	ശ്രീബുദ്ധൻ.	1
2.	കമ്പിയില്ലാക്കമ്പിയും പ്രക്ഷേപിണിയും.	7
3.	കേരളം *	14
4.	യൂളിസസ്സ്.	16
5.	സോപ്പ്.	26
6.	തുരുമ്പുപിടിച്ച വാൾ *	35
7.	പുഷ്പങ്ങൾ.	38
8.	മൊഹൻജോ ദാരോ.	45
9.	അന്നും ഇന്നും *	52
10.	കൺഫ്യൂഷ്യസ്സ്.	55
11.	തദ്ദേശസ്വയംഭരണസമിതികൾ.	66
12.	മണ്ണുണ്ണ് *	73
13.	ജീവകം (വിറ്റാമിൻ).	77
14.	എവറസ്റ്റ് I.	83
15.	എവറസ്റ്റ് II.	89
16.	പണം.	96
17.	ഉദ്ബോധനം *	101
18.	വിദ്യാലയത്തിൽ.	104
19.	ഭീഷ്മർ.	112
20.	ആരണ്യകന്റെ ആത്മഗതം *	122
21.	സിനിമ (ചലനചിത്രം.)	125
22.	വീട്ടയയ്ക്കുക *	129

23.	സ്വരാജ്യസ്നേഹം.	131
24.	വിളഞ്ഞ പാടം *	136
25.	ദീപനവും ദീപനേന്ദ്രിയങ്ങളും.	138
26.	സീത *	144
27.	രവീന്ദ്രനാഥടാഗോർ.	146

1494



ശ്രീബുദ്ധൻ.

MAHAVIRULSA HIGH SCHOOL
Date 14/9/94
ERNAKULAM

ഏഴാംപാഠപുസ്തകം.

1. ശ്രീബുദ്ധൻ.

ഭാസുരയുഗം.	പ്രകൃതിരാമണീയകം.
ബോധോദയം.	സപ്രമാണം.
സമസ്തസൃഷ്ടിസ്നേഹം.	സാത്വികാത്മാവ്.
നിത്യനിർവ്വാണം.	മഹിതകൃത്യം.

ക്രിസ്തുവിന്നു മുമ്പുള്ള ആറാം നൂറ്റാണ്ടു ഭാരതത്തിൽ ഒരു ഭാസുരയുഗം ഉദയംകൊണ്ട കാലഘട്ടമാണ്. വർദ്ധമാനമഹാവീരൻ എന്നുകൂടി പേരുണ്ടായിരുന്ന മഹാവീരൻ ജൈനമതം സ്ഥാപിച്ചത് ഈ നൂറ്റാണ്ടിലാണ്.

ഈ നൂറ്റാണ്ടിൽത്തന്നെയാണ് ബുദ്ധമതസ്ഥാപകനായ നമ്മുടെ കഥാനായകന്റേയും ജനനം. ക്ഷത്രിയവംശത്തിൽപ്പെട്ട ശാക്യവംശത്തിലെ ഒരാളായിരുന്നു ഇദ്ദേഹം.

ഹിമാലയത്തിന്റെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന കപിലവസ്തു എന്ന നഗരത്തിലെ അന്നത്തെ രാജാവു ശുദ്ധോദനൻ എന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് ശ്രീബുദ്ധൻ. (സിദ്ധാർത്ഥൻ എന്നാണ് ശുദ്ധോദനൻ തന്റെ ഓമനസ്സന്താനത്തിന് നാമകരണം ചെയ്തത്. സിദ്ധാർത്ഥന്റെ പ്രിയമാതാവായ മായാദേവി, സിദ്ധാർത്ഥന് ഏഴു വയസ്സായപ്പോൾ ഇഹലോ

കവാസം വെടിഞ്ഞു. പിന്നീടു പിതൃസഹോദരിയായ ഗൌതമിയുടെ വാത്സല്യപൂർണ്ണമായ ശുശ്രൂഷയിലാണ് സിദ്ധാർത്ഥൻ വളർന്നത്. ഗൌതമി എടുത്തുവളർത്തിക്കൊണ്ടുവന്നതിനാൽ സിദ്ധാർത്ഥനു ഗൌതമൻ എന്നും പേരുണ്ടായി.

ശുദ്ധോദനൻ സിദ്ധാർത്ഥനു ക്ഷത്രിയക്കുമാരോചിതമായ ആയുധവിദ്യയും, മറ്റു ശാസ്ത്രവിദ്യകളും യഥാവിധി നല്കി.

തന്റെ ഏകവാത്സല്യഭാജനമായ പുത്രനെ ശുദ്ധോദനൻ അത്യന്താഡംബരത്തിലും സൌഖ്യത്തിലും വളർത്തിക്കൊണ്ടുപോന്നതിൽ അത്ഭുതമില്ലല്ലോ. ലോകത്തിലെ കഷ്ടാരിഷ്ടങ്ങളെ ആവുന്നത്ര തന്റെ അരുമമകനെ അറിയിയ്ക്കാതിരിയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ അച്ഛൻ മകനെ എത്രയ്ക്കു ലൌകിക സുഖങ്ങളിൽ മുഴുകിയ്ക്കാൻ ശ്രമിച്ചുവോ, അത്രയ്ക്കു മകന്നവയിൽ അനാസ്ഥ വർദ്ധിച്ചു. ഇതിനാൽ അച്ഛൻ സിദ്ധാർത്ഥനെക്കൊണ്ടു യശോധര എന്നൊരു കന്യകയെ വിവാഹം കഴിപ്പിച്ചു. എന്നാൽ ഈ ഉപായംകൊണ്ടും അച്ഛന്റെ ഇംഗിതം നിറവേറിയില്ല. ലോകം എന്നു വെച്ചാൽ, താൻ രസിച്ചു സുഖോന്മത്തനായി കഴിഞ്ഞുകൂടുന്ന ആ കൊട്ടാരം മാത്രമല്ലെന്നും, ആ കൊട്ടാരത്തിന്നു പുറത്തും അതിന്നു വ്യാപ്തിയുണ്ടെന്നും ആ രാജകുമാരനു ബോധപ്പെടാൻ തുടങ്ങി.

ഇയ്യിടയിൽ അദ്ദേഹം പ്രകൃതിരാമണീയകത്തെ കണ്ടാനന്ദിയ്ക്കണമെന്ന് അച്ഛനോടു ശഠിച്ചു പിടിയ്ക്കുകയാൽ, അച്ഛനു മകന്റെ ആഗ്രഹത്തിന്നു വഴങ്ങേ

ണ്ടിവന്ന അങ്ങിനെ പ്രകൃതിസൌന്ദര്യത്തെ കാണാൻ വേണ്ടി ഇറങ്ങിയ ആ ദയാശീതളന്റെ കണ്മുമ്പിൽ പല കഠോരങ്ങളായ കാഴ്ചകളും പ്രത്യക്ഷപ്പെട്ടു! അന്നു മുതൽ ലോകത്തിലെ നിത്യദാരിദ്ര്യത്തിന്നും ഭയങ്കരരോഗങ്ങൾക്കും ഒരു നിവാരണമാർഗ്ഗം കണ്ടുപിടിയ്ക്കുവാൻ ആ കൊച്ചുഹൃദയം ഉഴറിത്തുടങ്ങി.

ഈയവസരത്തിലാണ് അദ്ദേഹത്തിന്റെ പ്രാണപ്രിയയായ യശോധര ഒരോമനക്കുഞ്ഞിനെ പ്രസവിച്ചത്. പക്ഷെ അതും അവരുടെ ദാമ്പത്യബന്ധത്തെ പൊട്ടിയ്ക്കാതിരിയ്ക്കാൻ സമർത്ഥമായില്ല. അദ്ദേഹം ആ കെട്ടുകളറുത്തു പുറത്തേയ്ക്കു പായാൻ വെമ്പുകയായിരുന്നു. ഈയൊരൊറ്റ വിചാരത്താൽ വിവശനായ ആ രാജകുമാരൻ, ഒരുദിവസം പാതിരയ്ക്കു തന്റെ പ്രിയതമയേയും, ഓമനക്കുഞ്ഞിനേയും കൊട്ടാരത്തേയും ഉപേക്ഷിച്ചു യഥാർത്ഥലോകത്തിലേയ്ക്കു നടകൊണ്ടു!

വളരെക്കാലം സിദ്ധാർത്ഥൻ വിഷാദാകുലനായി അങ്ങിങ്ങു ചുറ്റിനടന്നു. (ഒടുവിൽ ഗയയിൽ ഒരാൽത്തറച്ചുവട്ടിൽച്ചെന്നു ധ്യാനത്തിലേർപ്പെട്ടു. ഒരു ദിവസം ആ സമാധിസമയത്ത് അദ്ദേഹത്തിന്ന് ഒരു ബോധോദയമുണ്ടായി. ഇങ്ങിനെയാണ് അദ്ദേഹം ബോധോദയമുണ്ടായ ആൾ എന്നർത്ഥത്തിലുള്ള ബുദ്ധൻ എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്.) പിന്നീട് ആ അരയാലിനെത്തന്നെ 'ബോധിവൃക്ഷം' എന്നാണ് വിളിച്ചുപോന്നത്.

ബുദ്ധൻ ആദ്യമായി തന്റെ തത്വം പ്രചരിപ്പിയ്ക്കാൻ തുടങ്ങിയത്, പുരാതനമായ കാശിയിൽ ഇസിപ്പ

ട്ടണമെന്നു വിളിയ്ക്കപ്പെട്ടിരുന്ന സോമനാഥത്തിലെ ഡിയർ പാക്കിൽ വെച്ചാണ്.

അഹിംസയും സദാചാരവുമാണ് അദ്ദേഹത്തിന്റെ തത്വത്തിലെ പ്രധാനങ്ങളായ രണ്ടു ഘടകങ്ങൾ. സത്യത്തരായി ജീവിയ്ക്കുവാൻ ജനങ്ങളോട് അദ്ദേഹം ഉപദേശിച്ചു. ഈശ്വരനെന്നും പറഞ്ഞു ചെയ്തിരുന്ന മൃഗബലിയെ അദ്ദേഹം കഠിനമായി ആക്ഷേപിച്ചു. അതിനുപകരം താന്താങ്ങളുടെ കാമക്രോധാദികളേയും മറ്റു നികൃഷ്ടതകളേയും ബലികഴിയ്ക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം സപ്രമാണം സമർത്ഥിച്ചു. അന്നാണ് അഹിംസ ലോകത്തിന്നാദ്യമായി ഉപദേശിയ്ക്കപ്പെട്ടത്.

ബുദ്ധന്റെ ജനനകാലത്തു വൈദികമതമാണ് ഇന്ത്യയിൽ പ്രചരിച്ചിരുന്നത്. എന്നാൽ അന്ധവിശ്വാസങ്ങളേടേയും അനാചാരങ്ങളേടേയും ഇരിപ്പിടമായിരുന്ന ആ മതം അടിയ്ക്കടി അധഃപതിച്ചുവന്നിരുന്ന കാലമായിരുന്നു അത്. ഈ സമയത്താണ് ബുദ്ധൻ സദാചാര പ്രസംഗങ്ങൾ നടത്തി അഹിംസയുടെ മതത്തെ പ്രചരിപ്പിയ്ക്കാൻ പ്രയത്നം ആരംഭിച്ചത്. ക്രമേണ അദ്ദേഹത്തിന്നു വളരെ വളരെ അനുയായികളുണ്ടായി. അങ്ങിനെ അദ്ദേഹം ബുദ്ധമതസന്യാസികളും സന്യാസിനികളുമടങ്ങിയ ഒട്ടനവധി സംഘങ്ങൾ സ്ഥാപിച്ചു.

കുറെക്കാലത്തേയ്ക്കു ബുദ്ധമതം വളരെയൊന്നും പ്രചരിയ്ക്കുകയുണ്ടായില്ല. പിൽക്കാലത്താണ് അത് ഇന്ത്യയിൽ സാർവ്വത്രികമായി പടർന്നുപിടിച്ചത്. എന്നാൽ ഇന്ത്യയിൽ ബുദ്ധമതം എന്ന പേരിൽ അതു വളരെക്കാലം പ്രചാരത്തിലിരുന്നില്ല. അതു ബ്രാഹ്മണമതത്തി

ലെ നിരവധി അനാചാരങ്ങളെ നീക്കംചെയ്തു, ക്രമേണ യായി ഹിന്ദുമതത്തിൽ ലയിച്ചു.

ബുദ്ധമതം ഇന്ത്യയിൽനിന്നു സിലോൺ ചൈന മുതലായ രാജ്യങ്ങളിലേയ്ക്കു വ്യാപിച്ചു. ജപ്പാൻ, ബർമ്മ, ടിബറ്റ് മുതലായ സ്ഥലങ്ങളിലും അതു പടർന്നുപിടിച്ചു. ഇന്നും ലോകത്തിലെ ഒരു ഭൂരിപക്ഷം ജനങ്ങളും ബുദ്ധ മതാനുസാരികളായിട്ടുണ്ട്. ക്രിസ്തുമതത്തിനും ഹിന്ദുമത ത്തിനുമുള്ളതിനേക്കാൾ കൂടുതൽ അനുയായികൾ ബുദ്ധ മതത്തിനുണ്ട്.

അഹിംസാപരമായ സദാചാരജീവിതമാണ് പര മമായ മനുഷ്യധർമ്മമെന്നു ലോകത്തെ ആദ്യമായി പഠി പ്പിച്ചതു ബുദ്ധനല്ലാതെ മറ്റാരുമല്ല.

അഹിംസ എന്നു തത്വത്തിൽ മനുഷ്യരെ ഉപദ്ര വിയ്ക്കാതിരിയ്ക്കുക എന്നു മാത്രമല്ല ബുദ്ധനുദ്ദേശിച്ചിട്ടുള്ള ത്. ജീവനുള്ള യാതൊരു പ്രാണിയേയും മനസാ വാചാ കർമ്മണാ ഉപദ്രവിയ്ക്കരുതെന്നുകൂടി ആ സിദ്ധാന്തത്തി നുദ്ദേശമുണ്ട്.

ഒരുദിവസം സിദ്ധാർത്ഥനും സ്നേഹിതന്മാരും കൂടി കളിച്ചുകൊണ്ടിരുന്നപ്പോൾ, ഒരാൾ ഒരു പ്രാവിനെ അ മ്പെയ്തു നിലംപതിപ്പിച്ചു. മുറിവേറുകിടന്നു പിടഞ്ഞി രുന്ന ആ പ്രാവിനെക്കണ്ട് അദ്ദേഹത്തിന്റെ കരളലി ഞ്ഞു. അദ്ദേഹം അതിനെ ചെന്നെടുത്ത് ആ മുറിവി ലെന്തോ പുരട്ടി അതിനെ തലോടി സുഖപ്പെടുത്തി. വേദന മാറിയെന്നുകണ്ടപ്പോൾ അതിനെ പറക്കാൻ വിടുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഈ സാർവ്വത്രികമായ സാഹോദര്യവും എന്തെന്നില്ലാത്ത സമസ്തജീവിസ്നേഹവും സമുൽകൃഷ്ടമായ സദാചാരനിഷ്ഠയും, ചെല്ലുന്ന ദിക്കിലെല്ലാം അദ്ദേഹത്തെ സല്ക്കരിച്ചാദരിയ്ക്കുന്നതിന്നിടയാക്കി.

ഇങ്ങിനെ തന്റെ ജീവകാലം മുഴുവൻ ഈ പരമമായ ധർമ്മത്തെ പ്രചരിപ്പിയ്ക്കാൻ വേണ്ടി ആ സാത്വികാത്മാവ് അത്യധ്വാനം ചെയ്തു. അദ്ദേഹം തന്റെ എണ്പതാമത്തെ വയസ്സിൽ നിത്യനിർവ്വാണമടഞ്ഞു!

രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു ബുദ്ധദേവനാൽ ആക്ഷേപിയ്ക്കപ്പെട്ട ദാരിദ്ര്യം, രോഗം, അസമത്വം മുതലായ ഭയങ്കരതകർ ഇന്നും മനുഷ്യസമുദായത്തെ കാന്താതിന്നുപോരുന്നു! അതിനാൽ അവയുടെ നിവാരണമാർഗ്ഗം അന്വേഷിച്ചുപിടിയ്ക്കാനാണ് നാമെല്ലാവരും യത്നിയ്ക്കേണ്ടത്. അതല്ലാതെ ബുദ്ധദേവന്റെ പ്രതിമകൾ വെച്ചു പൂജിച്ചിട്ടോ, ബുദ്ധക്ഷേത്രങ്ങൾ നിർമ്മിച്ചുവെച്ചിട്ടോ, അല്ല, ആ മഹാനുഭാവന്റെ മഹിതകൃത്യങ്ങളെ നാം അഭിനന്ദിച്ചാരാധിയ്ക്കേണ്ടത്.

ചോദ്യം:—

1. ക്രിസ്തുവിന്നുമുമ്പുള്ള ആറാം നൂറ്റാണ്ടിന്റെ മാഹാത്മ്യമെന്ത്?
2. ബുദ്ധന്റെ ജനനസ്ഥലം എവിടെയാണ്? ബുദ്ധന്റെ അച്ഛനാര്? അദ്ദേഹം ഏതു രാജ്യത്തെ രാജാവായിരുന്നു?
3. സിദ്ധാർത്ഥനു ഗൌതമനെന്നും—ബുദ്ധനെന്നുമുള്ള പേരുകൾ സിദ്ധിച്ചതെങ്ങിനെ?
4. ബുദ്ധനെ ലോകത്തിലെ കഷ്ടപ്പാടുകളറിയിയ്ക്കാതിരിയ്ക്കാൻ ശുദ്ധോദനൻ എടുത്ത ഉപായമെന്ത്?
5. ബുദ്ധമതസിദ്ധാന്തങ്ങളെന്ത്?

2. കമ്പിയില്ലാക്കമ്പിയും പ്രക്ഷേപിണിയും.

വിദ്യുൽപ്രവാഹം. യഥാതഥം.
പ്രസരിപ്പിയ്ക്കുക. വിപുലം.
വാർത്താനിവേദനം. അത്ഭുതസ്തിമിതൻ.

കമ്പിയടിയ്ക്കാനുള്ള ഏർപ്പാടുകൾ നമ്മളെല്ലാവരും കണ്ടിട്ടുണ്ടാവും. കാലുകൾ നാട്ടി കമ്പികൾ ബന്ധിച്ചിട്ടുള്ള ആ മാർഗ്ഗം വഴിയാണ് നാം 'കമ്പി'യെന്നു പറയുന്ന സന്ദേശങ്ങളയയ്ക്കാറുള്ളത്. നമുക്കു അവയെപ്പറ്റി അത്ര വളരെയൊന്നും അറിഞ്ഞുകൂടെങ്കിലും, വിദ്യുൽപ്രവാഹം ആ കമ്പികളിലൂടെ പ്രസരിപ്പിച്ചിട്ടാണ് വർത്തമാനങ്ങൾ അയയ്ക്കുന്നതെന്നു നാം മനസ്സിലാക്കിയിരിയ്ക്കും.

തീവണ്ടി റെയിലിന്മേലൂടെയാണല്ലോ ഓടുന്നത്. റെയിൽ എങ്ങാനും മുറിഞ്ഞാൽ വണ്ടി ഓടുകയില്ല. ഇതുപോലെത്തന്നെ കമ്പികൾക്കു മുറിവു പറ്റിയാൽ കമ്പിയടിയ്ക്കാനും വയ്യ. വലിയ കാറ്റടിയ്ക്കുമ്പോൾ കൊടുങ്കാറ്റുകൾക്കോ, വേണമെന്നുണ്ടെങ്കിൽ ജനങ്ങൾക്കുതന്നെ ഈ കമ്പികൾ മുറിച്ചിടാം. ഇങ്ങിനെ വല്ലതും സംഭവിച്ചാലാകട്ടെ, പിന്നെ ആ കമ്പി പൊട്ടിയ ഭാഗം വീണ്ടും നന്നാക്കുന്നതുവരെ വാർത്താനിവേദനത്തിനു നിവൃത്തിയില്ല. ഇതുമൂലം വലിയ വിഷമങ്ങൾ നേരിട്ടേയ്ക്കാനിടയുണ്ട്.

ഏവംവിധങ്ങളായ അനിഷ്ടഫലങ്ങളെപ്പറ്റി ഓ ത്തിട്ടുതന്നെയാവണം, കമ്പികൾക്രൂടാതെയും വാത്താനി വേദനം സാധിതമാക്കാനുള്ള വിദ്യ കണ്ടു പിടിയ്ക്കപ്പെ ട്ടത്. കമ്പിയടിയ്ക്കാനുള്ള ആദ്യത്തെ ഏറ്റ്പാടിനെ അ പേക്ഷിച്ച് ഈ പുതിയ പദ്ധതി ഒരു വലിയ പരിഷ്കാ രണമായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. കാരണം പു തിയ ഏറ്റ്പാടിൽ പഴയതിലെന്നപോലെ കമ്പി മുറി ഞ്ഞു വർത്തമാനഗതാഗതത്തിനു താല്ക്കാലികമായിട്ടെ കിലും തടസ്ഥം നേരിടുവാനില്ല.

ഇതുകൊണ്ടും വിശേഷബുദ്ധികളായ മനുഷ്യർ പ രിശ്രമം നിർത്തിയില്ല. ശാസ്ത്രജ്ഞാനികൾ, മനുഷ്യശ ബ്ദത്തെത്തന്നെ, കമ്പികളുടെ സാഹായ്യം ക്രൂടാതെ വി ദൂരസ്ഥലങ്ങളിലേയ്ക്കയയ്ക്കാനുള്ള ഉപായം ആരാഞ്ഞു തുടങ്ങി. അതിന്റെ ഫലമായിട്ടാണ് നാം ഏതാനും ദശാബ്ദങ്ങളായിട്ട് ഉപയോഗിച്ചുവരുന്ന 'വയർലസ്' നമുക്കു സിദ്ധിച്ചത്.

ടെലിഫോൺ നമ്മളിൽ പലരും കണ്ടിട്ടുണ്ടാകും; ചുരുക്കം ചിലർ ഉപയോഗിച്ചിട്ടുമുണ്ടാകും.

അലക്സാണ്ടർ ഗ്രഹാംബൽ എന്ന മാന്യനാണ് ടെ ലിഫോൺ ലോകത്തിനു സമ്മാനിച്ചത്. ഒന്നാമതാ യി ദൂരദിക്കിലേയ്ക്ക് ഒരു ടെലിഫോൺമാർഗ്ഗം ഉദ്ഘാട നം ചെയ്തത് ഇതിന്റെ നിർമ്മാതാവിന്റെ കൈകൊ ണ്ടുതന്നെയാണ്. ചിക്കാഗോവിൽനിന്നു ന്യൂയോർക്കിലേ യ്ക്കുള്ള ഈ ടെലിഫോൺമാർഗ്ഗം 1892-ൽ ഒക്ടോബർ 18-ാം തിയ്യതിയാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ഇന്ന് അതു ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള എല്ലാ വലിയ പട്ടണങ്ങളിലും പ്രചാരത്തിൽ വന്നിരിയ്ക്കുന്നു.

മുൻപറഞ്ഞപോലെ വിദ്യുച്ഛക്തികൊണ്ടു മനുഷ്യശബ്ദത്തെ ഉദ്ദിഷ്ടസ്ഥലത്തേയ്ക്കെത്തിച്ചിട്ടാണ് ഇതു സാധിയ്ക്കുന്നത്. അങ്ങിനെ എത്തിയ്ക്കപ്പെടുന്ന ശബ്ദം, ആ ആലം സംസാരിയ്ക്കുന്ന മട്ടിൽത്തന്നെ കേൾക്കുന്ന ആൾക്കനുഭവപ്പെടുകയും ചെയ്യും.

തീച്ചയായും ടെലിഫോൺ വളരെ പ്രയോജനകരമായ ഒരത്ഭുതവസ്തുതന്നെ. എന്നാൽ അതിനെത്തുടർന്നു പിന്നീടുണ്ടായ കണ്ടുപിടുത്തം—വയർലസ്, നമ്മുടെ അത്ഭുതത്തിന്റെ സീമകളെയെല്ലാം അതിവർത്തിച്ചിരിയ്ക്കുന്നു. ഈ യന്ത്രവിശേഷത്താൽ കമ്പികളൊന്നുംകൂടാതെ മനുഷ്യൻ സംസാരിയ്ക്കുന്നതിനെ, യഥാതഥം എത്ര ദൂരം വേണമെങ്കിലും എത്തിയ്ക്കാമെന്നു വന്നു. ഇന്നാകട്ടെ നിമിഷംപ്രതിയെന്നോണം, നമുക്കു കേൾക്കാനും കാണാനും കഴിയുന്നില്ലെങ്കിലും, സന്ദേശങ്ങൾ ലോകത്തിന്റെ ഒരു തലയ്ക്കൽനിന്നു മറെറത്തലയ്ക്കലേയ്ക്കു പറന്നണഞ്ഞുകൊണ്ടിരിയ്ക്കുന്നു!

ഇതെങ്ങിനെ സാധിയ്ക്കുന്നുവെന്നാണ് ഇനി നമുക്ക് ഒന്നാലോചിച്ചുനോക്കാനുള്ളത്.

ഒരു കുളത്തിലേയ്ക്ക് ഒരു കല്ലെടുത്തിട്ടാൽ ആ കല്ലു ചെന്നു വീണിടത്ത് ഒരിളക്കം ഉണ്ടാകുന്നതു കാണാം. അതായതു, കല്ലുചെന്നു വീണാൽ അവിടെ ഒരു ചപ്പിളിയുണ്ടാവുകയും വെള്ളം മേലോട്ടു വായുവിലേയ്ക്കു തെറിയ്ക്കുകയും ചെയ്യുന്നു. അതോടൊപ്പം ആ സ്ഥലത്തിന്നു ചു

റും കൊച്ചുലകം വലയാകൃതിയിൽ പരക്കുന്നു. ഈ തരംഗങ്ങളും കുളത്തിന്റെ കരകളിൽച്ചെന്നു പറ്റുമാറു പിന്നെപ്പിന്നെ പരന്നു വിപുലമായിത്തീരുന്നു. കല്ലു വീണ ദിക്കിലുണ്ടായ അലകളും സാമാന്യം വലുതായിരിയ്ക്കും; എന്നാൽ അവ അതിദൂരം പരക്കുംതോറും കാണെക്കാണെ ചെറുതായിത്തീരുന്നു. ഈ തരംഗങ്ങളും കരയ്ക്കണയുമ്പോഴയ്ക്കും, നമുക്കു കാണാൻ വയ്യാത്തത്ര ചെറുതാവും. കല്ലു വലുതാകുംതോറും കുളത്തിലുണ്ടാകുന്ന ചുഴികളിയും വലുതാകുമെന്നു നാമോർക്കണം. തരംഗങ്ങളുംകരയ്ക്കണയാൻ അധികം ദൂരം പോകാനുണ്ടെങ്കിൽ അവ അങ്ങെത്തുന്നതിനു മുമ്പ് അധികമധികം ചെറുതായിത്തീരും. ഈ വസ്തുതകളും കമ്പിയില്ലാക്കമ്പി പ്രവർത്തിയ്ക്കുന്നത് ഇന്ന വിധത്തിലാണെന്നു മനസ്സിലാക്കാൻ നമ്മെ സഹായിയ്ക്കും.

ഒരു കളിസ്ഥലത്തുനിന്ന് ഒരു കുട്ടി ഒച്ചയിട്ടാൽ, ഒരു ഭാഗത്തുള്ള കുട്ടികൾക്കല്ല, ആ കുട്ടിയുടെ നാലുഭാഗത്തുള്ളവർക്കും ഒച്ച കേൾക്കാം.

ഇതിന്റെ കാരണമെന്താവാം? കാരണം, ആ കുട്ടിയുടെ മുഖത്തുനിന്നു പുറപ്പെടുന്ന ശക്തി ശബ്ദതരംഗങ്ങളെ—ഇതു കുളത്തിലുണ്ടായിക്കണ്ട അലകളെപ്പോലെത്തന്നെയിരിയ്ക്കും— വായുവിലൂടെ സഞ്ചരിയ്ക്കാൻ വിടുന്നു. കല്ലു വെള്ളത്തിലിട്ടപ്പോളുണ്ടായ അല നമ്മുടെ ദൃഷ്ടികൾക്കു ഗോചരമാവാൻ കാരണം, വെള്ളം മനുഷ്യചക്ഷുസ്സുകൾക്കു കാണാവുന്നതായതുകൊണ്ടാണ്. കാറ്റു നമ്മുടെ ദൃഷ്ടിയ്ക്കു ഗോചരമല്ലാത്തതിനാൽ അതിൽ വ്യാപിച്ച അലയും നമുക്കദൃശ്യമായി. കല്ലു വെള്ളത്തിൽ

തരംഗങ്ങളളവാക്കിയതുപോലെ കുട്ടിയുടെ ശബ്ദം വായുവിൽ അലയുണ്ടാക്കി. ആ ശബ്ദതരംഗങ്ങൾ വായുവിലൂടെ വന്ന നമ്മുടെ ശരീരത്തിലടിയ്ക്കുന്നു. ശബ്ദം ഇടിയുടേതോ വെടിയുടേതോ പോലെ വലുതാണെങ്കിൽ അതിന്റെ ശബ്ദതരംഗങ്ങൾ നാം കുലുങ്ങി ഞെട്ടിപ്പോകുമാറു നമ്മുടെ ശരീരത്തിലാഞ്ഞടിയ്ക്കും. ശബ്ദതരംഗം നമ്മുടെ ശരീരത്തിലാകെ വന്നടിയ്ക്കുന്നുണ്ട്; കണ്ണുകളിൽക്കൂടി അടിയ്ക്കുന്നുണ്ട്—പക്ഷെ ചെവിയ്ക്കു മാത്രമേ അതനുഭവിയ്ക്കാനും അതിനെ ഗ്രഹിയ്ക്കാനും കഴിയൂ. ചെവിയ്ക്കു വല്ല കേടുമുണ്ടെങ്കിലല്ലാതെ, താദ്ദശശബ്ദതരംഗങ്ങൾ, ഗ്രാഹ്യമാവാതെ പോവില്ല.

ഈദ്ദശങ്ങളായ ശബ്ദതരംഗങ്ങളെ ശാസ്ത്രകാരന്മാർ വൈദ്യുതതരംഗങ്ങളാക്കി മാററി എത്ര ദൂരത്തേയ്ക്കും എത്തിയ്ക്കാമെന്നാക്കിയിരിയ്ക്കുന്നു.

ജലതരംഗങ്ങളെപ്പോലെയോ ശബ്ദതരംഗങ്ങളെപ്പോലെയോ, വൈദ്യുതതരംഗങ്ങൾക്കു സഞ്ചരിയ്ക്കാൻ ഒരു സവിശേഷമായ ആധാരം വേണ്ടാത്തതിനാൽ ഇവയ്ക്ക് ഏതു വമ്പിച്ച തടസ്ഥങ്ങളേയും തരണം ചെയ്യാം. അങ്ങിനെ, പരമാണുക്കൾക്കിടയിലുള്ള 'ഈതറി'ലൂടെ ഏതു തടസ്സവും തട്ടിനീക്കി കടന്നുപോരാവുന്ന ഈതരംഗങ്ങൾക്കു വെളിച്ചത്തിന്റെ വേഗത്തോടുകൂടി സഞ്ചരിയ്ക്കാനും കഴിയും.

ജലതരംഗങ്ങളെപ്പോലെ വിദ്യുത്പ്രകൃതിതരംഗങ്ങളുമുണ്ടെന്നും അവയ്ക്കു വെളിച്ചത്തിന്റെ വേഗത്തോടുകൂടി സഞ്ചരിയ്ക്കാമെന്നുമുള്ള മാക്സ്വെൽ എന്ന ശാസ്ത്ര


ജ്ഞന്റെ കണ്ടുപിടുത്തത്തെ ആസ്പദമാക്കി, സിനോർ മാർക്കോണിയെന്ന ഇറ്റാലിയൻ ഭൌതികശാസ്ത്രജ്ഞൻ നടത്തിയ പരീക്ഷണങ്ങളുടെ ഫലമാണ് കമ്പിയില്ലാക്കമ്പി.

ഒരാൾ സംസാരിയ്ക്കുന്നതിൽനിന്നുത്ഭവിയ്ക്കുന്ന ശബ്ദതരംഗങ്ങളെ ഒരു വൈദ്യുതയന്ത്രവിശേഷം ഗ്രഹിച്ചു വൈദ്യുതതരംഗങ്ങളാക്കി മാറുന്നു. ആ വൈദ്യുതതരംഗങ്ങളെ ഇളക്കിവിടുമ്പോൾ അവ ആകാശമണ്ഡലത്തിലൂടെ സർവ്വത്ര കൃതികൃതിച്ചെത്തുന്നു. ഈ വൈദ്യുതതരംഗങ്ങളെ വീണ്ടും ശബ്ദതരംഗങ്ങളാക്കി മാറുന്നതിനു വേണ്ടി, ഓരോ സ്വീകരണയന്ത്രം (റിസീവർ) വേണം. കമ്പിയില്ലാക്കമ്പിയുടെ ഏററവും പരിഷ്കൃരിച്ച ഈ യന്ത്രത്തിനു (Broad Casting Machine or Radio) 'പ്രക്ഷേപിണി' എന്നു പറയുന്നു. അനേകായിരം നാഴിക ദൂരെവെച്ചു സംസാരിയ്ക്കപ്പെടുന്നതിനെപ്പോലും, ഒരു മുറിയ്ക്കുള്ളിൽ അഭിമുഖമായിരുന്നു സംസാരിയ്ക്കുകയാണെന്നവിധം അത്രയും വ്യക്തവും വിശദവുമായി നമുക്കു കേൾക്കാറാക്കിത്തരാൻ ഈ 'പ്രക്ഷേപിണി'യ്ക്കു സാധിയ്ക്കും. ഒന്നു മാത്രം; ഒരു സ്വീകരണയന്ത്രം നമ്മുടെ അടുക്കലും ഉണ്ടായിരിയ്ക്കണം. അവനവന്റെ ചെവി മൂടാവുന്നതരത്തിലുള്ള സ്വീകരണയന്ത്രം (Head Phones) ഉപയോഗിയ്ക്കുകയാണെങ്കിൽ, ഉപയോഗിയ്ക്കുന്ന ആൾക്കു മാത്രമേ അതുപകരിയ്ക്കൂ. അടുത്തുള്ള മറാൾക്കും ആ യന്ത്രത്തിൽനിന്നുൽഗമിയ്ക്കുന്നതിനെ ശ്രവിയ്ക്കാൻ വയ്യ. ഇതു പരിഹരിയ്ക്കാൻ വേണ്ടിയുള്ളതാണ് ഉച്ചഭാഷിണി (Loud Speaker). അതു വിളിച്ചു

NAVIRUL ISLAM HIGH SCHOOL
Date.....
ERNAKULAM



ഉച്ചഭാഷിണി.



സ്വീകരണയന്ത്രം.

പറയുന്നത് അതിനു മുറുമുള്ള ഏതൊരാൾക്കും കേൾക്കാം.

പ്രക്ഷേപിണി ഒരു പൊതുജനോപകാരവസ്തുവായിത്തീർന്നു തുടങ്ങിയിരിയ്ക്കുന്നു. ജനങ്ങൾ തങ്ങളുടെ വീടുകളിലിരുന്നു വിദൂരങ്ങളിൽവെച്ചു നടക്കുന്ന പ്രസംഗങ്ങളും പാട്ടുകച്ചേരികളും കേട്ടാസ്വദിയ്ക്കുന്നു!

വെളിച്ചത്തെപ്പോലെ വൈദ്യുതതരംഗങ്ങൾക്കു നിമിഷത്തിൽ 1,86,000 നാഴിക ദൂരം സഞ്ചരിയ്ക്കാൻ കഴിയുന്നതുകൊണ്ട് ഇതെല്ലാം സംഭവിയ്ക്കുന്നതിന്, അതായത് അമേരിയ്ക്കയിൽ ഒരാൾ പ്രസംഗിയ്ക്കുന്നത് ഇന്ത്യയിൽ എത്തുന്നതിന്, ഒരു നിമിഷത്തിന്റെ ചെറിയൊരംശം മതി എന്നാലോചിയ്ക്കുമ്പോൾ ആരാണ് അത്ഭുതസ്തിമിതനാവാതിരിയ്ക്കുക?

ചോദ്യങ്ങൾ:

1. ടെലിഫോണിന്റെ നിർമ്മാതാവാര്?
2. കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ചതാര്?
3. വെളിച്ചത്തിന് ഒരു നിമിഷത്തിൽ എത്ര നാഴിക ദൂരം സഞ്ചരിയ്ക്കും?
4. ഉച്ചഭാഷിണികൊണ്ടുള്ള പ്രയോജനമെന്ത്?

3. കേരളം.

അപൂർവ്വശില്പീന്ദ്രൻ. ബ്രഹ്മവച്ചസം.
ദുരാധർഷം. അനുഭാവം.
സുകൃതൈകാവാപ്യം. കളകപാണം.

ഭാഗ്യദേവതാഭദ്രപ്രതിഷ്ഠയ്ക്കുംവണ്ണം
ഭാർഗ്ഗവമുനിയാകുമപൂർവ്വ ശില്പീന്ദ്രനാൽ,
തൻമഹാപരശ്വധമാമൊരായുധംകൊണ്ടു
നിർമ്മിതമിദം ഭജേ കേരളപുണ്യക്ഷേത്രം.
വടക്കും കിഴക്കും വന്മലകളും മതിലുകളും;
കടലാമാഴംക്രട്ടം കിടങ്ങു തെക്കും മേക്കും;
പ്രകൃത്യാ ദുരാധർഷം, പ്രകൃത്യാ രമണീയം
സുകൃതൈകാവാപ്യം ഹാ ദേവി, നിൻ വാസസ്ഥാനം!
താഴ്ചയുമുയർച്ചയുമെന്നുള്ള ഭേദം പുറം-
കാഴ്ചയിൽമാത്രം നിനക്കൈതോദയർഭവേ!
പറയക്കുടിൽപോലും ബ്രഹ്മവച്ചസംകൊണ്ടു
നിറയുമാറാക്കുന്നൊന്നല്ലീ നിന്നനുഭാവം!
നിൻകോവിലുകത്തുനിന്നുച്ചത്തിൽ പ്രസരിച്ച
ശങ്കര ശ്രീമൽകണ്ണമന്ത്രമംഗളശബ്ദം
ഭയദമാകും പൈതബുദ്ധിയാം തമസ്സിങ്കൽ
മയങ്ങും ജഗത്തിനെയെത്രമേലുണർത്തീലാ?
നിന്നിൽ വാഴംകൊണ്ടു കരിംക്രുവളപ്പൂമാലയും
മിന്നിയ പരിചയാൽ കുങ്കുമപ്പൊട്ടും ചാർത്തി,
ധന്യയാം ഭവതിയെസ്സേവിച്ചു വീരശ്രീ പ-
ണ്ടന്യതോ ദുഷ്പ്രാപമാം സുപ്രശസ്തിയെ നേടീ.

പേരാറും പെരിയാറും മറുമാം നനക്കാരാൽ
ധാരാളം വളത്തപ്പെട്ടുള്ള നിന്നാരാമത്തിൽ
തേൻകനി നകൻകൊണ്ടങ്ങിങ്ങു തത്തിപ്പാറി-
പ്പൈങ്കിളി പാട്ടം പാട്ടും പണ്ഡിതക്കൊരു വേദം!

കാറകന്നിതാ, വാനം തുവെള്ളവിതാനമായ്;
ചാരുകുമ്മായംതേച്ച മട്ടിലായ് ദിഗ്ഭിത്തികളും;
തെളിപൊയ്കകം പൂകിത്തണ്ടലർമണം വീശും
കുളിർകാറേററു പല കൊടികളും ക്രുത്താട്ടുന്നു;
സൌരച്ചൈകതിരുകളും പട്ടകൾക്കുള്ളിൽച്ചിന്നും
കേരങ്ങളാകെ ചീലിക്കുടകൾ പൊങ്ങിക്കാണ്മൂ;
കൈവില്ലിൻ കുളകപാണം കലന്നു കിടാങ്ങളന്തൻ
പൂവിളിക്കോലാഹലം പൂരിയ്ക്കുന്നിതു നീളേ.

നെല്ലുകൾ വിളഞ്ഞുള്ള പാടവും തുമഞ്ഞപ്പ-
ട്ടില്ലാസാലൂട്ടത്തണിത്തുമ്പപ്പൂ ഹാരത്തോടും
നൂതനനാനാസസ്യശ്യാമളോത്തരിയയായ്
ശ്രീതഴച്ചുരുളുന്ന നിന്തിരുവടിയുടെ
ശ്രാവണോത്സവം ദൂരാലിവിടെയ്ക്കാകഷ്ടിപ്പൂ
ദേവലോകൈശപ്തഭ്രക്കായ മാബലിയേയും.
ഹന്ത, നിൻ സൌഭാഗ്യമേ സൌഭാഗ്യമമ്മേ! ഞങ്ങൾ-
ക്കെന്തിതില്പരം വേണ്ടൂ? നിന്മക്കളല്ലോ ഞങ്ങൾ!

4. യുളിസസ്സ്.

കരാളം.	ആനന്ദതുന്ദിലർ.
കരവാളം.	അനിവ്വചനീയം.
കമ്പിതഗാത്രർ.	മാദകം.

പ്രാചീനകാലങ്ങളിലെ സഞ്ചാരികളിൽ ഏറവും പ്രശസ്തനായ ഒരു സമുദ്രസഞ്ചാരിയാണ് യുളിസസ്സ്. വിശ്വമഹാകവികളിലൊരാളായ ഹോമർ എന്ന ഗ്രീക്ക മഹാകവി, ഒഡിസ്സി എന്ന തന്റെ വിശ്വോത്തരഗ്രന്ഥത്തിൽ യുളിസസ്സിന്റെ ധീരകൃത്യങ്ങളെ വർണ്ണിച്ചിട്ടുള്ളതുകൊണ്ടാണ് യുളിസസ്സ് ഇത്രയും പ്രഖ്യാതനായതെന്നുള്ളതുകൂടി പ്രസ്താവ്യമത്രേ. ഒഡിസ്സിയസ്സ് എന്നാണ് യുളിസസ്സിന്റെ ഗ്രീക്കുനാമധേയമെങ്കിലും അയാളറിയപ്പെട്ടന്നത് അധികവും യുളിസസ്സ് എന്ന പേരിലാണ്.

യുളിസസ്സ് ആപൽഗർത്തങ്ങളിലകപ്പെട്ട പല ധീരകൃത്യങ്ങളും ചെയ്തുണ്ടായിട്ടുണ്ട്. അതിലൊന്നാമത്തേതു സൈക്ലോപ്സ് എന്ന ഒറക്കണ്ണനായ രാക്ഷസനുമായി ഏറമുട്ടിയതാണ്.

യുളിസസ്സ് മറനേകം ഗ്രീക്കുനാടുവാഴികളോടുകൂടി ഏഷ്യാമൈനറിന്റെ പശ്ചിമതീരത്തു സ്ഥിതിചെയ്തിരുന്ന ട്രോയ്നഗരത്തെ ആക്രമിച്ചു കൈക്കലാക്കുകയുണ്ടായി. ട്രോയ്നഗരം ഇപ്പോൾ നശിച്ചുരിയുന്നുവെങ്കിലും, ഒരു വിശ്വമഹാകവിയുടെ ഭാവനാവിലാസം ആനഗരത്തെ അനശ്വരമാക്കിത്തീർത്തിരിയുന്നു. ട്രോയ്നഗരം പിടിച്ചെടുത്തു, യുളിസസ്സ്, ഗ്രീസ്സിന്റെ പശ്ചിമ

തീരത്തു സ്ഥിതിചെയ്യുന്ന ഇത്താക്കി എന്ന കൊച്ചുദ്വീപിലുള്ള തന്റെ ഗൃഹത്തിലേയ്ക്കു കുറെ ആൾക്കാരോട്ടുകൂടി തിരിച്ചു. എന്നാൽ വഴിയ്ക്കുവെച്ചു കൊടുങ്കാറ്റുമൂലം അത്യധികം നട്ടംതിരിയേണ്ടിവന്നു. കൊടുങ്കാറ്റുകൊണ്ടു ചുറ്റിത്തിരിഞ്ഞ കപ്പൽ ചെന്നണഞ്ഞതു് സൈക്ലോപ്സിന്റെ രാജ്യത്തിലാണു്. കപ്പൽ കരയ്ക്കണഞ്ഞപ്പോൾ, ഏറ്റവും ധീരന്മാരായ പന്ത്രണ്ടാളുകളെക്കൂടെ കൂട്ടി, ബാക്കിയുള്ളവരെ കപ്പൽ കാക്കാൻ വിട്ടുംവെച്ചു യുളിസസ്സ് അവിടെനിന്നു പോയി.

കടൽക്കരയിൽനിന്നു നന്നെ അകലത്തല്ലാതെ കല്ലുകൊണ്ടു നിർമ്മിയ്ക്കപ്പെട്ട ഒരു ഗുഹ യുളിസസ്സും കൂട്ടരും കണ്ടെത്തി. അതിന്റെ മുമ്പിൽ ഒരു ചെമ്മരിയാട്ടിൻകൂട്ടങ്ങളായിരുന്നു. സൈക്ലോപ്സിന്റെ ഗുഹയായിരുന്നു അതു്.

യുളിസസ്സ് തന്റെ കരാളമായ കരവാളമൂരിപ്പിടിച്ചു വീഞ്ഞുനിറച്ച ഒരാട്ടിൻതോൽസ്സഞ്ചിയും തോളിലേന്തി, കൂട്ടുകാരോടുകൂടി സധൈര്യം ആ ഗഹ്വരത്തിൽ പ്രവേശിച്ചു.

ഗുഹയുടെ അന്തർഭാഗത്തു ചില ആട്ടിൻകൂട്ടങ്ങൾ കാണപ്പെട്ടു. അതിൽ കുറെ ചെമ്മരിയാടിൻകുട്ടികളും കോലാട്ടിൻകുട്ടികളുമുണ്ടായിരുന്നു. ക്രമാതെ പാല്കുട്ടി നിറച്ചുവെച്ചിട്ടുള്ള കൊട്ടകൾ, പാലു നിറച്ചുവെച്ചിട്ടുള്ള പാൽപ്പാത്രങ്ങൾ മുതലായവയും അവർ കണ്ടെത്തി. സൈക്ലോപ്സ് ആടുകളെ മേയ്ക്കാനായി ആ കുന്നിന്മുകളിലേയ്ക്കു പോയിരിയ്ക്കയായിരുന്നു. അവിടെ ആരുമുണ്ടായിരുന്നില്ല.

യുളിസസ്സിന്റെ കൂട്ടുകാർക്കു പേടിപിടിച്ചു. ആ ഗുഹ വല്ല രാക്ഷസന്മാരുടേതുമാവാമെന്നും, അവിടെ അധികം നേരം കിടന്നുതിരിയുന്നത് ആപൽക്കരമാണെന്നും അവർ യുളിസസ്സിനെ ധരിപ്പിച്ചു. കുറെ ആടുകളേയും പാല്കുട്ടിയും മറ്റുമെടുത്ത് ഉടൻ അവിടം വിടാൻവേണ്ടി അവർ പലപാടു പറഞ്ഞുനോക്കി. എന്നാൽ ആ രാക്ഷസൻ ആരാണെന്നറിയണമെന്നായി യുളിസസ്സിന്ന്. അതിനാൽ അവർ സൈക്ലോപ്സിന്റെ വരവുകാത്ത്, ആ ഗുഹയിലെ ഒരിരുട്ടടഞ്ഞ മുക്കിലൊളിച്ചിരുന്നു.

നേരം സന്ധ്യയായപ്പോൾ സൈക്ലോപ്സ് തന്റെ ആടുകളെ ആട്ടിത്തെളിച്ചു ഗുഹയിലേയ്ക്കു വന്നു. ഒരിരുപതടി പൊക്കമുള്ള ഒരു ക്രൂരൻ രാക്ഷസനായിരുന്നു സൈക്ലോപ്സ്. അയാൾക്ക് ഒരൊറ്റ കണ്ണേ ഉണ്ടായിരുന്നുള്ളു; അതും നെറ്റിയുടെ മധ്യത്തിൽ! ഇതയാളുടെ ഭയങ്കരാകൃതിയുടെ ഭീകരതയെ ദ്വിഗുണീഭവിപ്പിച്ചു. ആ രാക്ഷസൻ തീകത്തിയ്ക്കുവാൻവേണ്ടി കൊണ്ടുവന്നിരുന്ന ഒരു വലിയ കെട്ടു വിറകു വല്ലാതെ ഒച്ചപ്പെടുത്തിക്കൊണ്ട് ആ ഗുഹാമുഖത്തിട്ടു; എന്നിട്ട് ആടുകളെയൊക്കെ ഗുഹയിലേയ്ക്കു കടത്തി, താനും ഗുഹയ്ക്കുള്ളിലേയ്ക്കു കടന്നു. അതിനുശേഷം ഒരിരുപതാളുകൾക്കു കൂടിയാൽ പിടിച്ചുവിളക്കാൻ കഴിയാത്ത ഒരു പടുക്രൂരൻ പാറക്കല്ലെടുത്ത് ആ ഗുഹാപ്പഴുതടച്ചു.

ഇതെല്ലാം കണ്ടപ്പോൾ താൻ ഒരു കെണിയിൽപ്പെട്ടിരിയ്ക്കുന്നുവെന്നു യുളിസസ്സിനു മനസ്സിലായി; തന്റെ കൂട്ടുകാർ പറഞ്ഞതു ശ്രദ്ധിയ്ക്കാത്തതിൽ അയാൾക്കു പശ്ചാത്തപം തോന്നി.

സൈക്ലോപ്സ് ആടുകളെ കറന്നു പകുതി കടഞ്ഞു പാല്കട്ടിയുണ്ടാക്കാനും, പകുതി അത്താഴത്തിന്നുമായി തിരിച്ചുവെച്ചു. എന്നിട്ടു വിറകെടുത്തു തീപ്പൂട്ടി കത്തിച്ചു.

തങ്ങളെ കാണാതെകഴിച്ചുകൂട്ടാമെന്നു് ആശിച്ചിരുന്ന യുളിസസ്സിന്റെയും കൂട്ടുകാരുടെയും ആശകളെല്ലാം നിഷ്ഫലമായി. തീ ആളിക്കത്താൻ തുടങ്ങിയപ്പോൾ ആ ഇരുളടഞ്ഞ മൂലകളെല്ലാം പ്രകാശമാനങ്ങളായി; യുളിസസ്സും കൂട്ടരും ഭയചകിതരായി.

സൈക്ലോപ്സ് ആ വെളിച്ചത്തിൽ അവരെ കണ്ടെത്തി. അയാൾ അവരെ അഭിമുഖീകരിച്ചു മേഘനിർഘ്ഘോഷംപോലെ ഇങ്ങിനെ ഗർജ്ജിച്ചു.

"ഹേ, അപരിചിതന്മാരേ, നിങ്ങളാരാണു്? കപ്പൽയാത്ര ചെയ്തു നിങ്ങളിവിടെ എത്തിച്ചേർന്നതെന്തിനാണു്? നിങ്ങൾ വ്യാപാരത്തിന്നായി സഞ്ചരിയ്ക്കുന്നവരോ, അതോ കൊള്ളക്കാരോ? അതോ കഴുത്തുമുറിയന്മാരായ കടൽക്കള്ളന്മാരോ?"

സൈക്ലോപ്സിന്റെ ഈ ഗർജ്ജനം യുളിസസ്സിനേയും കൂട്ടുകാരേയും നടുക്കിക്കളഞ്ഞു; അവർ കമ്പിതഗാത്രരായി. യുളിസസ്സ് ഇങ്ങിനെ പ്രത്യുത്തരം നല്കി:

"ഞങ്ങൾ വ്യാപാരികളോ കടൽക്കള്ളന്മാരോ അല്ല. ട്രോയ്നഗരത്തെ ആക്രമിച്ചു കീഴടക്കി വീട്ടിലേയ്ക്കു തിരിച്ചുപോകുന്നവഴി കൊടുങ്കാറ്റുമൂലം കപ്പൽമാർഗ്ഗംതെറ്റി ഈ ദ്വീപിലെത്തിച്ചേർന്നതാണ്. ഞങ്ങളിൽ ദയയുണ്ടാവണം; ഞങ്ങൾക്കു ഭക്ഷണം വല്ലതും തന്നു ഞങ്ങളെ അനുഗ്രഹിച്ചാലും. ഞങ്ങളെ അനുഗ്രഹിയ്ക്കു

ന്നതായാൽ ഞങ്ങളുടെ ദേവന്മാർ നിങ്ങളെ ആശീർവ്വദിയ്ക്കും. അല്ലെങ്കിൽ, ദേവന്മാർ നിങ്ങളെ ശിക്ഷിയ്ക്കാതിരിയ്ക്കുകയില്ല."

യുളിസസ്സിന്റെ ഈ പ്രത്യുത്തരം വല്ലാത്ത അവജ്ഞയോടും ജുഗുപ്സയോടും ക്രൂടിയാണ് സൈക്ലോപ്സ് കേട്ടത്. അയാൾ പരിഹാസസ്വരത്തിൽ പൊട്ടിച്ചിരിച്ചു. താമസമുണ്ടായില്ല, ആ ഭീമകായൻ തന്റെ ഇരുമ്പുകയ്യുകൾ നീട്ടി യുളിസസ്സിന്റെ ക്രൂട്ടുകാരിൽ രണ്ടുപേരെ പിടിച്ച്, അവരുടെ തല നിലത്തു തട്ടിയുടച്ചു കൊത്തിനുറുക്കി കൊറാക്കിഴിഞ്ഞു. യുളിസസ്സും ബാക്കി ക്രൂട്ടുകാരും ഈ ദയനീയമായ ഭയങ്കരക്കാഴ്ച കണ്ടു സഹിയ്ക്കാഞ്ഞ് അനിർവ്വചനീയമായ നൈരാശ്യം കൊണ്ടും ഖേദംകൊണ്ടും വ്യഗ്രിതചിത്തരായി മൌനം പൂണ്ടിരുന്നു. സൈക്ലോപ്സ് അത്താഴം കഴിഞ്ഞു ആട്ടിൻപറ്റങ്ങളുടെ ഇടയിൽക്കിടന്നു നിർബ്ബാധം ഉറക്കമായി. ആ ഭയങ്കരൻ കിടന്നുറങ്ങുമ്പോൾ, വാളരി ആ വിസ്തൃതോരസ്സിൽ കുത്തിയിറക്കാൻ യുളിസസ്സിനു തോന്നായ്കയല്ല; പക്ഷെ ആ രാക്ഷസനെ കൊന്നുകളഞ്ഞാൽ ഗുഹാമുഖമടച്ചിരിയ്ക്കുന്ന കല്ലുനീക്കാൻ കഴിയില്ലെന്ന് അയാൾ സ്മരിച്ചു. അതിനാൽ അവരെല്ലാവരും ശോകാകുലരായി പ്രഭാതത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

നേരം പ്രഭാതമായപ്പോൾ, സൈക്ലോപ്സ് ആടുകളെ കറന്നു. തലേദിവസത്തെപ്പോലെ യുളിസസ്സിന്റെ ക്രൂട്ടുകാരിൽ രണ്ടുപേരെക്കൂടി വെട്ടിനുറുക്കി തീൻ കഴിച്ചു. അങ്ങിനെ പ്രാതൽ കഴിച്ചു ഗുഹാമുഖത്തെ കല്ലു

ള്ളിനീക്കി ആടുകളേയുംകൊണ്ടു പുറത്തേയ്ക്കു പോയി. പോകുമ്പോൾ ഗുഹയുടെ ദ്വാരം കല്ലെടുത്തടയ്ക്കാൻ അയാൾ മറന്നില്ല. യുളിസസ്സും കൂട്ടുകാരും ബന്ധനസ്ഥരായി. യുളിസസ്സ് ചിന്താമഗ്നനായി. സൈക്ലോപ്സ് ആട്ടിൻക്രൂട്ടത്തെ തെളിച്ചു പുളംവിളിച്ചുകൊണ്ടു മലമുകളിലേയ്ക്കു പോകുന്ന ശബ്ദം ആ ഗുഹാന്തർഭാഗത്തുനിന്നു കേൾക്കാമായിരുന്നു. ✓

സൈക്ലോപ്സിനോടു പ്രതികാരംചെയ്യേണ്ടതു് എങ്ങിനെയാണെന്നായിരുന്നു യുളിസസ്സാലോചിച്ചിരുന്നതു്. സ്വല്പം ആലോചിച്ചപ്പോൾ അയാൾക്കൊരു യുക്തി തോന്നി. അവിടെ ആട്ടിൻക്രൂട്ടിന്നടുത്തു് ഒരു വലിയ മരത്തടി കിടന്നിരുന്നു. അതൊരു കുപ്പലിന്റെ പായ്മരംപോലെ അത്ര വലുതായിരുന്നു. യുളിസസ്സു് ഈ മരത്തടിയിൽനിന്നു് ആറടി നീളത്തിലുള്ള ഒരു കഷ്ണം മുറിച്ചെടുത്തു് കമ്പുകൾ ചെത്തി മിനുസപ്പെടുത്തി, അതിന്റെ ഒരു തല കൂർപ്പിച്ചു. എന്നിട്ടു തീയ്യിൽവെച്ചു മുനയ്ക്കു മൂപ്പുകൂട്ടി. രാക്ഷസൻ മടങ്ങിവന്നു കിടന്നുറക്കമായാൽ ആ കുന്തം ആയാളുടെ കണ്ണിൽ കുത്തിക്കേറ്റാൻവേണ്ടിയാണു് യുളിസസ്സ് ഇതു രയ്യാറാക്കിയതു്. യുളിസസ്സു് അതിന്നുള്ള ആൾക്കാരെ ശട്ടംകെട്ടി, ആ കുന്തം ഗുഹയുടെ ഒരുഭാഗത്തായി കിടന്നിരുന്ന ചപ്പുചവറിൽ ഒളിച്ചുവെച്ചു.

വൈകുന്നേരമായപ്പോൾ സൈക്ലോപ്സ് ആട്ടിൻക്രൂട്ടങ്ങളേയുംകൊണ്ടു തിരിച്ചെത്തി. അയാൾ പതിവിൻപടി ഗുഹയടച്ചു, ആടുകളെ കറന്നു. യുളിസസ്സിന്റെ ആൾക്കാരിൽ രണ്ടുപേരെ പിടിച്ചു് അത്താഴമൂട്ടിന്നൊ

ഇടതൂർന്ന രോമങ്ങൾ തൂങ്ങുന്ന കുറെ കൊറ്റനാടുകളെ തി
രഞ്ഞുപിടിച്ചു, മുമ്മൂന്നെണ്ണമായി ക്രൂട്ടിക്കെട്ടി. ഇങ്ങനെ
ഗത്തും ഓരോ കൊറ്റനാടു നടക്കുമ്പോൾ ഒരാളെ പുറ
ത്തേയ്ക്കു കാണാതെ അവിടിൽ വെച്ചുകൊണ്ടുപോകാൻ
നടുവിലുള്ള കൊറ്റനാടിന്റെ കഴിയുമെന്നു യുളിസസ്സു പ
രീക്ഷിച്ചറിഞ്ഞു. അങ്ങിനെ ക്രൂട്ടുകാരെ മുഴുവൻ കൊറ്റ
നാടിന്റെ അവിടിൽ കെട്ടിയിട്ടു. സൈക്ലോപ്സിന്റെ
കണ്ണിലുണ്ണിയായ ഒരാട്ടുണ്ടായിരുന്നു. യുളിസസ്സ് ആ
ആടിന്റെ അവിടിൽ സ്വയം ബന്ധിച്ച് അതിന്റെ
മുതുരോമങ്ങളോടു പറ്റിപ്പിടിച്ചിരുന്നു.

നേരം പുലർന്നപ്പോൾ ആട്ടുകൂട്ടം മേയാനായി ഗുഹ
യുടെ പുറത്തേയ്ക്കു നടയായി. പെണ്ണാട്ടുകൂട്ടം കുറച്ചു
നേരവും കാത്തുകൊണ്ടു നിന്നു. കൊറ്റനാട്ടുകൂട്ടം കടന്നു
പോകുമ്പോൾ സൈക്ലോപ്സ് അവയുടെ പുറത്തൊക്കെ
തടവിനോക്കാതിരുന്നില്ല. എന്നാൽ അവയുടെ അവി
ടിലൊന്നും അയാൾ തലോടിനോക്കുകയുണ്ടായില്ല. ഒടു
വിൽ യുളിസസ്സിനെ വഹിച്ചിരുന്ന ആട്ടും പുറത്തേയ്ക്കു
കടന്നു. ആ ആട്ടു പതുക്കെപ്പതുക്കെ മാത്രമേ നടന്നി
രുന്നുള്ളൂ. പതിവായി മുമ്പേ നടന്നിരുന്ന ആ ആട്ട്
അന്നു പിന്നിൽപ്പെട്ടുപോയിരുന്നു. അതു തന്നെക്കുറി
ച്ചുള്ള വ്യസനംകൊണ്ടാവാമെന്നു സൈക്ലോപ്സ് വ്യാ
ഖ്യാനിച്ചു.

ഗുഹവിട്ടു കുറച്ചു ദൂരം ചെന്നപ്പോൾ യുളിസസ്സ്
ആടിന്റെ അവിടിൽനിന്നു സ്വയം കെട്ടഴിച്ചു താഴെ
യിറങ്ങി. എന്നിട്ടു ക്രൂട്ടുകാരേയും അഴിച്ചു വിട്ടു. അവർ

ആറ്റാദ്ഭരിതരായി കപ്പൽ നില്ക്കുന്ന ദിക്കിലേയ്ക്കു പോയി.

കപ്പലിലുള്ള സ്നേഹിതന്മാർ യുളിസസ്സിനേയും മറ്റും കണ്ട് ആനന്ദഭരിതരായെങ്കിലും, ക്രൂട്ടകാരിൽച്ചിലർ നഷ്ടപ്പെട്ടതറിഞ്ഞ് അവക്ക് വ്യസനവുമുണ്ടായി.

കപ്പൽ നീങ്ങിയപ്പോൾ യുളിസസ്സ് സൈക്ലോപ്സിന്റെ ഗുഹയുടെ നേർക്ക് തിരിഞ്ഞു, സൈക്ലോപ്സ് ചെയ്ത ദുഷ്കൃത്യങ്ങൾക്കുള്ള പ്രതികാരമാണ് അതെന്ന് അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു. അതു കേട്ടപ്പോഴേയുളിസസ്സും മറ്റും തന്നെ കബളിച്ചു ചാടിക്കളഞ്ഞ കഥ സൈക്ലോപ്സിനു മനസ്സിലായിയുള്ളൂ! സൈക്ലോപ്സിനുണ്ടായ ക്രോധത്തിനു കയ്യുംകണക്കുമില്ലായിരുന്നു! യുളിസസ്സ് പോകുന്നപോക്കിൽ ഇതുകൂടി ഉദ്ഘോഷിച്ചു. "സൈക്ലോപ്സ്, നിങ്ങളെ അന്ധനാക്കിയതാരാണെന്നു വല്ലവരും ചോദിച്ചാൽ, ഒഡിസ്സിയസ്സാണെന്നു പറഞ്ഞേയ്ക്കൂ. ലയേർട്ടസ്സിന്റെ മകൻ ഒഡിസ്സിയസ്സ്. ഇത്താക്കയിലാണ് അയാളുടെ വീട്."

ഇതു കേട്ടപ്പോൾ തനിയ്ക്കു ഒഡിസ്സിയസ്സിന്റെ കൈകൊണ്ടാണ് മരണമെന്ന് ഒരു ദീർഘദർശി മുമ്പു പ്രവചിച്ചിരുന്നതു സൈക്ലോപ്സ് സ്മരിച്ചു. അരിശംമൂത്ത സൈക്ലോപ്സ് സമുദ്രത്തിന്റെ അധിദേവതയും തന്റെ പിതാവുമായ വരുണനോട് ഒഡിസ്സിയസ്സിനെ വീടണയ്ക്കരുതെന്ന് ഉള്ളുഴിഞ്ഞു പ്രാർത്ഥിച്ചു. പരമാവധി യുളിസസ്സ് വീട്ടിലെത്തിച്ചേർന്നാൽത്തന്നെയും അയാളുടെ കപ്പലും ചങ്ങാതിമാരും നശിച്ചുപോകാൻ അയാളപേക്ഷിച്ചു.

ഇതു പറഞ്ഞ് അയാൾ ഒരു ക്രൂരൻ പാറക്കല്ലെടുത്ത് യൂദിസസ്സിന്റെ കപ്പലിന്മേലേയ്ക്കെറിഞ്ഞു. ഈ പാറക്കല്ല് കപ്പലിന്റെ ശരിയ്ക്കു പിന്നിൽച്ചെന്നു വീഴുകയാൽ അതിന്റെ ഉരുക്കുകൊണ്ടു കപ്പൽ മുന്നോട്ടു കുതിച്ചു പാഞ്ഞു.

ചോദ്യങ്ങൾ:

1. യൂദിസസ്സിന്റെ ഗ്രീക്കുപേരെന്ത്? യൂദിസസ്സിന്റെ നാമധേയം ഇത്രയും സുപ്രസിദ്ധമായിത്തീരാൻ കാരണമെന്ത്?
2. ഹോമറിന്റെ സപ്തദേശമേത്? അദ്ദേഹം ആരാണ്? അദ്ദേഹം രചിച്ച വിശേഷാത്തരമായ ഗ്രന്ഥത്തിന്റെ പേരെന്ത്?
3. യൂദിസസ്സ് ഏതു നഗരത്തെയാണ് ആക്രമിച്ചു കീഴടക്കിയത്?
4. യൂദിസസ്സിനു പറ്റിയ അപകടം ചുരുക്കിപ്പറയുക.
5. സൈക്ലോപ്പിനെ പറ്റിയ്ക്കുവാൻ യൂദിസസ്സെടുത്ത സൂത്രമെന്ത്?

5. സോപ്പ്.

തീക്ഷ്ണക്ഷാരം. ഓതപ്രോതം. ദണ്ഡാഹനൻ.

ഈഞ്ച, വാക, പയർപ്പൊടി, പിണ്ണാക്ക്, ചീവക്ക, താളി എന്നിവയാണ് പണ്ടെല്ലാവർ മേൽതേയ്ക്കാനും മെഴുക്കിളക്കാനും ഉപയോഗിച്ചിരുന്നത്. ഈ മാതിരി പദാർത്ഥങ്ങളിലെല്ലാം "സാപ്പോണിൻ" എന്നൊരു ദ്രവ്യമുണ്ടെന്ന് ആധുനികപ്രകൃതിശാസ്ത്രജ്ഞർ കണ്ടുപിടിച്ചിട്ടുണ്ട്. ഈ സാധനമാണ് അഴുക്കും മെഴുക്കും കളയുന്നത്.

"സാപ്പോണിൻ" അടങ്ങിയ പദാർത്ഥങ്ങളും സോപ്പിനേക്കാളും നല്ല സാധനങ്ങളാണ്. തോൽ പരുക്കനാ

വുക, തോലുരിഞ്ഞുപോവുക, തലരോമം കൊഴിഞ്ഞു പോവുക, കണ്ണിനു പഴപ്പും കേടും തട്ടുക എന്നീ ദോഷങ്ങളും സോപ്പ്—പ്രത്യേകിച്ചു ചീത്ത സോപ്പ്—ഉപയോഗിയ്ക്കുന്നതുകൊണ്ടുണ്ടാകാനിടയുണ്ട്. പക്ഷേ ഈ ദോഷങ്ങളൊന്നും സാപ്പോണിനില്ല.

എന്നാൽ ഇപ്പോഴത്തെ പരിഷ്കാരത്തിന്റെ ബഹുപ്പാടിനും ബഹളത്തിനും, ബാഹുല്യത്തിനും, മുമ്പു പറഞ്ഞ സാധനങ്ങളും പയ്യാപ്പങ്ങളല്ല. പണ്ടത്തെപ്പോലെ പതിഞ്ഞമട്ടിൽ ആറിലും തോട്ടിലും കുളത്തിലും കുളിപ്പാൻ ഇപ്പോഴത്തെ ആളുകൾക്കു നേരമില്ല; എന്നുമാത്രമല്ല പട്ടണങ്ങളിൽ ജനസംഖ്യ വർദ്ധിച്ചുവരുന്നതുകൊണ്ട് ഇവക്കെല്ലാം ദേഹശുദ്ധി വരുത്താൻ വേണ്ടതായ പട്ടസാമാനങ്ങളും—വാകപ്പൊടി ഈഞ്ച മുതലായവ—സംഭരിച്ചുവെയ്ക്കുന്നതും പ്രയാസംതന്നെ. അതുകൊണ്ടു പരിഷ്കൃതജീവിതത്തിൽ ദേഹശുദ്ധീകരണത്തിനു സോപ്പ് അത്യാവശ്യമായിവന്നിരിയ്ക്കുന്നു.

സ്നേഹപദാർത്ഥങ്ങളും—എണ്ണകളും—തീക്ഷ്ണക്ഷാരങ്ങളും തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന പദാർത്ഥമാണ് സോപ്പ്. ഇതിന് എളുപ്പത്തിൽ മെഴുക്കും അഴുക്കും കളയുവാൻ സാധിയ്ക്കും. സോപ്പ് ഇപ്പോൾ പ്രായേണ എല്ലാവരും ഉപയോഗിച്ചുപോരുന്നുണ്ട്. എന്നാൽ അതുപയോഗിയ്ക്കുന്നവരെല്ലാം അതിന്റെ നിർമ്മാണതത്വം മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു സോപ്പിന്റെ നിർമ്മാണം എങ്ങിനെയാണെന്നു ചുരുക്കിപ്പറയുന്നു.

വെളിച്ചെണ്ണ, നല്ലെണ്ണ, മരോട്ടിയെണ്ണ, പുന്നയ്ക്കാ യെണ്ണ, നിലക്കടലയെണ്ണ എന്നീ എണ്ണകൾ സോപ്പു ണ്ടാക്കുവാൻ സാധാരണമായി ഉപയോഗിയ്ക്കാം. ഉഷ്ണമേ ഖലാപ്രദേശങ്ങളിൽ സ്നേഹബീജങ്ങളോടുകൂടിയ സസ്യ ങ്ങൾ ധാരാളമുണ്ട്. പക്ഷെ ശീതപ്രദേശങ്ങളിൽ എണ്ണ യുള്ള ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളില്ലെന്നതന്നെ പറ യാം. അതുകൊണ്ടു തണുപ്പുരാജ്യങ്ങളിൽ സോപ്പുണ്ടാ ക്കുവാൻ മൃഗങ്ങളുടെ കൊഴുപ്പാണ് ഉപയോഗിയ്ക്കുക പതിവ്. മൃഗങ്ങളുടെ കൊഴുപ്പുപയോഗിച്ചുണ്ടാക്കുന്ന സോപ്പുകൾക്കു സസ്യങ്ങളിൽ നിന്നെടുക്കുന്ന എണ്ണയു പയോഗിച്ചുണ്ടാക്കുന്ന സോപ്പോളം ശുദ്ധിയില്ല. സൂക്ഷ്മ ദർശിനികൊണ്ടു പരിശോധിച്ചുനോക്കിയാൽ ഇവ തമ്മി ലുള്ള വ്യത്യാസം കണ്ടുമനസ്സിലാക്കാം.

തീക്ഷ്ണക്ഷാരങ്ങൾ രണ്ടെണ്ണമാണ്: ഇവ സോഡാ ക്ഷാരവും പൊട്ടാസ് ക്ഷാരവും ആകുന്നു. സോഡാക്ഷാ രം ചേർത്തുണ്ടാക്കുന്ന സോപ്പു ദൃഢമായിരിയ്ക്കും; പൊട്ടാ സ്ക്ഷാരം ചേർക്കുമ്പോൾ കിട്ടുന്ന സോപ്പു മൃദുവാണ്.

സ്നേഹപദാർത്ഥങ്ങളേയും രണ്ടായി വിഭാഗിയ്ക്കാം: വായു തട്ടിയാൽ ഉറച്ച് ഒട്ടിപ്പിടിയ്ക്കുന്നവയൊന്നു; വായു ഏറ്റാലും ഉറയ്ക്കാതെയും ഒട്ടാതെയും ഇരിയ്ക്കുന്ന വക മറ്റൊന്ന്. ഇങ്ങിനെയാണ് ഈ വിഭാഗം. നല്ലെണ്ണ കാറ്റു തട്ടിയാൽ ഉറച്ച് ഒട്ടിപ്പിടിയ്ക്കും; വെളിച്ചെണ്ണ അങ്ങിനെ ആകയില്ല. നല്ലെണ്ണപോലെയുള്ള എണ്ണ കൾ സോഡാക്ഷാരവുമായി യോജിയ്ക്കുമ്പോഴ്കടി മൃദു വായ സോപ്പാണുണ്ടാവുക. ഇപ്രകാരം എണ്ണയുടെ ഗു ണം അനുസരിച്ചും സോപ്പു മൃദുവോ കഠിനമോ ആവാൻ തരമുണ്ട്.

വെളിച്ചെണ്ണ, മരോട്ടിയെണ്ണ, പുന്നയ്ക്കായെണ്ണ, ഉങ്ങെണ്ണ, ഇലുപ്പയെണ്ണ, നിലക്കടലയെണ്ണ, എന്നീ എണ്ണകൾ സാധാരണമായി സോപ്പുണ്ടാക്കുവാൻ ഉപയോഗിച്ചുപോരുന്നു. വില കൂടുതലായതുകൊണ്ടു നല്ലെണ്ണ സോപ്പുണ്ടാക്കുവാൻ എടുക്കാറില്ല. സോപ്പുണ്ടാക്കുവാൻ വേണ്ടി നല്ല വെളിച്ചെണ്ണ ഒരുവിധത്തിലും ശുദ്ധിചെയ്യേണമെന്നില്ല. ഇങ്ങിനെ ഒരു മെച്ചം നല്ലവെളിച്ചെണ്ണയ്ക്കുണ്ട്. വെളിച്ചെണ്ണസ്സോപ്പു വെളുത്ത നിറത്തിലിരിക്കും. ഉപ്പുവെള്ളത്തിൽ ഇതു ലയിയ്ക്കുന്നതുകൊണ്ടു വെള്ളക്കാർ ഉണ്ടാക്കി അയയ്ക്കുന്ന മൈസൂർസോപ്പിന്റെ മഹത്തപം ഇതിനുണ്ട്. മരോട്ടിയെണ്ണ, പുന്നയ്ക്കായെണ്ണ, കടലയെണ്ണ മുതലായവയെ സോപ്പുണ്ടാക്കുവാൻ ശുദ്ധിചെയ്യണം. ഇവയെ ശുദ്ധിചെയ്യുന്നതു രണ്ടുപ്രകാരത്തിലാണ്: എണ്ണയിൽക്കൂടി, തിളയ്ക്കുന്ന വെള്ളത്തിൽനിന്നു വരുന്ന ആവി ചെലുത്തുക, അല്ലെങ്കിൽ നൂറിന് ഒന്നുവീതം തീക്ഷ്ണക്ഷാരം ചേർക്കുക. ഇങ്ങിനെയാണ് ഈ രണ്ടുമാർഗ്ഗങ്ങം. എണ്ണകളെ ഇപ്രകാരം ശുദ്ധി ചെയ്യുമ്പോം അവയുടെ ഗുണ്ഡം മാറും; പിണ്ണാക്കു മുതലായതു താഴത്തടിഞ്ഞുകൂടുകയും ചെയ്യും.

മരോട്ടിയെണ്ണ, നിലക്കടലയെണ്ണ എന്നിവയിൽ നിന്നുണ്ടാക്കുന്ന സോപ്പു വെളുത്തിരിക്കും. ഉങ്ങെണ്ണ, പുന്നയ്ക്കായെണ്ണ എന്നിവയിൽനിന്നുണ്ടാക്കുന്ന സോപ്പു നല്ല മഞ്ഞനിറത്തിലിരിയ്ക്കും.

എണ്ണകളെ തീക്ഷ്ണക്ഷാരങ്ങളുമായി യോജിപ്പിയ്ക്കുന്നതിനു മുൻപ് അവയോടുകൂടി കുറെ പശ ചേർക്കണം. പശ ചേർത്തില്ലെങ്കിൽ സോപ്പുണങ്ങുമ്പോം വിണ്ടുകീറും.

മൂദക്ഷാരങ്ങളോടുകൂടി—യവക്ഷാരം, സാജ്ജികക്ഷാരം മുതലായവ—ചുണ്ണാമ്പുവെള്ളം ക്രട്ടി തിളപ്പിച്ചാൽ തീക്ഷ്ണക്ഷാരം ഉണ്ടാകുന്നു. എന്നാൽ സോപ്പുണ്ടാക്കുന്നവർ സാധാരണമായി തീക്ഷ്ണക്ഷാരം ഉണ്ടാക്കാറില്ല. അതവർ വിലയ്ക്കുവാങ്ങുകയാണ് പതിവ്. വിദ്യുച്ഛക്തി പ്രയോഗംകൊണ്ടു കടൽവെള്ളത്തിൽനിന്നു ചുരുങ്ങിയ ചെലവിൽ പാശ്ചാത്യർ തീക്ഷ്ണക്ഷാരം ഉണ്ടാക്കിവരുന്നു. പക്ഷേ, തീക്ഷ്ണക്ഷാരം ഉണ്ടാക്കുവാൻ ഇന്ത്യയിൽ ആരും കടൽവെള്ളം ഉപയോഗിയ്ക്കുവാൻ പാടില്ലെന്നു ഗവമ്മെണ്ടു പണ്ടേ ഒരു നിയമം പാസ്സാക്കിയിരിയ്ക്കുന്നുവത്രേ. അതുകൊണ്ടു മുൻപു വിവരിച്ചമാതിരി തീക്ഷ്ണക്ഷാരം ഉണ്ടാക്കുന്നതിനെക്കാൾ അതു വാങ്ങുകയാണു നമുക്കിപ്പോൾ ലാഭം. ക്ഷാരങ്ങളെ എണ്ണകളുമായി യോജിപ്പിച്ചു സോപ്പുണ്ടാക്കുന്നതു രണ്ടുവിധത്തിലാണ്. ഇവയ്ക്ക് ഉഷ്ണോതരമാർഗ്ഗമെന്നും ഉഷ്ണമാർഗ്ഗമെന്നും പേർ പറഞ്ഞുവരുന്നു. അവയുടെ ചുരുക്കം ഇപ്രകാരമാണ്:

എണ്ണയേയും ക്ഷാരത്തേയും ചൂടുപിടിപ്പിയ്ക്കാതെ ക്രട്ടിച്ചേർക്കുന്ന സമ്പ്രദായമാണ് ഉഷ്ണോതരമാർഗ്ഗം. ഇപ്രകാരം സോപ്പുണ്ടാക്കുവാൻ തികച്ചും യോഗ്യമായ എണ്ണ വെളിച്ചെണ്ണയാണ്. മറെറണ്ണകൾ ഉഷ്ണോതരമാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തേണമെങ്കിൽ അവയെ വെളിച്ചെണ്ണയുമായി ക്രട്ടിച്ചേർക്കണം; ആ ക്രട്ടിൽ വെളിച്ചെണ്ണയുടെ ഭാഗം അധികമായിരിയ്ക്കുകയും വേണം. തൂക്കപ്രകാരം വെളിച്ചെണ്ണ അഞ്ചിന്, ക്ഷാരം ഒന്നു ചേർക്കണം. മറെറണ്ണകളെ സംബന്ധിച്ചുള്ള തൂക്കക്കണക്ക് ആറിന് ഒന്നാണ്. എണ്ണയും, വെള്ളവും, പശയും, ക്ഷാരവും ക്രട്ടിച്ചേർത്ത്

ഇരിമ്പുപാത്രത്തിലാക്കി ഒരു മരക്കഷണംകൊണ്ടു നല്ല വണ്ണം ക്രട്ടിയിളക്കണം. നാലഞ്ചുമണിക്രൂർ നല്ലവണ്ണം ക്രട്ടിക്കഴച്ചു മറിച്ചു കടഞ്ഞു ഇളക്കുമ്പോൾ കൊഴത്ത ഒരു ദ്രവമുണ്ടാകും. ഇതാണ് സോപ്പ്. ഇതെടുത്തു ആഴം കുറഞ്ഞ ചതുരപ്പാത്രങ്ങളിൽ ഒഴിച്ചുവെച്ചാൽ ഏകദേശം രണ്ടുദിവസം കഴിഞ്ഞാൽ അതുറച്ചു കട്ടിയായിത്തീരും. പിന്നീട് ഈ സോപ്പുപലകകളെ എടുത്തു യന്ത്രത്തിൽ വെച്ചു നേരിയ കമ്പികൾക്കെതിരായി ഓരോ പ്രാവശ്യമായി പ്രചലിപ്പിയ്ക്കുമ്പോൾ അവ ചെറിയകഷണങ്ങളായി മുറിയ്ക്കപ്പെടുന്നു. ഈ കഷണങ്ങളെ ഇരിമ്പച്ചിൽ വെച്ചമർത്തുമ്പോൾ അവയിൽ വരയും കുറിയും പേരും ചിത്രവും മുദ്രിതമായിത്തീരുന്നു.

ഉച്ചതരമാസ്പ്രകാരം സോപ്പുണ്ടാക്കുമ്പോൾ എണ്ണയ്ക്കു 'കാറൽ' ഉണ്ടെങ്കിൽ ക്ഷാരവും എണ്ണയും നല്ലവണ്ണം യോജിയ്ക്കാതെ കട്ടയും കഷണവും ആയിത്തീരും. അതുകൊണ്ടു കാറൽ മാററിയതിനു ശേഷമേ ക്ഷാരവുമായി എണ്ണ ചേർക്കുവാൻപാടുള്ളൂ. ഉപ്പും, നൂററിന് ഒന്നുകണ്ടു തീക്ഷ്ണക്ഷാരവും ചേർത്തു, കാറൽ കളയാവുന്നതാണ്.

ഈ സമ്പ്രദായപ്രകാരം സോപ്പുണ്ടാക്കുവാൻ വലിയ യന്ത്രങ്ങളും പാത്രങ്ങളും വേണ്ട. പക്ഷെ ക്രട്ടുന്ന ക്രട്ടിൽ ക്ഷാരം അധികമായിപ്പോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതാണ്. ക്ഷാരം അധികമായ സോപ്പുതേയ്ക്കുന്നതു വളരെ ചീത്തയാണ്. എണ്ണ അധികമായാൽ അപകടമൊന്നുമില്ല; പക്ഷെ ആ മാതിരി സോപ്പുകൊണ്ടു മെഴുക്കു തീരെ കളവാൻ സാധിയ്ക്കയില്ല എ

ന്നേയുള്ളൂ. ഉപ്പിന്റേതരമാറ്റപ്രകാരം ഉണ്ടാക്കിയ സോപ്പിൽ 'ഗ്ലിസറിൻ' എന്നൊരു ദ്രവ്യം ഉണ്ട്. ഇതു ദേഹത്തിനു മിനുസവും വെടിപ്പും കൊടുക്കുന്ന ഒരു വസ്തുവാണ്. ഇപ്പോൾ കേരളസ്സോപ്പു കമ്പനിക്കാർ ഉണ്ടാക്കിപ്പോരുന്ന 'വെജിറേറാൾ' സോപ്പ് ഈ മാതിരി സോപ്പാകുന്നു.

'ഉപ്പുമാറ്റം' വിവരിയ്ക്കാം: വലിയ ഇരിമ്പുപാത്രങ്ങളിൽ തീക്ഷ്ണക്ഷാരവും എണ്ണയും പശയും ചേർത്തു തിളപ്പിയ്ക്കണം. പാത്രത്തിന്റെ അടിയിൽ വൃത്താകൃതികളായ ഇരിമ്പുകഴലുകളിലുള്ള ഭാരങ്ങളിലൂടേ ക്രൂടി പൊന്തി പുറപ്പെടുന്ന നീരാവിയാണ് ഈ ക്രൂട്ടു ചൂടുപിടിപ്പിയ്ക്കുന്നത്. നല്ലവണ്ണം തിളച്ചുകഴിഞ്ഞതിനുശേഷം കുറെ ഉപ്പുചേർത്താൽ ഗ്ലിസറിൻ വേറെ പിരിഞ്ഞു പാത്രത്തിന്റെ അടിയിൽ ചെന്നുകൂടും. അടിയിലുള്ള കഴലുകളിലൂടേക്രൂടി ഈ ഗ്ലിസറിൻ പുറത്തു വാർത്ത് എടുക്കാം. ഒരു മരുന്നായും, തോൽ മിനുസമാക്കാനും, പ്രത്യേകം ചില സോപ്പ് (പിയർസ് സോപ്പ്) ഉണ്ടാക്കുവാനും പിന്നീട് ഈ ഗ്ലിസറിൻ ഉപയോഗപ്പെടുത്താം.

ആദ്യം ഏകദേശം കുഴമ്പുപോലെയിരിയ്ക്കുന്ന സോപ്പു രണ്ടുദിവസം കഴിഞ്ഞാൽ തണുത്ത് ഉറച്ചു കട്ടയാകും. അപ്പോൾ അതിനെ വേണ്ടതുപോലെയുള്ള ആകൃതിയിൽ മുറിച്ചു കഷണങ്ങളാക്കാം.

മേത്തരം സോപ്പുകളിൽ ചായവും വാസനദ്രവ്യങ്ങളും ചേർക്കുന്നതിനെപ്പറ്റി കാച്ചൊന്ന വിവരിയ്ക്കാം. നല്ലവണ്ണം ഉണങ്ങിയതിനുശേഷം സോപ്പുകഷണങ്ങളെ ഒരു യന്ത്രം, കനംകുറഞ്ഞ ശകലങ്ങളായി മുറിച്ചിടും.

ഇതു കാഴ്ചയ്ക്ക് ആശാരി മരം ചീവുളി (ചിന്തേര്) ഇട്ട പോലെ ഉണ്ടാകുന്ന ചെത്തുപൂംചുരുൾപോലെയോ, ഹംസതൂലംപോലെയോ ഇരിയ്ക്കും. അതിമൃദുക്കളും ലഘുക്കളും ആയ ഈ ചുരുളുകളിൽ ചായവും വാസനദ്രവ്യവും ചേർക്കും. ചന്ദനത്തൈലം, മല്ലീരസം, പനിനീർസത്ത്, ലാവണ്ടർ മുതലായ സുഗന്ധദ്രവ്യങ്ങൾ സാധാരണമായി ചേർക്കാറുണ്ട്. ഇതു ചേർത്തതിനുശേഷം ഈ ശകലങ്ങളെ കുട്ടിച്ചേർത്തു മർദ്ദിയ്ക്കുന്ന വേറൊരു യന്ത്രമുണ്ട്. മർദ്ദിച്ചതിനുശേഷം ആ യന്ത്രം സോപ്പിനെ ചെറുകഷണങ്ങളായി മുറിച്ചു പുറത്താക്കുന്നു. ഈ ചെറുകഷണങ്ങൾ വേറൊരു അച്ചിൽ ചെന്നുവീഴും. ആ കഷണങ്ങളെ ഒരു ഇരുമ്പുചട്ടി പിടിച്ചമർത്തുമ്പോൾ മുദ്രയും പേരും ചാർത്തി പ്രത്യേകരൂപത്തിൽ സോപ്പുവേഷം കെട്ടി പുറപ്പെടുന്നു.

(പിയർസ്സോപ്പ് പ്രത്യേകം ഉണ്ടാക്കപ്പെട്ട ഒരു വിധം സോപ്പാണ്. മദ്യത്തിൽ സോപ്പും ഗ്ലിസറിനും ആദ്യം ലയിപ്പിയ്ക്കും. പിന്നീട് ആ ക്രീമിൽനിന്നു വാറ്റിയെടുക്കുന്ന സോപ്പാണ് 'പിയർസ്സോപ്പ്'. ഇതിൽ നിന്നു പിരിഞ്ഞുപോകാതെ കുറെ ഗ്ലിസറിൻ ഇരിയ്ക്കും. ഈ മാതിരി സോപ്പു നിർബ്ബാധമായി ഉണ്ടാക്കുവാൻ തണുപ്പുരാജ്യത്തേ സാധിയ്ക്കയുള്ളൂ.)

സോപ്പുവ്യവസായം അധികം പ്രയാസമില്ലാത്ത ഒരേർപ്പാടായതുകൊണ്ടു പല മുറിക്കുന്നന്മാരും സോപ്പുണ്ടാക്കുന്നുണ്ട്. എന്നാൽ ശാസ്ത്രീയമായി എണ്ണകളെ പരീക്ഷിച്ചുനോക്കിയാൽ മാത്രമേ ഏതു കണക്കിലാണ് എണ്ണയും ക്ഷാരവും ചേർക്കേണ്ടതെന്നു തീർച്ചപ്പെടുത്തുവാൻ തരമുള്ളൂ. ഈ ജ്ഞാനമില്ലാത്തവർ കണ്ടമാനം

എണ്ണയും ക്ഷാരവും ചേർത്തു സോപ്പുണ്ടാക്കുന്നു. ഈമാതിരിയുണ്ടാക്കുന്ന സോപ്പുപയോഗിച്ചാൽ പലവിധത്തിലുള്ള രോഗങ്ങളും പിടിപെടുന്നതാണ്. അതുകൊണ്ടു പൊതുജനങ്ങൾക്ക് ഉപദ്രവകരമായ സോപ്പുണ്ടാക്കുന്നവർ പരിഷ്കൃതരാജ്യങ്ങളിലെല്ലാം ശിക്ഷാർഹന്മാരാണ്. പക്ഷേ, നമ്മുടെ രാജ്യത്തു ശാസ്ത്രീയമായ അറിവില്ലാത്ത പലരും സോപ്പുണ്ടാക്കി വിറ്റു പൊതുജനങ്ങളെ ഉപദ്രവിച്ചുപോരുന്നു. ഈ മാതിരി കൃത്രിമസോപ്പുണ്ടാക്കുന്നതിനെ വിരോധിയ്ക്കേണ്ടതും ശാസ്ത്രീയമായ വിധത്തിലുള്ള സോപ്പുവ്യവസായത്തെ സഹായിയ്ക്കേണ്ടതുമാണ്.

മഞ്ചേരി രാമകൃഷ്ണയ്യർ.

ചോദ്യങ്ങൾ:

1. ഈഞ്ച വാക മുതലായവയിൽ മെഴുക്കു പോകാനുള്ള ഒരു സാധനമടങ്ങിയിട്ടുള്ളതിനു പേരെന്ത്?
2. സോപ്പിനുള്ള ദോഷങ്ങളെന്ത്?
3. മൃഗക്കൊഴുപ്പുകൂട്ടിയ സോപ്പും, സസ്യങ്ങളിൽ നിന്നെടുക്കുന്ന എണ്ണകൂട്ടിയ സോപ്പും, ഏതാണ് അധികം നല്ലത്?
4. സോപ്പുണ്ടാക്കുന്നുപയോഗിയ്ക്കുന്ന എണ്ണകൾ ഏവ?
5. ഉഷ്ണതരമാർഗ്ഗം എന്നാലെന്ത്? ഉഷ്ണമാർഗ്ഗമെന്നാലെന്ത്?

6. തുരുമ്പുപിടിച്ച വാൾ.

വീരാഗ്ര്യപൂവ്വികൻ. ഗളോപഹാരസ്തോമം.
ബാഹുപരിഘം. മുരമർദ്ദനൻ.
വ്യാമർദ്ദം. ത്രിപുരമാരൻ.

പോരാളിമാരിൽ വിളികൊണ്ടു വിളങ്ങുമേതോ
വീരാഗ്ര്യപൂവ്വികനെഴുന്ന കരത്തിൽ മുന്നം
തീരാത്തിളപ്പൊട്ട വിളങ്ങിയിരുന്നതാമി-
ശ്ശേലാരായുധം തൊടുവതിന്നമശക്തർ നമ്മളം.

പോർവാശിവെച്ചു, നെടുതാമുറതന്നിലേവം
കൈവാളിതെത്ര പുരുഷാന്തരമായിതാവോ,
ക്രൂർവാച്ച വീരവിരഹസ്ഥലത്തൊട്ടുള്ള
വേർവാടിനാലവശമട്ടിലമന്നിടുന്നു!

മുമ്പാ,ഞ്ഞുചീറിയൊരുപാടുയിരാക്രമിച്ച
വമ്പാന്ന വാള,റയിലിപ്പൊഴടങ്ങിവാഴ്വൂ;
തൻപാപ്പുള്ളയ്ക്കുകമണഞ്ഞുകിടന്നുറങ്ങും
വൻപാമ്പുപോലിതു ഭയങ്കരമുത്തിതന്നെ!

ശ്ലോരാഹവത്തല പിളർപ്പതിനഗ്രവജ്രം,
വീരാഗ്ര്യബാഹുപരിഘത്തിനുചേർന്ന പണ്ടം,
ആ രാജലക്ഷ്മിയുടെ ദീപ്തിയെഴുന്ന തുക്ക-
ണ്ണാ,രാൽ കരാളകരവാളമിതുല്ലസിപ്പൂ.

ചൊല്ലുള്ള പൊൻപണിയണിപ്പിടിയാൻ മിന്നും
മല്ലാറ വാളിതു മനോജ്ഞ,മെടുത്തുനോക്കാൻ

തെല്ലുണ്ടു വാഞ്ഛ,യതിനായിടർപൂണ്ടടുത്തു
ചെല്ലുന്ന കൈ ഭയമൊടിങ്ങു മടങ്ങിടുന്നു. ൪

ചേരുംപടിയുള്ള പടയാളികളാചരിച്ചു-
പോരും യഥാർത്ഥപരിചയ്ക്കുകളേറവു മുന്നം
പേരുറവു വീയ്ക്കുമൊട്ട വാണ കൃപാണമേ, ഇ-
ബ്ഭീരുക്കൾതാൻ തൊടുവതങ്ങു പൊറുത്തിടേണം. ൫

അങ്കത്തിലുക്കുടയ നിന്നുടെ വൻപ്രതാപം
പൊൻകൈപ്പിടിച്ചുലമൊടേറെ വിളങ്ങിടുന്നു;
വൻകമ്മടക്ഷതയനക്ഷണമാന്ന വാളേ,
നിൻകല്പനയ്ക്കടിയിൽ നില്പു ജഗത്തശേഷം. ൬

ആയാമമേറുമുടലപ്പടി ഹാ, തുരുമ്പിൻ-
തായാട്ടമാന്ന ശിവനേ, തകരാറിലായീ;
പേയായ മേനിയിതു മണ്ണപിടിച്ചു മങ്ങി-
പ്പോയാലുമെന്തിഹ? പുകൾക്കൊരിടിച്ചുലുണ്ടോ! ൭

ഹാ, കാലഭേദം! ഇടവിട്ടടർത്രമിതന്നിൽ
മാഴ്കാമടത്തൊട്ട തിളങ്ങിയ തീക്ഷ്ണവാളേ,
ഏകാന്തദൈന്യമുറവിട്ടു പുറത്തിറങ്ങാ-
തേകാന്തവാസമധുനാ തവ വേണ്ടിവന്നു. ൮

പൊന്നഞ്ചുമിപ്പിടിമുതല്ലു തലയ്ക്കലോളം
മുന്നം മഹാരഥർ തുടച്ചു മിനുക്കയാലേ,
മിന്നൽപ്രഭാവമൊടയന്ന ചലിച്ചിരുന്ന
നിന്നംഗമിങ്ങിനെ മുഷിഞ്ഞു ചമഞ്ഞുവല്ലോ! ൯

പോരും പയറുമുറയും പതിവായീത്തുടൻ-
പോരും ഭവന്മഹിമയാമരുണോദയത്താൽ
മാരുപ്രകാശമുലകത്തിനു കൈവളത്തി-
പ്പോരുറവ വാസരമശേഷവുമസ്തമിച്ചു! ഫ

ധാടിപ്പെട്ടം തവ പരാക്രമപാടവങ്ങൾ
പാടിപ്പുകഴ്ത്തുവതിനുള്ള പടങ്ങളേതോ!
പേടിച്ചരണ്ടൊരിവരക്കഥയോർപ്പതിന്നും
ക്രൂടിക്കരുത്തു കലരാത്ത വെറുംപുഴക്കം! ഫ

ഭീമപ്രതാപമിയലും തവ കാറു തട്ടി-
പ്പോർമണ്ണിലെത്ര പടയാളികൾ വീണിരിയ്ക്കാം!
വ്യാമർദ്ദമോറ്റ ഭടരെത്ര ഗളോപഹാര-
സ്തോമത്തിനാൽത്തവ സമക്ഷമചെയ്തിരിയ്ക്കാം! ഫ

വീരാന്ന വീരഭടർതൻ ചുടുചോരയിങ്ക-
ലാറാടി വൻപടനടുക്കു കളിച്ച നിന്നെ,
നീറാക്കമുഗ്രരണദേവത വാപൊളിയ്ക്കു-
മ്മാറാന്ന നാവിനുസമം നരർ കണ്ടിരിയ്ക്കാം. ഫ

ഹാ, നാട്ടിനീശനുടവാൾ, മുരമർദ്ദനന്നു
നീ നാന്ദകം, തിരുപുരാന്തക ചന്ദ്രഹാസം.
ആ നാഗരാജപുരിതൊട്ട ഭവച്ചരിത്ര-
മാനാകമുള്ളതപരാക്രമർ പാടിടുന്നു! ഫ

വള്ളത്തോൾ ഗോപാലമേനോൻ.

ള്ളവയും സൌരഭ്യമില്ലാത്തവയും വണ്ണപ്പകിട്ടുള്ളവയും ഇല്ലാത്തവയും ഒക്കെ ഉണ്ട്. സുഗന്ധിലങ്ങളായ പൂക്കളിൽ നിന്നു പലതരം സുഗന്ധദ്രവ്യങ്ങൾ എടുത്തുവരുന്നുണ്ട്. പൂക്കളൊക്കെത്തന്നെ എന്നു പറയാം, നമുക്ക് അലങ്കരണങ്ങൾക്കോ, ഈശ്വരാരാധനയ്ക്കോ, ഔഷധങ്ങൾക്കോ പ്രയോജനപ്പെടുന്നവയുമാണ്. എന്നാൽ മനുഷ്യർക്കു ജീവിയ്ക്കാൻ അനുപേക്ഷണീയമായ സസ്യങ്ങളുടെ വംശം മുടിയാതിരിയ്ക്കാൻ അവയ്ക്കു ഫലോല്പാദനമുണ്ടാകുന്നു എന്നുള്ളതാണ് അവയെക്കൊണ്ടു നമുക്കുള്ള പ്രഥമവും അതിപ്രധാനവുമായ പ്രയോജനം.

അതുകൊണ്ടു നമുക്ക് ആദ്യമായിത്തന്നെ ഒരു ചെമ്പരത്തിപ്പൂവെടുത്തു സൂക്ഷ്മപരീക്ഷണം നടത്താം. ചെമ്പരത്തിപ്പൂവെടുത്തു നോക്കാമെന്നു പറയുന്നതെന്തുകൊണ്ടാണെന്ന് ഒരു ചോദ്യം പുറപ്പെട്ടേയ്ക്കാം. എല്ലാ അവയവങ്ങളും തികഞ്ഞിട്ടുള്ള ഒരു പൂവായിട്ടാണ് ചെമ്പരത്തിപ്പൂവിനെ വെച്ചിട്ടുള്ളത്. ഇതുകൊണ്ടാണ് ശാസ്ത്രീയമായ പഠനത്തിനു ചെമ്പരത്തിപ്പൂവെടുക്കാമെന്നു പറയുന്നത്.

പൂവിനെ വഹിച്ചുകൊണ്ടു നില്ക്കുന്ന പച്ചനിറത്തിലുള്ള ഒരു ചെറിയതണ്ടു മുട്ടിലായി നിങ്ങൾ കാണുന്നില്ലേ? ഈ തണ്ടിനു ഞെട്ടി എന്നു പറയുന്നു. ഈ ഞെട്ടി പൂവിനെ ചെടിയുടെ ചില്ലകളിൽ പറ്റിപ്പിടിച്ചുനില്ക്കാൻ സഹായിയ്ക്കുന്നു. ഞെട്ടി ചെന്നവസാനിയ്ക്കുന്നിടത്ത്, ഒരു കോപ്പയുടെ ആകൃതിയിലുള്ള മൂന്നോ അഞ്ചോ പച്ച ഇലകളുടെ ഒരു സമൂഹം കാണാം. ഇതിനു പുഷ്പകോശമെന്നു പറയാം. പൂവു മൊട്ടായിരിയ്ക്കു

ന്ന സമയത്തു ഈ പുഷ്പകോശത്തിലൊതുങ്ങിയിരിയ്ക്കും. വിശേഷിച്ചും, ഈ പുഷ്പകോശം പച്ചച്ചതാകയാൽ, ഇതിനെ ഇലകളിൽനിന്നു വേർതിരിച്ചറിയാൻ കഴിയില്ല. ഇതുമൂലം പൂക്കളെ, കുമളപ്രായത്തിൽ പ്രാണികളുടെ ആക്രമത്തിൽനിന്നു രക്ഷിയ്ക്കാനും ഈ പുഷ്പകോശം ഉപകരിയ്ക്കുന്നു. അതു നീക്കിയാൽ പിന്നെ ദളങ്ങളാണ്. ഓരോ പൂവിന്റെയും ദളങ്ങളും ഓരോ നിറത്തിലായിരിയ്ക്കും. ദളങ്ങളുടെ വണ്ണപ്പകിട്ട് അവയ്ക്കു ഭംഗിയെ കൈവരുത്തുന്നതോടൊപ്പംതന്നെ, തേനീച്ച പൂമ്പാറ്റകൾ, ഭൃംഗങ്ങൾ മുതലായവയെ അവയിലേയ്ക്കാകർഷിയ്ക്കുകയും ചെയ്യുന്നു. ദളങ്ങളെ അകത്തി നോക്കിയാൽ കേസരനാളം കാണാം. ഈ കേസരനാളത്തിന്റെ തലപ്പത്തു കൊച്ചുമുടികളോടുകൂടിയ കേസരഗോളങ്ങളുണ്ട്. കേസരനാളവും കേസരഗോളവും കൂടിയതിനു പുംസ്കേസരമെന്നു പറയുന്നു. പുംസ്കേസരത്തിന്റെ അഗ്രത്തിലുള്ള ഗോളങ്ങളിൽ മഞ്ഞനിറത്തിൽ ഒരുതരം പൊടിയുണ്ട്. ഇതിനു പൂമ്പൊടി അഥവാ പരാഗമെന്നു പേർ. കേസരനാളത്തെ പതുക്കെ വലിച്ചെടുത്താൽ ഒരു പൊള്ളയായ കുഴൽ ശേഷിയ്ക്കും. ഇതിനാണ് ആവാഹിനി എന്നു പറയുന്നത്. ആവാഹിനിയുടെ അറ്റത്തു രോമത്തിന്റെ ആകൃതിയിൽ തല പരന്ന അഞ്ചു കവരങ്ങളുണ്ട്. അതാണ് പരാഗഗ്രാഹിക. ആവാഹിനിയുടെ അടിഭാഗം ഒരു സഞ്ചിപോലെയിരിയ്ക്കും. ഇതിനെ ബീജകോശമെന്നു വിളിയ്ക്കുന്നു. വിത്തുണ്ടാകുന്നത് ഇതിനുള്ളിലായതുകൊണ്ടു വിത്തറ എന്നും വിളിയ്ക്കാം. മേൽപ്പറഞ്ഞ ആവാഹിനിയ്ക്കും പ

കൂടുതൽ - വിത്തിനെ തുടർന്നുള്ള ഭാഗം -

രാഗഗ്രാഹികയ്ക്കും ബീജകോശത്തിനുംക്രടി സ്ത്രൈണകേസരമെന്ന നാമകരണം ചെയ്തിരിയ്ക്കുന്നു. ബീജകോശത്തിനു ചുറ്റുമായി കാണാവുന്ന ആർദ്രമായ വസ്തുവാണ് തേൻ. ബീജകോശത്തിൽ ചെറിയ തരികൾപോലെ കാണപ്പെടുന്നവയ്ക്ക് ബീജാണ്ഡങ്ങളെന്നും പേർ പറഞ്ഞുവരുന്നു.

മേൽവിവരിച്ച അവയവങ്ങളെല്ലാം എല്ലാ പൂക്കൾക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. ചിലങ്ങളുടെ എണ്ണവും പുംസ്കേസരത്തിന്റെയും സ്ത്രൈണകേസരത്തിന്റെയും വ്യവസ്ഥയും മാറിയിരിയ്ക്കും. സ്ത്രൈണകേസരം മാത്രമുള്ള പൂവിനു പെൺപൂവെന്നും പുംസ്കേസരം മാത്രമുള്ളതിന്ന് ആൺപൂവെന്നും പറഞ്ഞുവരുന്നു. എന്നാൽ പ്രകൃതിയിൽ കാണുന്ന മിക്കചെടികളിലും ലതകളിലും സ്ത്രൈണകേസരവും പുംസ്കേസരവുമുള്ള പൂണ്ണ പുഷ്പങ്ങളാണ് കണ്ടു വരുന്നതെന്നുള്ളതു പ്രസ്താവ്യമത്രേ.

ഇനി പുഷ്പങ്ങളിൽനിന്നു കായ്കളുണ്ടാകുന്നത് എങ്ങിനെയാണെന്നാണ് മനസ്സിലാക്കേണ്ടത്. ഫലോല്പത്തിയ്ക്കു പരാഗം പരാഗഗ്രാഹികയിലൂടെ ബീജകോശത്തിലെത്തണം. പരാഗം ഇങ്ങിനെ കാറ്റത്തു ചെന്നു പരാഗഗ്രാഹികയിൽ വീഴാറുണ്ട്. എന്നാൽ ചില പൂക്കളിൽ പുംസ്കേസരവും സ്ത്രൈണകേസരവും താഴ്ന്നും പൊന്തിയും നില്ക്കുന്നുണ്ടാവും; ചില പൂക്കളുടെ സ്ത്രൈണകേസരം പാകമാകുന്നതിനുമുമ്പു കേസരഗോളം പൊട്ടി പരാഗം ചിന്നിപ്പോകും. ഇത്തരം പൂക്കളുടെ പരാഗത്തിനു സ്വയമേവ സ്ത്രൈണകേസരത്തിൽച്ചെന്നു വീഴാൻ വിഷമം നേരിടുന്നു. ഇതുകൊണ്ടാണ്, തേനീച്ച

വണ്ടു മുതലായവയുടെ സാഹായ്യം പൂക്കൾക്കാവശ്യമായിത്തീരുന്നത്. ഈ ചെറുപ്രാണികൾ, പൂക്കളുടെ സൌരഭ്യത്താലും നിറപ്പകിട്ടിനാലും ആകൃഷ്ടിയ്ക്കപ്പെട്ട തേൻകൊതിയോടെ പുഷ്പങ്ങളിൽ ചെന്നിരിയ്ക്കും. അപ്പോൾ കേസരഗോളങ്ങൾ പൊട്ടിച്ചിതറിയിരിയ്ക്കുന്ന പരാഗം, അവയുടെ സ്നിഗ്ധാങ്ങളായ ചിറകുകളിലും കാലുകളിലും പററിപ്പിടിയ്ക്കുമല്ലോ. അവ വീണ്ടും തേനന്വേഷിച്ച് ആ പുഷ്പത്തിൽത്തന്നെ ചെന്നിരിയ്ക്കാനിടയാവുമ്പോൾ, ആ പരാഗം സ്ത്രൈണകേസരത്തോട് സംയോജിച്ചുകൊള്ളും.

ഇങ്ങിനെ പരാഗം പകരുന്നതിനു 'പരാഗാധാനം' എന്നു പറയുന്നു. പരാഗാധാനം രണ്ടു വിധത്തിലാവാം — ഒരു പുഷ്പത്തിലുള്ള പരാഗം അതേ പുഷ്പത്തിന്റെ പരാഗഗ്രാഹികയിൽത്തന്നെ വീഴുക — ഇതിനു സ്വപരാഗാധാനം എന്നു പറയുന്നു. ഒരു പൂവിന്റെ പരാഗം സ്വവൃക്ഷത്തിൽപ്പെട്ട മറെറാരു പൂവിൽച്ചെന്നു വീഴുക — ഇതിനു പരപരാഗാധാനം എന്നും പറയുന്നു. ഇതിൽ ആദ്യത്തേതു സ്വോല്പാദനവും രണ്ടാമത്തേതു പരോല്പാദനവുമാകുന്നു. രണ്ടാമത്തേതിനാണ് ഓജസ്സും പുഷ്ടിയും ഉണ്ടായിരിയ്ക്കുക എന്നു ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിയ്ക്കുന്നു. അതിനാൽ സ്വോല്പാദനത്തെ തടയാൻ പ്രകൃതിതന്നെ ചില വഴികളെത്തിട്ടുണ്ട്. ഈയാവശ്യത്തിനുവേണ്ടിയാവണം, ഒരേ പുഷ്പത്തിൽത്തന്നെ പുംസ്കേസരവും സ്ത്രൈണകേസരവും സൃഷ്ടിയ്ക്കാതിരുന്നിട്ടുള്ളത്. അതായത്, ആൺപൂവും പെൺപൂവും വേറെ വേറെ സൃഷ്ടിയ്ക്കുക. മത്ത, കുമ്പളം, കയ്പ മുതലായവയിൽ ഇങ്ങിനെയാണല്ലോ. ഇവയിൽ കായ്

ണ്ടാവാത്ത പൂവിൽ പുംസ്കേസരവും കായുണ്ടാവുന്ന പൂവിൽ സ്ത്രൈണകേസരവുമടങ്ങിയിരിയ്ക്കുന്നു. ഇത്തരത്തിൽപ്പെട്ട സസ്യലതാദികൾക്കു പരാഗം സ്ത്രൈണകേസരത്തിൽ പകരുവാൻ സഹായകമായി നില്ക്കുന്നതു മുമ്പു പറഞ്ഞ പ്രാണികളാണ്. പ്രാണികൾ പുംസ്കേസരമുള്ള പുഷ്പങ്ങളിലെ മധു നുകർന്നതിനു ശേഷം സ്ത്രൈണകേസരങ്ങളിലുള്ള പൂക്കളിൽച്ചെന്നിരിയ്ക്കുമ്പോൾ, അവയുടെ ചിറകിന്മേലും മറ്റും പറ്റിപ്പിടിച്ചിട്ടുണ്ടാവുന്ന പരാഗം ആ പൂക്കളിൽ പതിയ്ക്കുമല്ലോ.

ഇങ്ങിനെ വിത്തുകൾ പാകമാവാനുള്ള പ്രവൃത്തികൾ അവസാനിച്ചുകഴിഞ്ഞാൽ ദളസഞ്ചയവും ആവാഹിനിയുമെല്ലാം കൊഴിഞ്ഞുപോകും. ക്രമേണ ബീജകോശം സസ്യത്തിന്റെ ഫലമായി പരിണമിയ്ക്കുകയും ചെയ്യും.

ചെമ്പരത്തിപ്പൂപോലെ എല്ലാ അവയവങ്ങളും തികഞ്ഞിട്ടുള്ള സൂനങ്ങൾ ഒല്പമാണ്. എന്നാൽ പുംസ്കേസരമോ സ്ത്രൈണകേസരമോ, രണ്ടിലൊന്നില്ലാത്ത പൂക്കൾ വിരളങ്ങളത്രേ.

ചേതോഹരമായ ദളസഞ്ചയമോ, മനംകുളിർപ്പിയ്ക്കുന്ന സൌരഭ്യമോ ഇല്ലാത്ത പൂക്കൾക്കു പരാഗാധാനത്തിനു തേനീച്ച മുതലായ പ്രാണികളെ കിട്ടുകയില്ല. അതിനാൽ തത്താദൃശങ്ങളായ പുഷ്പങ്ങളിൽ പരാഗാധാനമുണ്ടാവുന്നതു കാറ്റുമൂലമാണ്.

പ്രകൃതിയിൽ ഒട്ടനവധി പൂക്കളെന്നതു മുമ്പേ പറഞ്ഞുവല്ലോ. ഇവയിൽ മുല്ലപ്പൂവു, പിച്ചകപ്പൂവു മുതലായവ പരിമളം വീശുന്നവയാണെങ്കിൽ, താമരപ്പൂവു,

കൊന്നപ്പൂവു, അലരി തുടങ്ങിയവ വർണ്ണസമൃദ്ധങ്ങളുമാണ്. എന്നാൽ പനിനീർപ്പുഷ്പം ഈ രണ്ടു ഗുണവും തികഞ്ഞതാണെന്നു ഒരു വാദം പുറപ്പെട്ടേയ്ക്കാം. പക്ഷെ ഓരോ പൂവും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ മനുഷ്യർക്കുപകരിയ്ക്കുന്നതാണെന്നു സമാധാനിയ്ക്കുകയേ വേണ്ടൂ.

എല്ലാ പൂക്കളും വിടരുന്നതു് ഒരേ സമയത്തല്ല. താമര, ചമ്പകം, പുഷ്കരമുല്ല, പനിനീർ എന്നിവ പ്രഭാതത്തിലാണു് വിടരുക. മുല്ലയും ആമ്പലും ഒക്കെ സായന്തനവേളയിലാണു്.

മിക്ക പൂക്കൾക്കും പ്രത്യേകം പ്രത്യേകം ഋതുക്കൾ തന്നെയുണ്ടു്. എന്നാൽ പൂക്കളിൽ ബഹുഭ്രരിഭാഗവും സമൃദ്ധമായി ഒത്തുകൂടുന്ന ഒരു കാലമുണ്ടു്; ഈ കാലത്തിനാണു് വസന്തമെന്നു പറയുന്നതു്. നാനാജാതി പുഷ്പങ്ങളുടേയുംകൂടിയുള്ള ഒരു സുഹൃൽസമ്മേളനമാണു് വസന്തം! ഇതുപോലെ മനുഷ്യസമുദായത്തിന്നൊട്ടാകെ വിജ്ഞാനംകൊണ്ടു വികസിയ്ക്കാൻ പററിയ ഒരു വസന്തകാലം കൈവന്നാൽ ഹാ, എത്ര നന്നായേനേ!

ചോദ്യം:

1. ചെമ്പരത്തിപ്പൂവു ശാസ്ത്രീയപഠനത്തിന്നെടുക്കാൻ കാരണമെന്തു്?
2. പൂക്കളുടെ പ്രധാനഭാഗങ്ങളും, അവയുടെ പേരുകളും വിവരിയ്ക്കുക.
8. ഏതെല്ലാം സാധനങ്ങൾ കൂടിയതാണു് സ്ത്രൈണകേസരം എന്നു പറയുന്നതു്?
4. സ്ത്രൈണകേസരം മാത്രമുള്ള പൂവിന്നു പേരെന്തു്? പുംസ്കേസരം മാത്രമുള്ളതിന്നു പേരെന്തു്?
5. പരാഗണമെന്നാലെന്തു്? പരാഗണം എത്ര തരത്തിലുണ്ടു്?
6. തേനീച്ച, വണ്ടു് മുതലായ പ്രാണികളെക്കൊണ്ടു പൂക്കൾക്കുള്ള പ്രയോജനമെന്തു്?

8. മൊഹൻജോ ദാരോ.

ചരിത്രാതീതകാലം. ബൌദ്ധസ്തൂപം.
കിംവദന്തി. അസന്ദിഗ്ദ്ധം.

ഈജിപ്ത്, സുമേരിയ, ഗ്രീസ് എന്നീ രാജ്യങ്ങളിൽ പരിഷ്കാരസൂര്യൻ കണ്ണഞ്ചിയ്ക്കുമാറു പ്രകാശം പൊഴിച്ചിരുന്ന കാലത്ത്, ഇന്ത്യ കേവലം ഇരുളടഞ്ഞ ഒരു ഭ്രവിഭാഗമായിരുന്നുവെന്നാണ് ഈ അടുത്ത കാലംവരെ മിക്ക ആളുകളും കരുതിപ്പോന്നത്. എന്നാൽ പത്തുപതിനഞ്ചു സംവത്സരങ്ങൾക്കുമുമ്പു സിന്ധുദേശത്തിലെ മൊഹൻജോദാരോവിൽനിന്നും ഹാരപ്പയിൽനിന്നും ലഭിച്ച ലക്ഷ്യങ്ങൾ, ഇരുളിലാണ്ടുകിടന്നിരുന്ന ചരിത്രാതീതകാലങ്ങളിലേയ്ക്ക് ഒന്നു കണ്ണോടിയ്ക്കാൻ വേണ്ടുന്ന വെളിച്ചം വാരിവിതറുന്നുണ്ട്.

കറാച്ചിയ്ക്കു വടക്ക് ഇരുന്നൂറു എഴുപതു നാഴിക അകലെയായി സിന്ധുനദിയുടെ പശ്ചിമതീരത്തിനു സമീപത്തു മുൾവൃക്ഷങ്ങൾ പടർന്നുപിടിച്ചുകിടന്നിരുന്ന ഒരു കുന്നാണ് മൊഹൻജോദാരോ. പുരാതനകാലത്ത് അവിടം ഒരു സമ്പന്നമായ നഗരത്തിന്റെ കേളീരംഗമായിരുന്നുവെന്ന് ഒരു കിംവദന്തി ആ പ്രദേശങ്ങളിൽ പ്രചരിച്ചിരുന്നു. പരേതനായ രാഖാൽദാസ് ബാനർജിയോടു നമുക്കു നന്ദിപറയുക—ആ കുന്നിന്റെ ഉപരിതലത്തിൽ നഷ്ടപ്രായമായ ഒരു പ്രാചീനബൌദ്ധസ്തൂപമുണ്ടെന്നു കേട്ടറിഞ്ഞ് അദ്ദേഹം അവിടംചെന്നു സന്ദർശിച്ചിരുന്നില്ലെങ്കിൽ, ചരിത്രാന്വേഷികൾക്ക് ഇന്നും

ചരിത്രാതീതകാലത്തെപ്പറ്റി ഒരെത്തുംപിടിയുമില്ലാതെ തപ്പിനടക്കേണ്ടിവന്നേനേ. രാഖാൽദാസ് ബാനർജി ആ സ്ഥലം സന്ദർശിച്ചുപോന്നശേഷം, ഭാരതീയശിലാശാസനവകുപ്പിന്റെ അധ്യക്ഷനായ സർ ജോൺ മാഷ്ലും അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകന്മാരും സ്ഥലത്തുപോയി ആ ബൌദ്ധസ്തൂപത്തിനുചുറ്റും കുഴിച്ചുനോക്കി. തൽഫലമായി ലഭിച്ച വിവരങ്ങളെ ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർ ജോൺ മാഷ്ൽ ഒരിടത്തു പറയുന്നു:

"മൊഹൻജോദാരോവിൽനിന്നും ഹാരപ്പയിൽനിന്നും ഇതേവരെ കിട്ടിയിട്ടുള്ള തെളിവുകൾ, ഈ രണ്ടു സ്ഥലങ്ങളിലുമുണ്ടായിരുന്ന സംസ്കാരം ഒരു പ്രാഥമിക സംസ്കാരമല്ലെന്നും, പ്രത്യുത വളരെക്കാലം പഴക്കം ചെന്നതും നിരവധി നൂറ്റാണ്ടുകളിലെ മനുഷ്യപ്രയത്നം ഒളിഞ്ഞുകിടക്കുന്നതുമായ ഒരു സംസ്കാരമാണെന്നും, അസന്ദിഗ്ധവും വ്യക്തവുമായ രീതിയിൽ വെളിവാക്കുന്നുണ്ട്. അതിനാൽ ഇന്ത്യയേയും, പേഷ്യ, മെസൊപ്പൊട്ടോമിയ, ഈജിപ്ത് എന്നീ രാജ്യങ്ങളോടൊപ്പംതന്നെ, സംസ്കാരത്തിന്റെ സമുത്ഭവസ്ഥാനമായി കണക്കാക്കണം.

പ്രസ്തുത ലക്ഷ്യങ്ങളിൽനിന്നു, കുറഞ്ഞത് അയ്യായിരം സംവത്സരങ്ങൾക്കുമുമ്പു സിന്ധുമൈതാനത്തിനും സുമേറിയ, ബാബിലോണിയ മുതലായ നാടുകൾക്കും തമ്മിൽ ഗതാഗതമാർഗ്ഗങ്ങളുണ്ടായിരുന്നുവെന്ന് അനുമാനിയ്ക്കാമത്രേ. മൊഹൻജോദാരോവിലുള്ളവയോടു തികച്ചും സാമ്യം വഹിയ്ക്കുന്നവയാണ് ബാബിലോണിയൻ

കെട്ടിടങ്ങളിൽനിന്നു കിട്ടിയ മുദ്രകളും മറ്റു പദാർത്ഥങ്ങളും ബാബിലോണിയൻ മന്ദിരങ്ങളുടെ കാലം നിർണ്ണയിയ്ക്കപ്പെട്ടിട്ടുള്ളതുകൊണ്ടു മൊഹൻജോദാരോവിൽ ജനങ്ങൾ പാർത്തിരുന്നതു് ക്രി. മു. 2750-ചായിരിയ്ക്കണമെന്നൂഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

ഈ പുരാതനനഗരം മണ്ണുകൊണ്ടു മൂടപ്പെട്ടിട്ടു് അനേകം വത്സരങ്ങൾ ചെന്നശേഷം ആ സ്ഥലത്തു ബൌദ്ധസ്തൂപം സ്ഥാപിയ്ക്കപ്പെട്ടു. ഇതു സാഞ്ചിയിലും തക്ഷശിലയിലുമുള്ള സ്തൂപങ്ങളെപ്പോലെ മനോഹരമായി നിർമ്മിയ്ക്കപ്പെട്ടതാണെന്നു് അനുമാനിയ്ക്കാൻ തക്ക തെളിവുകളൊന്നുമില്ലത്രേ. സ്തൂപത്തിൽനിന്നു ചില നാണയങ്ങൾ കിട്ടിയിട്ടുള്ളതിൽനിന്നു കുശാൻവംശരാജാവായ വാസുദേവന്റെ കാലത്തു ബൌദ്ധസന്യാസികൾ അവിടെ താമസിച്ചിരുന്നുവെന്നനുമാനിയ്ക്കാവുന്നതാണു്. ഇതിനുതാഴെ അടുക്കടുക്കായി നിരവധി ചെങ്കൽക്കെട്ടിടങ്ങൾ കാണപ്പെട്ടു. ഈ കെട്ടിടങ്ങളോരോന്നും വിഭിന്നകാലങ്ങളെ കുറിയ്ക്കുന്നതായി തോന്നും. അയ്യായിരം വർഷങ്ങൾക്കുമുമ്പുള്ള ആ ചെങ്കൽപ്പണികൾ ആധുനികകാലത്തുള്ളവയേക്കാൾ ദൃഢതരങ്ങളായിരിയ്ക്കുന്നവത്രേ. ആ ചെങ്കല്ലുകൾ പ്രാചീനസിന്ധുദേശവാസികളുടെ മഹിമയുറ്റ ശില്പകലാവൈദഗ്ധ്യത്തെ പ്രസ്പഷ്ടമാക്കുന്നവയാണു്. ഭിത്തികൾ കൂട്ടിമുട്ടുന്ന ഓരങ്ങളിൽ ഒരു സൂചി കുത്തിക്കയറ്റാൻ പോലും പഴുതില്ല!

സ്തൂപത്തിനു പടിഞ്ഞാറുഭാഗത്തു ഭവനങ്ങളുടെ നടുവിലായി ഒരു വലിയ വെള്ളത്തൊട്ടിയുണ്ടു്. വടക്കുനിന്നും തെക്കുനിന്നും താഴോട്ടിറങ്ങുന്നതിനു് ഒരുക്കുകളു

ണ്ട്. ചുറ്റുമുള്ള വീടുകളുടെ തറ തെക്കുപടിഞ്ഞാറോട്ട് ചെരിഞ്ഞിട്ടാണ്. അതിന്റെ ചുറ്റും നീർച്ചാലുകളുണ്ടായിരുന്നുവത്രേ. വീഥികളുടെ താഴെ കല്ലുകൊണ്ടു മൂടപ്പെട്ട ചെറുതോടുകളിലാണ് ഇവ ചെന്നുചേർന്നിരുന്നത്. അത്യുജ്ജ്വലവും മഴവെള്ളവും മറ്റഴുക്കുകളും പുറത്തേയ്ക്കാലിച്ചുപോകുവാൻ തക്ക ഏർപ്പാടുകൾ അത്രയും പുരാതനകാലത്തേ ഉണ്ടായിരുന്നുവെന്നുള്ളത് ആരെത്തന്നെ അത്ഭുതപ്പെടുത്തുകയില്ല? കിഴക്കെ മുറികളിലൊന്നിൽ ചെങ്കല്ലുകൊണ്ടു വൃത്താകാരത്തിൽ കെട്ടപ്പെട്ട ഒരു കിണറുണ്ട്. എല്ലാ ഗൃഹങ്ങളിലും കാണപ്പെടുന്ന ചെറിയ മുറികൾ കുളിമുറികളായിരുന്നിരിയ്ക്കണമെന്നു കരുതപ്പെടുന്നു.

എന്തിന്നു്, ഇന്നത്തെ പരിഷ്കൃതങ്ങളായ നഗരനിർമ്മാണപദ്ധതികളുടെ ജനയിതാക്കളായ മരാമത്തുവിദഗ്ദ്ധന്മാരെ വിസ്മയംകൊള്ളിയ്ക്കത്തക്കവണ്ണം, പരസ്പരാഭിമുഖമായും ക്രമത്തിലും സമദൂരത്തിലുമാണ് മൊഹൻജോദാരോവിലെ വീടുകൾ പണിചെയ്യപ്പെട്ടിട്ടുള്ളത്. ഭവനങ്ങളിൽ താഴ്ചാരമോ വലിയ അങ്കണങ്ങളോ ഇല്ല; പൂന്തോട്ടങ്ങളുമില്ല. ഭവനങ്ങൾക്ക് ഒന്നിലധികം നിലകളുണ്ട്. തെരുവിൽനിന്നാണ് മുകളിലേയ്ക്കു കോണിവെച്ചിട്ടുള്ളത്. ആളുകൾക്കു ഞെരുങ്ങിപ്പാർക്കാനേ അവിടെ സ്ഥലമുള്ളൂ. അതിനാൽ അവരിൽ ഐകൃവും സദാചാരവും വളർന്നിരുന്നുവെന്നുവേണം ഊഹിയ്ക്കുവാൻ.

ഭവനഭിത്തികളിൽ ചിത്രവേലകളൊന്നുംതന്നെയില്ല; അവയിന്മേൽ കുമ്മായംതേച്ചിരുന്നതായും തോന്നുന്നില്ല. ചുമരുകളുടെ ഇടയിലുള്ള ദ്വാരങ്ങൾ, അവയിൽ

വെച്ചിരുന്ന അവിട്ടങ്ങൾ നശിച്ചുപോയിരിയ്ക്കുണമെന്നുള്ളതിനു സാക്ഷ്യങ്ങളാണ്.

അക്കാലത്തു സിന്ധുദേശം ചിത്രവേലകളിലും കൊത്തുപണികളിലും വളരെ അഭിവൃദ്ധിനേടിയിരുന്നുവെന്നുള്ളതിന്ന്, ഇവിടെനിന്നു കിട്ടിയ പലതരം മുദ്രകളും, ചിത്രവേലകളോടുകൂടിയ മൺപാത്രങ്ങളും, നായ്ക്കൾ മുതലായവയുടെ രൂപക്കൊത്തുപണികളും വിളിച്ചുപറയുന്നുണ്ട്.

ഇങ്ങിനെ ഐശ്വര്യം വിളയാടിയിരുന്ന ആ നാട്ടിന്റെ പരിഷ്കാരശകലങ്ങളാണ്, അവിടെ കണ്ടുകിട്ടിയിട്ടുള്ള ഭന്നങ്ങൾ, മുദ്രകൾ, പിഞ്ഞാണങ്ങൾ, പലതരം മൺപാത്രങ്ങൾ, കരണ്ടികൾ, മൺപ്രതിമകൾ, ചായം തേച്ചു പാവകൾ മുതലായവ. അവിടെനിന്നു ധാന്യം പൊടിയ്ക്കാനുള്ള തിരിക്കല്ലുകൾ, കൽത്രാസും പടിയും, ചെമ്പുകൊണ്ടുള്ള വാൾ, അരം, അമ്പു, കളിക്കോപ്പുകൾ, ക്ഷൌരക്കത്തി എന്നിങ്ങിനെയുള്ള എല്ലാത്തരം മനുഷ്യോപയുക്തവസ്തുക്കളും കിട്ടുകയുണ്ടായി. വേഷാലങ്കാരത്തിനുപയോഗിച്ചിരുന്ന, സ്വർണ്ണം, വെള്ളി, ചെമ്പു മുതലായ ലോഹങ്ങൾകൊണ്ടു നിർമ്മിതങ്ങളായ ആഭരണങ്ങൾകൂടി കണ്ടെടുത്തിട്ടുണ്ടത്രേ!

മുദ്രകളിലെഴുതിയിരിയ്ക്കുന്നവയുടെ അർത്ഥം ഗ്രഹിയ്ക്കുന്നതിന്ന് വിദഗ്ദ്ധഭാഷാവിജ്ഞാനികൾ ശ്രമിച്ചുവരുന്നുണ്ട്. ഇവയിൽ പലതരം ഭാരതീയമൃഗങ്ങളുടെയും രൂപങ്ങൾ കൊത്തിക്കാണാനുണ്ടെങ്കിലും, കുതിരയുടെ രൂപം കാണാനില്ലത്രേ. ശിരസ്സിൽ കൊമ്പും, കുസുമമാലംകൃതമായ കിരീടവും, കയ്യിൽ വളകളുമുള്ള ഒരുതരം രൂ

പംകൊത്തിയ മുദ്രയും കണ്ടെത്തിയിട്ടുണ്ട്. ഒരുപക്ഷെ, ഈജിപ്തിലെ പുരാതനമൃഗദേവതകളെപ്പോലെ, ഇവ മൊഹൻജോദാരോവിലെ ദേവതകളായിരിയ്ക്കാമെന്നു വിശ്വസിയ്ക്കപ്പെടുന്നു. ചില ആഭരണങ്ങളും സൂക്ഷിച്ചിട്ടുള്ള ഒരു മൺപാത്രം എന്തോ ഒരു സാധനംകൊണ്ടു വലയിതമായിരുന്നത്, ഭൃതക്കണ്ണാടിവെച്ചു സൂക്ഷ്മമായി നോക്കിയപ്പോൾ അത് ഒരുതരം പരുത്തിയാണെന്നു ബോധപ്പെട്ടു. ലോകത്തിൽ ഇപ്പോഴുള്ള ഏറ്റവും പഴക്കംചെന്ന പരുത്തിയാണിത്.

ഇതൊക്കെ കുണ്ടിട്ടായിരിയ്ക്കാം, സർ ജോൺ മാഷ്ൽ ഇങ്ങിനെ രേഖപ്പെടുത്തിക്കാണുന്നത്:

"ചെമ്പുകൊണ്ടും വെള്ളോട്ടുകൊണ്ടുമുള്ള ഉപകരണങ്ങളോടൊപ്പം തന്നെ ആയുധങ്ങളും കല്ലുകൊണ്ടുള്ള സാമഗ്രികളും ഉപയോഗിയ്ക്കൽ തുടർന്പോന്നിരുന്ന ഒരു കാലമായിരുന്നു ഇത്.....ഇങ്ങിനെ ചുരുക്കം ചില പ്രാധാന്യമേറിയ സംഗതികളെക്കുറിച്ചു പ്രസ്താവിയ്ക്കുകയാണെങ്കിൽ, ഇന്ത്യ മാത്രമേ അന്നു വസ്ത്രത്തിനു പരുത്തിയുപയോഗിച്ചിരുന്നുള്ളു. രണ്ടുമൂന്നായിരം കൊല്ലങ്ങൾക്കു ശേഷമാണ് അതു പശ്ചിമരാജ്യങ്ങളിലേയ്ക്കു പ്രചരിച്ചുതുടങ്ങിയത്. മറേറതു മിക്കിലും, മൊഹൻജോ ദാരോവിലെ നിവാസികളുടെ വീടുകളോടും കുളിപ്പുരകളോടും താരതമ്യപ്പെടുത്താൻ തക്ക യാതൊന്നും അക്കാലത്തില്ല. മറേറ പരിഷ്കൃതരാജ്യങ്ങളിൽ ദേവന്മാക്കുള്ള ക്ഷേത്രങ്ങൾക്കും, രാജാക്കന്മാരുടെ കൊട്ടാരങ്ങൾക്കും ശവകുടീരങ്ങൾക്കും വേണ്ടി വളരെയധികം പണവും ആലോചനാശക്തിയും വാരിച്ചെലവിട്ടിരുന്നുവെ

ങ്കിലും സാമാന്യജനങ്ങൾക്കു ക്രമപ്പുരകൾകൊണ്ടു തൃപ്തി യടയേണ്ടിവന്നു; സിന്ധുതീരത്താകട്ടെ നേരെ മറിച്ചാ ണ് നാം കാണുന്നത്. ജനങ്ങൾക്കുവേണ്ടിയാണ്, അ വിടെ ഏറ്റവും ചന്തമുള്ള കെട്ടിടങ്ങൾ നിർമ്മിയ്ക്കപ്പെട്ടി ട്ടുള്ളത്."

മൊഹൻജോ ദാരോവിലെ ഭവനങ്ങളിൽ മറഞ്ഞു കിടന്നിരുന്ന മനുഷ്യാസ്ഥിപഞ്ജരങ്ങളെ ചികഞ്ഞുനോ ക്കിയതിന്റെ ഫലമായി അവിടത്തെ ജനങ്ങൾ മാംസ ഭക്ഷകരായിരുന്നുവെന്നും വലിയ മസ്തിഷ്കങ്ങളും ദീർഘനാ സികകളുമുള്ളവരായിരുന്നുവെന്നും നിർണ്ണയിച്ചിരിയ്ക്കുന്നു.

അമ്പതു ശതാബ്ദങ്ങൾ ചെന്നിട്ടും ചീത്തയാകാതെ അവിടെനിന്നു കിട്ടിയിരിയ്ക്കുന്ന ഗോതമ്പ്, ഇക്കാ ലത്തു തെക്കുപടിഞ്ഞാറേ ഇന്ത്യയിൽ വിളയുന്ന ഗോത മ്പിനോടു സമാനമാണ്.

ചോദ്യം:

1. മൊഹൻജോദാരോ എവിടെ സ്ഥിതിചെയ്യുന്നു?
2. മൊഹൻജോദാരോ ആദ്യം ചെന്നു സന്ദർശിച്ചതാർ?
3. ആവിടെ ഗവേഷണം നടത്തിയതാരാണ്? ആ ഗവേഷണ ത്തിൽ നിന്നെന്താണ് അറിവായത്?
4. അവിടെ നിന്നു കണ്ടുകിട്ടിയ മനുഷ്യാസ്ഥിപഞ്ജരങ്ങൾക്കുള്ള വിശേഷമെന്താണ്?
5. ഇന്ത്യയാണ് ഏറ്റവും പുരാതനമായ കാലത്തു വസ്ത്രാഭരണ ത്തിനു പരുത്തിയുപയോഗിച്ചിരുന്നതെന്നുറപ്പിയ്ക്കപ്പെടാൻ കാ രണമെന്ത്?

9. അന്നും ഇന്നും.

അശിക്ഷിതർ. വിധ-സ്തർ. അകിഞ്ചനർ.
വികൃഷ്ടർ. അമൃത. ഹസ്താമലകം.
കലാംഗാരം. അണിമാദ്യഷ്ടസിദ്ധി.

ഭൂതകാലമഹാമേരു
പുണ്യശൃംഗത്തിൽ നിന്നുനാം
പതിച്ചുപോയ് വർത്തമാന-
പ്പാഴ്ക്കുണ്ടിൽ ഭാരതീയരേ. 1

"അശിക്ഷിതര,ന്നുദ്യോഗ-
രാധിവ്യാധിശതാകുലർ,
അനൈകമത്യവിധ-സ്ത-
രു,സ്വതന്ത്രരകിഞ്ചനർ, 2

അനാഥരേ, സ്ഥിരപ്രജ്ഞ-
രസ-ർഗ്ഗ്യപഥചാരികൾ,
അശേഷജനവികൃഷ്ട-
രു,സ്സഭവ്യരധഃകൃതർ, 3

ഇതെന്തുകഥ—നിന്മക്കൾ-
ഇന്ത്യേ തനയവത്സലേ
ഇമ്മട്ടിലെത്രനാൾ പോക്കു-
മിഹാമൃതബഹിഷ്കൃതർ?" 4

അമ്മയ്ക്കു ഹാഹാ മിഴിയി-
ലശ്രുബിന്ദുനിറഞ്ഞുപോയീ!
അതാകട്ടെ കിടാങ്ങൾക്കു
ഹസ്താമലകമിദ്ദിനം. 5

തായേ, സകലലോകൈക
തത്വജ്ഞാനപ്രദീപികേ,
മറന്നുപോയീ മക്കളങ്ങേ-
മാഹാത്മ്യം മന്ദബുദ്ധികൾ. 6

കലികാലമുരച്ചു
കൈവന്ന തവ മേനിയിൽ
മിന്നിപോലൊരുകാലത്തു
മൃതസഞ്ജീവനൌഷധി. 7

സച്ചിദാനന്ദസാമ്രാജ്യ-
ചക്രവർത്തികൾ താപസർ
അന്നമന്വിച്ചുവാണാർപോ-
ലഖിലാന്നഗ്രഹവ്രതം. 8

സാമഗാനങ്ങളെക്കേട്ടും
ഹോമധൂമത്തെ നോക്കിയും
ആടി, യന്നേകിപോൽ പ്രീതി-
യന്യോന്യമഹികേകികൾ. 9

അരക്കാൽക്കാശിനിന്നുള്ളോ-
രാത്മവിക്രയർ ലാലസർ

അന്നവക്ത്രിയുച്ചൈങ്ങ-
ളുണിമാദ്യുഷ്ണസിദ്ധികം. 10

കുടവസ്ത്രിഗ്ഗർഭങ്ങളം കൂത്തകൾ
കുലാംഗാരങ്ങളം മാട്ടശർ എന്നെപ്പോലെ കൂട്ടുകാർ.
അവാപ്ത ബ്രഹ്മസാമീപ്യ-
രവരോ, ഹംസസത്തമർ. 11

നാശൈകധർമ്മമീമൂത്തി
ഞങ്ങളംക്കു പരദൈവതം ദൈവം.
ജീവന്മുക്തരവക്കോ ഥാ
നിരയത്തീയ്യു 'മേലെരി'. 12

സുവർണ്ണകാല്മേൽക്കുന്നോൻ
രുചിരീയർ ദേവീ രുദ്രൻ
ക്ഷിതിപോയീ വിണ്ണിനെത്താട്ട
ദിക്ചക്രം ദർശനപ്രിയം. 13

മഹാകവി ഉള്ളൂർ.

നിരയം — നരകം.
സുവർണ്ണകാലം — വർത്തമാനകാലം.
രുചിരം — നിറമെഴുമ്പോൾ ചുവന്ന്.
രുദ്രൻ — സൂര്യൻ.
ദിക്ചക്രം — സൂര്യകാന്തി.

10. കൺഫ്യൂഷ്യസ്സ്.

സൌഭ്രാത്രം. അവതീർണ്ണർ. അന്തർദ്ധാനം.
ജ്ഞാനതൃഷ്ണിതം. അനന്യസാമാന്യം.
പരിഷ്കർത്താവ്. ഭൌതികവാദി.
ഗവേഷണം. ജാഗരണം.

ഏഷ്യാഭൂഖണ്ഡത്തിലെ ബഹുശോഭിന്നരായ ജാതിക്കാരേയും വർഗ്ഗക്കാരേയും അനുരഞ്ജിപ്പിയ്ക്കാനും, സൌഭ്രാത്രത്തിന്റെ ഒരേ ഒരു ചരടിലിണക്കിക്കോർത്തക്കവണ്ണം സർവ്വസാമാന്യമായ ഒരു സംസ്കാരത്തെ സൃഷ്ടിയ്ക്കുന്നതിനുംവേണ്ടി ക്രിസ്തുവിനുമുമ്പുള്ള അഞ്ചും ആറും ശതാബ്ദങ്ങളിൽ അവതീർണ്ണരായിട്ടുള്ള മഹാത്മാക്കളിൽ ഒരാളാണ് കൺഫ്യൂഷ്യസ്സ്.

കൺഫ്യൂഷ്യസ്സ് ക്രി. മു. 550-ൽ ചീനയിലെ ലൂ സംസ്ഥാനത്തിൽ ജനിച്ചു. ചീനാചക്രവർത്തിയായ കിംലിമിന്റെ വാഴ്ച്ചക്കാലമായിരുന്നു അത്. അദ്ദേഹത്തിന്റെ അച്ഛൻ ഷൂലിയാങ്ങ് ഹൈ സൌജില്ലയിലെ സേനാപതിയായിരുന്നു. ഷൂലിയാങ്ങ് ഹൈയ്ക്കു പെൺമക്കളേ ഉണ്ടായിരുന്നുള്ളൂ. സന്തതിനിവകാശികളായ ആണ്മക്കളൊന്നുമില്ലാത്തതിനാൽ, എഴുപതാമത്തെവയസ്സിൽ അദ്ദേഹം വീണ്ടും വിവാഹംചെയ്തു. ആ ഭാര്യയിലുണ്ടായ കുമാരനത്രേ നമ്മുടെ കഥാനായകൻ.

പ്രാചീനരായ പല മഹാത്മാക്കളുടേയും ജനനത്തെക്കുറിച്ചെന്നപോലെ, കൺഫ്യൂഷ്യസ്സിന്റെ ജനനത്തെക്കുറിച്ചും നിരവധി കെട്ടുകഥകൾ ചമയ്ക്കപ്പെട്ടിട്ടു

ണ്ട്. കൺഫ്യൂഷ്യസ്സിന്റെ ചെറുപ്പക്കാരിയായ അമ്മ, ചിങ്ങ്ത്സായീ വളരെ വഴിപാടുകളും മറവും കഴിച്ചു പുത്രലബ്ധിയ്ക്കായി പ്രാത്ഥിച്ചുവത്രേ. തൽഫലമായി ഒരു ദിവസം സപ്നത്തിൽ ആ സുചരിതയ്ക്ക് ഒരു ദേവോത്തന്റെ അരുളപ്പാടുണ്ടായി. "നിങ്ങൾക്കൊരു ജ്ഞിയായ മകൻ പിറക്കും; നിങ്ങൾ അവനെ ഒരു 'മംബറി' വൃക്ഷത്തിന്റെ പൊത്തിൽ പ്രസവിയ്ക്കണം." എന്നുപറഞ്ഞു ആ ദേവോത്തൻ അന്തർദ്ധാനംചെയ്തയും ചെയ്തു.

ഷുലിയാങ്ങ്ഹൈ ഈ അരുളപ്പാടിനെപ്പറ്റി അറിഞ്ഞു ഭാര്യയ്ക്കു പ്രസവിയ്ക്കാനായി 'മംബറി വൃക്ഷകോടരം' എന്നുപറയുന്ന ഒരു കുന്നിലെ ഗുഹയിൽ ഏർപ്പാടു ചെയ്തവത്രേ.

കുട്ടി ജനിച്ചപ്പോൾ ദേവതമാരും മറവും ഗുഹാമുഖത്തിൽ പ്രത്യക്ഷപ്പെട്ട സുഗന്ധദ്രവ്യങ്ങളും വീശുകയും മറവും ചെയ്തപോൽ! ശിശുവിന്റെ അമ്മയ്ക്കു മധുരമായ ഒരു രാഗാലാപം ശ്രവണപുടങ്ങളിൽ മുഴങ്ങുന്നതായി തോന്നി. ഒരു ശബ്ദം ഇങ്ങിനെ പറയുന്നതും കേട്ടു: "നിങ്ങൾക്കു പരിശുദ്ധനായ പുത്രൻ പിറന്നതുകൊണ്ട് ഈശ്വരൻ സന്തുഷ്ടനായി, മംഗളഗീതങ്ങളെ ഭൂമിയിലേയ്ക്കയയ്ക്കുന്നു." ശിശുവിന്റെ ശരീരത്തിൽ നാല്പ തൊമ്പതു അടയാളങ്ങളും ഈ വാക്കുകളും കാണപ്പെട്ടകയുണ്ടായത്രേ. "ഇവൻ ധർമ്മശാസ്ത്രങ്ങളുണ്ടാക്കുകയും നാട്ടുകാരുടെ കാര്യങ്ങൾ തീരുമാനിയ്ക്കുകയും ചെയ്യും."

ഈവക കെട്ടുകഥകളേക്കാളധികം വിശ്വസിയ്ക്കാൻ നല്ലത് അദ്ദേഹം ഒരു വിജ്ഞാനിയായ മനുഷ്യനാണെന്നാണ്. മനുഷ്യർക്ക് എത്രയും ഉന്നതനും ഉൽ

ക്ലേഷനമാവാൻ കഴിയുമെന്നുള്ളതിനു തെളിവുകൾ നമ്മുടെ മുമ്പിലുള്ളപ്പോൾ നാം എന്തിനു അബദ്ധവിശ്വാസങ്ങളെ തേടിപ്പോകുന്നു?

കൺഫ്യൂഷ്യസിനു മൂന്നു വയസ്സു തികയുന്നതിനു മുമ്പുതന്നെ ആ ബാലന്റെ അച്ഛൻ പരലോകപ്രാപ്തനായി. കൺഫ്യൂഷ്യസിന്റെ കുടുംബം അനാഥവും നിർദ്ധനവുമായിത്തീർന്നു. തന്മൂലം കാലക്ഷേപാർത്ഥം പ്രവൃത്തിയെടുക്കാൻ ആ ബാലൻ നിർബ്ബന്ധനായി. എന്നാൽ അദ്ദേഹത്തിന്റെ മനസ്സ് അന്നുതൊട്ടേ ജ്ഞാനതൃഷിതമായിരുന്നു. പതിനഞ്ചാമത്തെ വയസ്സോടുകൂടി ഒരു ഋഷിയായിത്തീരാൻ അദ്ദേഹം തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നുവെന്നു പറയപ്പെടുന്നു.

പത്തൊമ്പതാമത്തെ വയസ്സിൽ അദ്ദേഹം വിവാഹം കഴിച്ചു. ആ വിവാഹത്തിൽ അദ്ദേഹത്തിന് ഒരു പുത്രനും രണ്ടു പുത്രിമാരും ജനിച്ചു. എന്നാൽ ഒരേ സമയത്തുതന്നെ ഒരു മഹാപണ്ഡിതനും, ഒരു വിവേകശാലിയായ ഭരണകർത്താവുമാവാൻ ഉൽക്കണ്ഠപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മനസ്സിനെ ഗാർഹികജീവിതത്തോടു ബന്ധിച്ചുനിർത്താൻ വിവാഹം പര്യാപ്തമായില്ല. വിവാഹം കഴിഞ്ഞ ഉടനെ, അദ്ദേഹത്തിന് ഒരു 'സ്റ്റോർ കീപ്പറു'ടെ സർക്കാരുദ്യോഗം കിട്ടി. പിന്നീടദ്ദേഹം പാർക്കുകളുടേയും കന്നുകാലികളുടേയും മറ്റും മേലന്വേഷകനെന്ന പദവിയിലേയ്ക്കുയർത്തപ്പെട്ടു.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഒരു പാഠശാല സ്ഥാപിച്ച് അദ്ദേഹം അധ്യാപകവൃത്തി സ്വീകരിച്ചു. ഈ പാഠശാലയിൽവെച്ചു കൺഫ്യൂഷ്യസ് ശരിയായ

ആചാരനടവടിയുടേയും രാജ്യഭരണത്തിന്റേയും തത്വ
ങ്ങളെ അധ്യേതാക്കൾക്കു വിവരിച്ചുകൊടുത്തു. അധ്യേ
താക്കളെല്ലാവരും ചെറുപ്പക്കാരായിരുന്നു. ധനികന്മാ
രുടെപക്കൽനിന്ന് അദ്ദേഹം ഗണ്യമായ ഫീസ്സു മേടി
യ്ക്കാറുണ്ടായിരുന്നുവത്രേ. എന്നാൽ ദരിദ്രന്മാരെ ഒരിയ്ക്ക
ലും അവിടെ സ്വീകരിയ്ക്കാതിരുന്നിട്ടില്ല. പ്രാപ്തിയും
ഉത്സാഹവും പ്രമാണമാക്കിയിട്ടാണ് ഈ മഹാശയൻ
വിദ്യാർത്ഥികളെ സ്വീകരിച്ചിരുന്നത്.

അധ്യാപകനെന്ന നിലയ്ക്കും ഭരണകർത്താവെന്ന
നിലയ്ക്കും അദ്ദേഹത്തിനുണ്ടായിരുന്ന പ്രാപ്തി നാടൊ
ട്ടുക്കും പ്രശസ്തമായി. ഭരണകർത്താവെന്ന നിലയ്ക്കു, നി
രത്ഥകങ്ങളായ പഴഞ്ചൻമാമൂലുകളെ അടിച്ചുനീ
ക്കാൻ ക്ലേശമില്ലാതിരുന്ന ഒരുജ്ജിതാശയനായ പ
രിഷ്കർത്താവായിരുന്നു അദ്ദേഹം. ഈ വിശാലാശയൻ
മുപ്പതു വയസ്സുവരെ ചരിത്രവും തത്വജ്ഞാനവും പ
ഠിച്ചു. ഭ്രതകാലത്തിലെ രേഖകളും മറ്റും സമഗ്രമായി
പഠിച്ച് അദ്ദേഹം രാജ്യഭരണത്തേയും ആചാരനടവടി
കളേയും കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങളെ രൂപപ്പെ
ടുത്തി.

ക്രി. മു. 517-ൽ ലു സംസ്ഥാനത്തിലെ രണ്ട് അഭി
ജാതയുവാക്കന്മാർ കൺഫ്യൂഷ്യസ്സിന്റെ ശിഷ്യന്മാരാ
യിത്തീർന്നു. അവരോടൊപ്പം കൺഫ്യൂഷ്യസ്സ് രാജ്യ
ത്തിന്റെ തലസ്ഥാനനഗരിയിൽപ്പോയി, ഇംപീരിയൽ
ലൈബ്രറിയിൽ തന്റെ ചരിത്രസംബന്ധിയായ ഗവേ
ഷണം തുടർന്നു; രാജകൊട്ടാരത്തിൽവെച്ചു തനിയ്ക്ക് ഏറ്റ
വും പ്രിയമായ സംഗീതവും അദ്ദേഹം പഠിച്ചു. സംഗീ

തും അദ്ദേഹത്തെ എന്തെന്നില്ലാതെ ആകർഷിച്ചിരുന്നു. എന്നാല്ല, പാട്ടുകേട്ടിരുന്നാൽ ഭക്ഷണം കഴിയ്ക്കുണ്ട കഥക്രൂടി അദ്ദേഹം വിസ്മരിയ്ക്കുക പതിവാണത്രേ. രാജ്യഭരണസംബന്ധമായ തന്റെ ചട്ടങ്ങളിൽ സംഗീതത്തിന്ന് അദ്ദേഹം ഒരു പ്രധാനസ്ഥാനം നല്കിയിരുന്നുവെന്നുള്ളതു പ്രസ്താവ്യമാണ്.

ഈ കാലത്താണ് അദ്ദേഹം തന്റെ സമകാലീനനായ ലഒട്സേ എന്ന പ്രശസ്തതത്വജ്ഞാനിയെ കണ്ടെത്തിയതെന്നു പറയപ്പെടുന്നു. ലഒട്സേയുടെ സ്വഭാവവും കൺഫ്യൂഷ്യസ്സിന്റെ സ്വഭാവവും തമ്മിൽ വലിയ വൈരുദ്ധ്യമുണ്ടായിരുന്നു. ലഒട്സേ അലൌകികശക്തിയിൽ വിശ്വസിച്ചിരുന്ന ഒരാദർശവാദിയായിരുന്നു. കൺഫ്യൂഷ്യസ്സ് ഒരു തികഞ്ഞ ഭൌതികവാദിയും. മഹത്വത്തെസ്സംബന്ധിച്ചേടത്തോളം ലഒട്സേ അപ്രതിമനമായിരുന്നു. ചീനയിൽ നിലവിലുള്ള മതങ്ങളിലൊന്നു സ്ഥാപിച്ച മഹാനാണ് അദ്ദേഹം.

ഇതിനിടയിൽ ലൂ സംസ്ഥാനത്തിൽ ആകസ്മികമായ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെട്ടതുമൂലം, ആ സംസ്ഥാനനായകനു് അവിടം വിട്ട് അയൽപ്രദേശമായ ത്സിയിലേയ്ക്കു പോകേണ്ടിവന്നു. കൺഫ്യൂഷ്യസ്സും അദ്ദേഹത്തെ അനുഗമിച്ചു. കാരണം, വിപ്ലവകാരികളുമായി ഏറ്റുമുട്ടുന്നതനുചിതമായിരിയ്ക്കുമെന്ന് അദ്ദേഹം കരുതി. നാട്ടുവിട്ടുപോകുമ്പോഴുള്ള അദ്ദേഹത്തിന്റെ യാത്രയെക്കുറിച്ചു പ്രസിദ്ധമായ ഒരു കഥ പ്രചരിച്ചിട്ടുണ്ട്:

തന്റെ ശിഷ്യന്മാരോടൊപ്പം തായീപവ്വതപ്രദേശങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഒരു ശ്മശാനത്തിന്നടുത്തു ദുഃഖാകുലയായി കമിഴ്ന്നു കിടക്കുന്ന ഒരു സ്ത്രീയെക്കണ്ടിട്ടു കൺഫ്യൂഷ്യസ്സിന്റെ അകമലിഞ്ഞു. അതിന്റെ കാരണം അന്വേഷിച്ചുവരാനായി അദ്ദേഹം ശിഷ്യന്മാരിലൊരാളെ അയച്ചു. "എന്റെ ഭർത്താവിന്റെ അച്ഛനേയും ഭർത്താവിനേയും ഒരു നരി കൊന്നുകളഞ്ഞു. ഇപ്പോളിതാ എന്റെ മകനും അതേ വിധിതന്നെ അനുഭവിച്ചു." എന്നു പറഞ്ഞ ആ സ്ത്രീയോട് ആ സ്ഥലം വിട്ടുപോകാത്തതെന്താണെന്നു ചോദിച്ചപ്പോൾ, ജനങ്ങളെ മർദ്ദിയ്ക്കുന്ന ഒരു രാജ്യഭരണമല്ല അദ്ദിക്കിലുള്ളത്, എന്നതത്രേ അതിനു മുഖ്യപടി കിട്ടിയത്. കൺഫ്യൂഷ്യസ്സ് ഉടനെ ഇതിൽനിന്നൊരു പാഠം ചൂണ്ടിക്കാണിച്ചു: "പ്രിയപ്പെട്ട കുട്ടികളേ, ഇതോർമ്മിച്ചുകൊൾവിൻ, മർദ്ദനഭരണം ഒരു നരിയേക്കാളധികം ഭയാനകമാണ്; ജനങ്ങൾക്കു നരിയേക്കാളേറെ ഭയവുമാണ് അത്തരം ഭരണത്തെ."

വളരെക്കാലം കൺഫ്യൂഷ്യസ്സ് സർക്കാരുദ്യോഗമില്ലാതെ ഇരുന്നു. ഇക്കാലമെല്ലാം അദ്ദേഹം സഞ്ചരിച്ചും, ജനങ്ങൾക്കു നന്മയുടേയും സദ്ഭരണത്തിന്റേയും നടവടികളുപദേശിച്ചും കഴിച്ചുകൂട്ടി. എന്നാൽ സമയത്തിൽ ഭ്രരിഭാഗവും സ്വയം പഠിയ്ക്കാനും, സ്വശിഷ്യരെ പഠിപ്പിയ്ക്കാനുമാണ് അദ്ദേഹം ചെലവഴിച്ചത്. തത്വജ്ഞാനിയായ കൺഫ്യൂഷ്യസ്സിന്റെ ഉപദേശങ്ങൾ കേൾക്കാൻ വേണ്ടി ദിവസംപ്രതി ജനങ്ങൾ കൂട്ടംകൂട്ടമായി എത്തിച്ചേർന്നിരുന്നു. ഈ തത്വജ്ഞാ

നിയുടെ യഥാർത്ഥനാമധേയം കൺഫ്യൂഷ്യസ്സ് എന്നല്ലായിരുന്നു. 'കുങ്' —മഹാതത്വജ്ഞാനി എന്നർത്ഥത്തിലുള്ള കുങ്ഫുട്സു എന്നാണ്. കൺഫ്യൂഷ്യസ്സ് എന്നതു കുങ്ഫുട്സു എന്നതിന്റെ ലത്തീൻ രൂപമാണ്.

കൺഫ്യൂഷ്യസ്സ് തന്റെ ആരാധകന്മാരായിരുന്ന അനുഗാമികളുടെ ഒരു സംഘത്തോടൊന്നിച്ചാണ് സഞ്ചരിച്ചിരുന്നത്. ഇക്കാലത്ത് അദ്ദേഹം ഉച്ചരിച്ച ഓരോ വാക്കും ഈ ശിഷ്യന്മാർ ഓരോ നിധിപോലെ സൂക്ഷിച്ചുവെച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഒരു സമാഹാരം ലോകത്തിന്നു ലഭിച്ചിട്ടുണ്ട്.

കൺഫ്യൂഷ്യസ്സ് വളരെ പൊക്കമുള്ള ഒരാളായിരുന്നു. പക്ഷികളുടെ ചിറകുകളെന്നപോലെ എല്ലായ്പോഴും തന്റെ കയ്യുരണ്ടും വിരുത്തിയിട്ടാണത്രേ അദ്ദേഹം നടക്കുക പതിവ്. അദ്ദേഹത്തിന്റെ പുറം ആമയുടെ പുറംപോലെയായിരുന്നു. ഈ ചീനാതത്വജ്ഞാനി മിതമായേ തിന്നുകയും കുടിയ്ക്കുകയും പതിവുണ്ടായിരുന്നുള്ളുവെങ്കിലും, ഭക്ഷണത്തെപ്പറ്റി അദ്ദേഹത്തിന്നു ചില സവിശേഷാഭിപ്രായങ്ങളുണ്ടായിരുന്നു. നല്ല ആഹാരത്തോടുള്ള ബഹുമാനാധിക്യംകൊണ്ടു, ഭക്ഷണം കഴിയ്ക്കുമ്പോൾ അദ്ദേഹം സംസാരിയ്ക്കാറുണ്ടായിരുന്നില്ല.

അഗാധമായ സ്നേഹം ജനിപ്പിയ്ക്കുന്ന ഒരു സ്വഭാവക്കാരനായിരുന്നില്ല കൺഫ്യൂഷ്യസ്സ്. അദ്ദേഹം അതിൽ ഉദാസീനനും ഒരു സാധാരണമട്ടുകാരനുമായിരുന്നു. എന്നാൽ, എത്രതന്നെ അകന്നുനില്ക്കുന്ന ആൾക്കും ഈ മഹർഷിവര്യനോട് ആദരവും ബഹുമാനവും തോന്നും.

അദ്ദേഹത്തിന്റെ മനുഷ്യസഹജങ്ങളായ ചില ദൌർബ്ബല്യങ്ങളും അന്ധവിശ്വാസങ്ങളുമുണ്ടായിരുന്നു. ഇടിവെട്ടു കേട്ടാൽ അദ്ദേഹത്തിന്റെ ഭാവം മാറുകയും, ഉടനെ അദ്ദേഹം ഉടുപ്പുകളെടുത്തിടുകയും ചെയ്തിരുന്നുവത്രേ. എന്നാൽ വിജ്ഞാനംകൊണ്ടും സദ്പ്രവൃത്തികൾകൊണ്ടും സാമാന്യജനങ്ങളിൽനിന്ന് എത്രയോ ഉന്നതവും പ്രൌഢഗംഭീരവുമായ ഒരു മനോഭാവമാണ് അദ്ദേഹം പ്രകടമാക്കിയിരുന്നത്.

ഈ മഹാന്റെ സദ്പ്രവൃത്തിനിരതയ്ക്കും മറവും ഉത്തമസാക്ഷ്യം വഹിയ്ക്കുന്നതാണ് പില്ക്കാലത്തെ അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതം. അമ്പത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം ചുങ്ങ്ടുനഗരത്തിൽ ഗവർണ്ണരായി നിയമിയ്ക്കപ്പെട്ടു. അധികകാലം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിന്ന് ഏറ്റവും ഉയർന്ന ഉദ്യോഗത്തിലേയ്ക്കു കയറ്റം കിട്ടി. പിന്നീടു തന്റെ അനന്യസാമാന്യമായ ബുദ്ധിശക്തിയാലും, സചിവിഷ്യരുടെ സാഹായ്യത്താലും അദ്ദേഹം രാജ്യഭരണമൊട്ടുക്കും ക്രമപ്പെടുത്തി. അസത്യവും വഞ്ചനയും ആസകലം നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. അന്നു വിശ്വാസവും സത്യസന്ധതയും പുരുഷന്മാരുടേയും, പാതിവ്രത്യവും ഗൃഹിണീതപവും സ്ത്രീകളുടേയും സവിശേഷഗുണങ്ങളായിത്തീർന്നു. ഇങ്ങിനെ ജനങ്ങളുടെ ആരാധനാപാത്രമായിത്തീർന്ന അദ്ദേഹത്തെ എല്ലാവരും വാഴ്ത്തി.

കൺഫ്യൂഷ്യസ്സിന്റെ ഭരണപരിഷ്കാരങ്ങൾ അക്കാലത്തു തികച്ചും നവീനവും അത്ഭുതാവഹവുമായിരുന്നു. ആധുനികപരിഷ്കൃതാക്കൾക്കുകൂടി അനുകരണീയ

ങ്ങളത്രേ അവയിൽപ്പലതും. അദ്ദേഹം ദരിദ്രന്മാക്കു ഭക്ഷണം നല്കുക മാത്രമല്ല, ചെറുപ്പക്കാക്കും വയസ്സന്മാക്കും വ്യത്യസ്തഭക്ഷണങ്ങൾ കല്പിയ്ക്കുകകൂടിച്ചെയ്തു. ശക്തിമാന്മാക്കും ദുർബലന്മാക്കും അവരർഹിയ്ക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ വിഭജിച്ചുകൊടുത്തു. എല്ലാത്തരം സാമാനങ്ങൾക്കും സ്ഥിരമായ ഒരു വില നിർണ്ണയിച്ചു; നികുതി വരവു വ്യാപാരത്തെ പോഷിപ്പിയ്ക്കാനായി വിനിയോഗിച്ചു. ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചു. പാതകളും പാലങ്ങളും പുതുക്കിപ്പണിയിച്ചു. പ്രഭുക്കന്മാരുടെ പ്രതാപത്തിന്നു് ഒരു വിരാമമിട്ടു; സാമാന്യജനങ്ങളെ മദ്ധ്യനത്തിൽനിന്നു വിമുക്തരാക്കി; നീതിയുടെ ദൃഷ്ടിയിൽ എല്ലാവർക്കും തുല്യസ്ഥാനം നല്കി.

കൺഫ്യൂഷ്യസ്സിന്റെ ഇത്തരം പരിഷ്കാരങ്ങൾ അയൽരാജ്യത്തുള്ള ഭരണകർത്താക്കൾക്കു നീരസജനകമായി. തങ്ങളുടെ പ്രജകളും ഭരണപരിഷ്കാരങ്ങൾക്കു ലഹളകൂട്ടിത്തുടങ്ങുമെന്നുകരുതി, ഡ്യൂക്കിനെ കൺഫ്യൂഷ്യസ്സിന്റെ ഉപദേശങ്ങൾ സ്വീകരിയ്ക്കുന്നതിൽനിന്നു പിന്തിരിപ്പിച്ചു. ഇതുകാരണം, കൺഫ്യൂഷ്യസ്സ് വ്യാകുലചിത്തനായി അവിടം വിട്ടു. പിന്നെ ആ ഡ്യൂക്കു മരിച്ചതിന്നുശേഷം അദ്ദേഹത്തിന്റെ മകൻ കൺഫ്യൂഷ്യസ്സിന്റെ ഉപദേശങ്ങളെ ആരാഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കലേയ്ക്കാളെ അയച്ചു. ലുവിലെ ഭരണത്തെ പുനസ്സംഘടിപ്പിയ്ക്കാൻ ഡ്യൂക്ക് കൺഫ്യൂഷ്യസ്സിനോടാവശ്യപ്പെട്ടു.

ഇക്കാലമായപ്പോഴയ്ക്കു കൺഫ്യൂഷ്യസ്സിന്നു് ഏതാണ്ടു് എഴുപതു വയസ്സു തികഞ്ഞിരുന്നു. അതിനാൽ വാർ

കൃസഹജമായ ക്ഷീണം അദ്ദേഹത്തെ വീണ്ടും ഔദ്യോഗികജീവിതത്തിലേപ്പെട്ടാൻ അനുവദിച്ചില്ല.

ഈ ചീനക്കാരനായ തത്വജ്ഞാനി പിന്നീട് അഞ്ചുകൊല്ലംകൂടി ജീവിച്ചു. ഇക്കാലത്തും അദ്ദേഹം ശിഷ്യരെ പഠിപ്പിച്ചിരുന്നു. കൺഫ്യൂഷ്യസ് "വസന്തവും ശിശിരവും" എന്ന ഒരേ ഒരു ഗ്രന്ഥം മാത്രമേ എഴുതിയിട്ടുള്ളുവത്രേ. ഇരുന്നൂറിനാല്പത്തിരണ്ടു വർഷക്കാലത്തെ വിവരണങ്ങളടങ്ങിയ ഒരു മഹാഗ്രന്ഥമാണിത്.

ചീനയെ രണ്ടായി ഭാഗിച്ചിട്ടുള്ളതിൽ കൺഫ്യൂഷ്യസ് ഉത്തരചീനക്കാരനാണ്. ഇവിടെ അദ്ദേഹത്തിന്റെ തത്വങ്ങൾക്കാണ് കൂടുതൽ പ്രാമുഖ്യം കിട്ടിയിട്ടുള്ളത്.

കൺഫ്യൂഷ്യസ്സിന്റെ കുടുംബക്കാർ അദ്ദേഹത്തിന്റെ സ്വദേശമായ കിയുഫൊ നഗരത്തിൽ ഇപ്പോഴും ആയിരക്കണക്കിലുണ്ട്. നഗരത്തിനു പുറത്തു വൃക്ഷനിബിഡമായ ഒരു കുന്നിന്മേലാണ് കുങ്ങ് ശ്മശാനം. ഈ ചീനാതത്വജ്ഞാനി ഒരിയ്ക്കലും ജാഗരണമില്ലാത്ത അനശ്വരനിദ്രയിലാണ്ടുകിടക്കുന്നതിവിടെയത്രേ. ഈ യതിശ്രേഷ്ഠന്റെ സ്മാരകമായി അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥലത്ത് ഒരു വെണ്ണക്കൽപ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

ഈ മഹാൻ ക്രി. മു. 478-ൽ എഴുപത്തിമൂന്നാമത്തെ വയസ്സിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. "എന്നെ അറിയുന്ന ഒരാളുമില്ല; എന്നെ ഗുരുനാഥനായി വരിയ്ക്കാൻ ബുദ്ധിയുള്ള ഒരു ഭരണകർത്താവും ഉണ്ടാവുന്നില്ല." എന്നായിരുന്ന അദ്ദേഹത്തിന്റെ നിരാശതാപൂർണ്ണമായ വിലാപം.

ശിഷ്യന്മാക്ക് അദ്ദേഹത്തോടുണ്ടായിരുന്ന ബഹുമാനവും ഭക്തിയും അപരിമേയമായിരുന്നു. ശിഷ്യർ മൂന്നു കൊല്ലക്കാലം അദ്ദേഹത്തിന്റെ ശവകുടീരത്തിന്നടുക്കലിരുന്നു വിലപിയ്ക്കുകയുണ്ടായി!

കൺഫ്യൂഷ്യസ്സ് ഒരു മതസ്ഥാപകനാണെന്നോ, ഒരു നൂതനസിദ്ധാന്തസ്ഥാപകനാണെന്നോ, നവീനരാജ്യഭരണവ്യവസ്ഥാപകനാണെന്നോ ഒരിയ്ക്കലും അവകാശപ്പെട്ടിട്ടില്ല. എന്നല്ല, അതു പരസ്യമായി നിഷേധിച്ചിട്ടുണ്ടുതാനും. "ഞാൻ പുതുതായി ഒന്നും സൃഷ്ടിച്ചിട്ടില്ല; പഴയതു പകർത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്," എന്നേ അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളൂ.

ചോദ്യം.

1. കൺഫ്യൂഷ്യസ്സിന്റെ ജനനം ഏതുവർഷത്തിലാണ്?
2. കൺഫ്യൂഷ്യസ്സിന്റെ ജനനത്തെപ്പറ്റിയുള്ള ഐതിഹ്യമെന്ത്?
3. കൺഫ്യൂഷ്യസ്സ് എത്ര ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്? അവയുടെ പേരെന്ത്?
4. കൺഫ്യൂഷ്യസ്സിന്റെ സമകാലീനനായ തത്വജ്ഞാനിയുടെ പേരെന്ത്?

വസന്തം the spring
ഗ്രീഷ്മം the summer
വർഷം the rain
ശരത്ത് the autumn
ഹേമന്തം the winter
ശിശിരം the dewy

11. തദ്ദേശസ്വയംഭരണസമിതികൾ

അനിരോധ്യം. ആധ്യക്ഷ്യം.
അവശ്യം. സമഗ്രം.

പ്രാചീനഭാരതത്തിലെ രാജ്യഭരണചരിത്രം സംഘങ്ങളുടെ സമർത്ഥമായ ഭരണാധികാരത്തിന്റെ ഒരു ചരിത്രമാണ്. ഉത്തരേന്ത്യയിൽ വൈദികകാലത്തും, ബുദ്ധമതത്തിന്റെ വാഴ്ചകാലത്തും സമിതികളാണ് ഭരണം നടത്തിയിരുന്നതെന്നു ചരിത്രം പറയുന്നു. ചോളരാജാക്കന്മാരുടേയും പാണ്ഡ്യരാജാക്കന്മാരുടേയും, ഭരണകാലചരിത്രം ഇത്തരം സമിതികളുടെ സുവർണ്ണചരിതങ്ങളെക്കൊണ്ടു നിറഞ്ഞതാണ്. രക്ഷകവർഗ്ഗത്തിൽപ്പെട്ട നായന്മാർ, രാജ്യത്തെ സൈനികാവശ്യത്തിന്നായി ദേശവാഴികളുടെ കീഴിൽ ദേശങ്ങളായും, നാടുവാഴികളുടെ കീഴിൽ നാടുകളായും വിഭജിച്ചു. പിന്നെ, നാടുകളെ തറകളായും ഭാഗിച്ചു. തറയെ ഭരണവിഭാഗമാക്കി; ദേശത്തെ സൈനികഭാഗവും. നായന്മാർ ആയിരക്കണക്കിലും, നൂറുനൂറായും സംഘങ്ങൾ ചേർന്ന്, ഓരോ നാട്ടിന്റേയും സംരക്ഷണഭാരം ഏറെറടുത്തു നടത്തിപ്പോന്നു. ഗ്രാമസഭ, ദേശസഭ, മാമാങ്കമെന്ന അഖിലകേരളസഭ എന്നീ സംഘങ്ങൾ മലയാളത്തിന്റെ ഭരണം നടത്തി. ടിപ്പുസുൽത്താന്റെ അനിരോധ്യമായ ആക്രമണത്തിന്റെ പടക്കുറവിൻ തല്ലുകൊണ്ടു മലബാറിലെ പുരാതനസ്വയംഭരണസമിതികൾ തച്ചുടയ്ക്കപ്പെട്ടു. കൊച്ചിയിലെ ഗ്രാമസഭാഭരണം ക്രി. പി.

1761-ൽ നാമാവശേഷമായി. തിരുവിതാംകൂറിലെ ഇ തരം ഗ്രാമസഭകളും ഇതേ സ്ഥിതിവിശേഷത്തെത്ത ന്നെ അനുകരിച്ചു.

ഇങ്ങിനെ പുരാതനഭാരതത്തിൽ അത്ഭുതാവഹമാം വണ്ണം ഭരണം നടത്തിപ്പോന്ന ആ സ്വയംഭരണസമിതി കളെക്കുറിച്ചും, അതിന്റെ ഉദ്ദേശങ്ങളെക്കുറിച്ചും സാമാ ന്യമായ ഒരു ജ്ഞാനമുണ്ടായിരിയ്ക്കേണ്ടതു് ആവശ്യമാ ണല്ലോ.

ഒരു രാജ്യത്തിൽ വസിയ്ക്കുന്ന ആളുകളിൽ ഭൂരിപക്ഷത്തിന്റെ സുഖസൌകര്യങ്ങളെക്കുറിച്ചുനോക്ഷിയ്ക്കുകയാണു്, അല്ലെങ്കിൽ അങ്ങിനെയാവണം രാജ്യഭരണത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. അപ്പോൾ ആ രാജ്യനിവാസികളുടെ ഹിതത്തിന്നനുരൂപമായ ഭരണമാണു് ഉത്തമമെന്നു വരുന്നു. നമ്മുടെ പൂർവ്വികന്മാർ രാജാക്കന്മാരുടേയും, പ്രഭുക്കന്മാരുടേയും, നാടുവാഴികളുടേയും വിവിധങ്ങളായ ഭരണവ്യവസ്ഥകളിലൂടേ കടന്നുപോന്നിട്ടുണ്ടു്. ആ ഭരണങ്ങളും മിക്കവാറും ഭരണകർത്താക്കളുടെ സ്വന്തം താല്പര്യങ്ങളെക്കുറിച്ചും, സുഖസൌകര്യങ്ങളെക്കുറിച്ചും അനേക്ഷിയ്ക്കുന്നതിൽ ആണ്ടുമുഴുകിയപ്പോൾ, സാമാന്യജനങ്ങൾക്കു കഠോരങ്ങളായ പല കഷ്ടപ്പാടുകളും നേരിട്ടുതുടങ്ങി. അതിന്നു് ഒരടക്കം വെയ്ക്കാൻ, തങ്ങളുടെ സ്വന്തം അഭിലാഷത്തിന്നനുസരിച്ചുള്ള ഒരു ഭരണക്രമത്തെ ഏർപ്പെടുത്തേണ്ടതാണെന്നവർക്കു തോന്നി. ആ അഭിലാഷത്തിൽനിന്നാണു്, ഇന്നു വില്ലേജുപഞ്ചായത്തുകളെന്നും, മുനിസിപ്പാലിറ്റികളെന്നും മറ്റും പറയപ്പെടുന്ന തദ്ദേശസ്വയംഭരണസമിതികൾ ഉടയംകൊണ്ടിട്ടുള്ളതു്.

പണ്ടത്തെ ഗ്രാമസഭകളും, ദേശസഭകളും മുക്കാൽ ചില വ്യത്യാസങ്ങളോടുകൂടി മാത്രം രൂപാന്തരപ്പെട്ടതാണ്, ഇന്നത്തെ പഞ്ചായത്തുകളും ഡിസ്ട്രിക്ട് ബോർഡുകളും.

പഞ്ചായത്തുകളെപ്പറ്റി നിങ്ങൾ മുമ്പിലത്തെ പുസ്തകത്തിൽനിന്നു ഗ്രഹിച്ചിരിയ്ക്കും.

ഗ്രാമകാര്യങ്ങളെക്കുറിച്ചു മേലനേഷണം നടത്താൻ പഞ്ചായത്തുകളുള്ളതുപോലെ, മഹാനഗരങ്ങളുടേയും കൊച്ചുപട്ടണങ്ങളുടേയും മേൽനോട്ടം വഹിയ്ക്കാൻ നഗരസഭകളുമുണ്ട്. ഈ നഗരസഭകൾക്കു 'കോർപ്പറേഷൻ', 'മുനിസിപ്പാലിറ്റി', 'ടെയ്ൺ കൌൺസിൽ' എന്നൊക്കെ പറയും. നഗരവാസികൾക്കു പൊതുവിൽ ആരോഗ്യത്തിന്നും, ശുദ്ധജലവിതരണത്തിന്നും, വൈദ്യസഹായത്തിന്നും, സാംക്രമികരോഗനിവാരണത്തിന്നും വേണ്ട ഏർപ്പാടുകൾ നടപ്പിൽ വരുത്തുകയാണ് ഈ നഗരസഭകളുടെ പ്രധാന ജോലി. ഗതാഗതങ്ങൾ നിയന്ത്രിയ്ക്കുക, പാതകൾ വെട്ടിയുണ്ടാക്കുക, എന്നീ ജോലികളും അവയുടെ പ്രവൃത്തിപരിധിയിൽപ്പെട്ടതാണ്. ബോംബെ, മദ്രാസ്, കല്ക്കത്ത എന്നീ വലിയ നഗരസഭകളും, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ ചെറിയ നഗരസഭകളും ചില വിദ്യാലയങ്ങൾ നടത്തിവരുന്നുണ്ട്. അങ്ങിനെ ചില നഗരങ്ങളിലെ പൊതുവിദ്യാഭ്യാസത്തെയും നഗരസഭകൾ ഏറെക്കുറെ ഏറ്റെടുത്തിട്ടുണ്ടെന്നു പറയാം.

ഈ നഗരസഭകളിലേയ്ക്കുള്ള പ്രതിനിധികളെ ഏറിയകൂറും ജനങ്ങൾ തിരഞ്ഞെടുക്കുകതന്നെയാണ് പതിവ്. അതിനാൽ ഈ നഗരസഭകളും ജനപ്രതിനിധി

സഭകൾതന്നെയാണ്. ഒരു നഗരത്തിലെ ജനസംഖ്യയ്ക്കനുസരിച്ച്, ആ നഗരത്തെ പല വാർഡുകളായി വേർതിരിയ്ക്കും. ഇതിൽ ഓരോ വാർഡിൽനിന്നും ഒന്നോ അതിലധികമോ പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ ഗവമേണ്ടിന് ആ നഗരത്തിലെ പൌരന്മാർക്ക് അധികാരം നല്കുന്നു. ഇങ്ങിനെ തിരഞ്ഞെടുക്കപ്പെടുന്നവർക്കുപുറമേ, ഗവമേണ്ടിന്റെ ഒരു കമ്മീഷണരേയും ആ നഗരത്തിലെ പ്രധാനവൈദ്യനേയും മറ്റുചിലരേയും അംഗങ്ങളായി നിയമിയ്ക്കുന്നതാണ്. പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരും, ഗവമേണ്ടിനാൽ നിയമിയ്ക്കപ്പെട്ടവരുമായ ഈ അംഗങ്ങളുടെ സമിതിയ്ക്ക് 'മുനിസിപ്പാൽ കൌൺസിൽ', 'കോർപ്പറേഷൻ', ടൌൺകൌൺസിൽ' എന്നൊക്കെ പേർ പറയും. ഈ അംഗങ്ങൾ തങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന ഒരാളായിരിയ്ക്കും, സാധാരണമായി ഈ നഗരസഭയുടെ അധ്യക്ഷ്യം വഹിയ്ക്കുക. അധ്യക്ഷനിൽ പല അധികാരങ്ങളും നിക്ഷിപ്തമായിട്ടുണ്ടെങ്കിലും, നഗരസഭാംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തിനനുസരിച്ചുമാത്രമേ അയാൾക്കു പ്രവർത്തിയ്ക്കാൻ പാടുള്ളൂ. എന്നാൽ നഗരസഭയെ ഭരിയ്ക്കാൻ ഏറെക്കുറെ അധ്യക്ഷനതന്നെയാണ് അധികാരമുള്ളത്. ഭരണാധികാരരഥത്തിന്റെ കടിഞ്ഞാൺ ജനപ്രതിനിധികളിലേയ്ക്കു തികച്ചും വിട്ടുകൊടുക്കാതെ അടക്കിപ്പിടിയ്ക്കാനാണ്, ഗവമേണ്ടിൽനിന്നൊരു കമ്മീഷണരെ നിയമിച്ചിട്ടുള്ളതും.

നഗരസഭകളുടെ പ്രവൃത്തികളെ നടപ്പിൽ വരുത്താനുള്ള ധനം, നികുതി ചുമത്തിയിട്ടാണ് സാധാരണമായി

സംപാദിയ്ക്കാവുള്ളത്. ഗവമ്മേണ്ടിൽനിന്നു കൊല്ലംതോ
റും ഒരു തുക സഹായധനമായി കൊടുക്കുകയും പതിവു
ണ്ട്. അതിനുപുറമേ, എന്തെങ്കിലും സവിശേഷജോലി
കൾ നിവ്വഹിയ്ക്കേണ്ടതായിട്ടുണ്ടെങ്കിൽ, ഗവമ്മേണ്ടിൽ
നിന്നു പണം കടംകൊടുക്കുകയും ചെയ്യും.

ഇന്ത്യാരാജ്യത്തിലെ പ്രധാനനഗരങ്ങളിലെല്ലാം ഇ
പ്പോൾ നഗരസഭകൾ സ്ഥാപിതമായിട്ടുണ്ട്. ഈ നഗര
സഭകളെപ്പോലെത്തന്നെ, താലൂക്കിലെ കാര്യങ്ങൾ നട
ത്താൻ താലൂക്കുബോർഡുകളും, ഡിസ്ട്രിക്ടിലെ കാര്യ
ങ്ങൾ നടത്താൻ ഡിസ്ട്രിക്ട്ബോർഡുകളുമുണ്ട്. താലൂക്കു
ബോർഡിൽ കുറഞ്ഞതു പന്ത്രണ്ടു മെമ്പർമാരുണ്ടായിരി
യ്ക്കും. സാധാരണമായി ഇരുപത്തിനാലിൽ അധികമാ
കാറുമില്ല. ഡിസ്ട്രിക്ട് ബോർഡിലാകട്ടെ, അംഗങ്ങളുടെ
ഏറ്റവും കുറഞ്ഞ സംഖ്യ ഇരുപത്തിനാലാണ്. എ
ന്നാൽ മദിരാശിസംസ്ഥാനത്തിൽ താലൂക്കുബോർഡുക
ളെല്ലാം ഈയിടെ എടുത്തുകളഞ്ഞു. താലൂക്കുബോർഡു
കളുടേയും, ഡിസ്ട്രിക്ട്ബോർഡുകളുടേയും പരിധി നഗര
സഭകളുടേതിനേക്കാൾ വലുതായുന്നതോടൊപ്പം, അവ
യുടെ അധികാരസീമയും വിപുലമാവുമെന്ന് ഈയവസ
രത്തിൽ ഓർക്കേണ്ടതാണ്. വാഹനഗതാഗതം, പൊതു
ജനാരോഗ്യം, റോഡുനിർമ്മാണം, വിദ്യാഭ്യാസം എന്നി
വയെപ്പറ്റി ആലോചിച്ചു വേണ്ടതു പ്രവർത്തിയ്ക്കുക
തന്നെയാണ്, ഈ ബോർഡുകളുടേയും പ്രധാനകർത്തവ്യ
ങ്ങളും.

മുൻകാലങ്ങളിൽ തദ്ദേശസ്വയംഭരണസമിതികളി
ലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുത്തിരുന്നതു്, ഒരു പ

ക്കേ, ഗ്രാമവാസികളെല്ലാം ഒരിടത്തൊത്തുചേർന്ന്, തങ്ങളുടെ അഭിപ്രായത്തോടു യോജിയ്ക്കുന്ന ആളുകളുടെ പേരുകൾ നേരിട്ട് അഭിപ്രായപ്പെട്ടിട്ടായിരിയ്ക്കാം. എന്നാൽ ഇന്നു പരിഷ്കൃതരീതിയിലാണ് തിരഞ്ഞെടുപ്പു നടത്താറ്. തിരഞ്ഞെടുക്കാനധികാരമുള്ള ആളുകൾ ഗവൺമേണ്ടിൽനിന്നു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തൊത്തുകൂടി, തിരഞ്ഞെടുപ്പിനു നില്ക്കുന്നവരുടെ പേരുകളെഴുതിയ കടലാസ്സിൽ ഒരാളുടെ പേരിന്നുനേർക്ക് × എന്ന ഒരടയാളമിട്ട് അതു തിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെ കയ്യിലേല്പിയ്ക്കും. ബ്രിട്ടീഷിന്ത്യയിൽ ഈയിടെയായി തിരഞ്ഞെടുപ്പിനു നില്ക്കുന്നവർക്കു ഗവൺമേണ്ടിൽനിന്ന് ഓരോ നിറത്തിലുള്ള പെട്ടികൾ നല്കാറുണ്ട്. തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ കൊടുക്കുന്ന കടലാസ്സു മടക്കി ആ പെട്ടികളിലിടുകയേ അവിടങ്ങളിൽ ചെയ്യേണ്ടതുള്ളൂ. ഇങ്ങിനെ അഭിപ്രായം രേഖപ്പെടുത്തുന്നതിനു 'വോട്ടുചെയ്യൽ' എന്നു പറയുന്നു. ഇതിനുള്ള അവകാശം ഒരു രാജ്യത്തിലെ പ്രജകൾക്ക് അവശ്യം ഉണ്ടായിരിയ്ക്കേണ്ടതാണ്. ഈ അവകാശമുണ്ടായാൽമാത്രമേ, തങ്ങൾക്കുള്ള സങ്കടങ്ങളെ ഗവൺമേണ്ടിനെ അറിയിയ്ക്കാൻ പ്രജകൾക്ക് അധികാരമുണ്ടാവൂ എന്നു വരുമ്പോൾ ഇതിന്റെ ഗൌരവം എത്രമാത്രമുണ്ടെന്നു പറയേണ്ടതുണ്ടോ? അനഭിലഷണീയരായ ആളുകൾ ഭരണയന്ത്രത്തെ കയ്യടക്കിവെച്ചു, രാജ്യനിവാസികളെ അതിരറ്റ ദാരിദ്ര്യത്തിന്റേയും, നിർദ്ദയങ്ങളായ കഷ്ടപ്പാടുകളുടേയും വിടുവേലക്കാരാക്കി മാറ്റുമ്പോൾ, അവരെ അടക്കിനിർത്തി, ഭരണഭാരം അവരിൽനിന്നു നീക്കം ചെയ്യാൻ വോട്ടവകാശംകൊണ്ടു മാത്രമേ കഴിയൂ.

വോട്ടവകാശം ബ്രിട്ടീഷിന്ത്യയിൽ അക്ഷരാഭ്യാസമുള്ളവക്കൊക്കെ ഈയിടെ നല്കപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂറിലും മറ്റും സ്വന്തടമകപ്പംക്കും നികുതിദായകന്മാക്കും മാത്രമേ വോട്ടവകാശമുള്ളൂ. കൊച്ചിയിൽ സ്ക്കൂംഫൈനൽ പരീക്ഷ പാസ്സായവക്കുംക്രൂടി ഈയിടെ അനുവദിയ്ക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയ്ക്കുപുറമേയുള്ള ചില രാജ്യങ്ങളിൽ പ്രായപൂർത്തിവന്ന, പതിനെട്ടു വയസ്സു തികഞ്ഞ എല്ലാ സ്ത്രീപുരുഷന്മാക്കും ഈ അവകാശം ലഭിച്ചിട്ടുണ്ട്.

ലോകത്തിലെ മഹാന്മാരായ എല്ലാ രാജ്യതന്ത്രപ്രവീണന്മാരും സസന്തോഷം സമ്മതിച്ചുകഴിഞ്ഞിട്ടുള്ളതാണ്, ഒരു മനുഷ്യസമുദായത്തെ പരിഷ്കരിയ്ക്കുവാനും, സമഗ്രമായി സംസ്കരിയ്ക്കുവാനും വിവിധരീതിയിൽ വികസിപ്പിയ്ക്കുവാനും പ്രജായത്തഭരണത്തിനുമാത്രമേ കഴിവുള്ളുവെന്ന്. എന്നാൽ ഇതിനു മനുഷ്യസമുദായത്തെ മുഴുവൻ വിദ്യാസമ്പന്നമാക്കുകയും വേണം. രാജ്യത്തിന്റെ ഭാവിയുടെ രൂപം നല്കാൻ അവരെ സമർത്ഥരാക്കിയേ ഇതു സുസാധ്യമാവൂ. അതിനാൽ ഗവർമ്മേണ്ടു പഞ്ചായത്തുകളിലേയ്ക്കും, നഗരസഭകളിലേയ്ക്കും മറ്റും അധികാരം വിട്ടുകൊടുക്കുന്നതോടൊപ്പംതന്നെ, ജനങ്ങളെ വിദ്യാസമ്പന്നരാക്കേണ്ടതും അനുപേക്ഷണീയമാണ്. എന്നാൽ, വിദ്യാഭ്യാസത്തിന്റെ പുതുവെളിച്ചം തട്ടി ഈ തദ്ദേശസ്വയംഭരണസമിതികൾ ക്രമേണ യഥാർത്ഥങ്ങളായ ഭരണസ്ഥാപനങ്ങളായി വികസിയ്ക്കുകയും, അവ പൊതുജനങ്ങളുടെ ഇടയിൽ നാനാമുഖമായ

ഐശ്വര്യവും ക്ഷേമാഭിവൃദ്ധിയും സമാധാനവും കൈവളർത്തുകയും ചെയ്യും.

ചോദ്യം:—

1. തദ്ദേശസ്വയംഭരണസമിതികൾകൊണ്ടുള്ള ആവശ്യമെന്ത്?
2. പണ്ടുകാലങ്ങളിൽ ഈ സഭകളുടെ സ്ഥാനം വഹിച്ചിരുന്ന ചില സംഘങ്ങളുടെ പേരു പറയുക.
3. ഇന്നത്തെ നഗരസഭകളുടെ പേരുകൾ എന്ത്?
4. നഗരസഭകളെപ്പോലെ താലൂക്കുകൾക്കും ഡിസ്ട്രിക്ടുകൾക്കും തത്തുല്യങ്ങളായ സഭകളുണ്ടോ? അവയുടെ പേരെന്ത്?
5. താലൂക്കുബോർഡിൽ ചുരുങ്ങിയതെത്ര അംഗങ്ങളുണ്ടായിരിക്കും? ഡിസ്ട്രിക്ടുബോർഡിലെത്ര?
6. വോട്ടവകാശത്തെപ്പറ്റിയും, വോട്ടു ചെയ്യുന്നതിനെപ്പറ്റിയും അറിയുന്നതെഴുതുക.

---

12. മണ്ണുണ്ണ്.

ദാരകന്മാർ. ധാതാവ്. മാമയൻ.

[കൃഷ്ണൻ ഒരു ദിവസം കൂട്ടുകാരുമായി കളിച്ചുനില്ക്കുന്നതിന്നിടയ്ക്കു മണ്ണുതിന്നതറിഞ്ഞു യശോദ വന്നു കൃഷ്ണന്റെ വായ് തുറന്നുകാണാൻ ശാസിക്കുന്നതും, വായിൽ സപ്തർഷികളും ഭൂമിയും പാതാളവുമെല്ലാം കണ്ടു വിസ്മയപരതന്ത്രയാവുന്നതും.]

ചങ്ങാതിമാരായ ബാലകന്മാരു-
മ്മങ്ങാതെനിന്നുള്ള രാമനുമായ്
പൂഴിവ്വാരാടിക്കളിച്ചുനിന്നീടിനാൻ
ആഴിപ്പെണ്ണാളുമക്കാവ്വണ്ണാൻ
മണ്ണതിന്നീടിനാൻ കണ്ണനെന്നിങ്ങനെ
തിണ്ണംപോയ്ചെന്നിട്ടാദാരകന്മാർ

മാതാവോടായിട്ടു ചൊല്ലിനിന്നീടിനാർ
മാതാവുതാനതു കേട്ടനേരം
ഓടിച്ചെന്നങ്ങവൻ ചാരത്തു ചെഞ്ചമ്മേ
പേടിപ്പിച്ചീടുവാനായിച്ചൊന്നാൾ:—
'മണ്ണതിന്നീടുന്നതെന്തിനു ചൊല്ലുണ്ണീ
വെണ്ണയും പാലും ഞാൻ താരാഞ്ഞിട്ടോ?
ചോറില്ലയാഞ്ഞോ മറെറന്തില്ലയാഞ്ഞു? നീ
ചൊൽവശനല്ലെന്നു വന്നക്രൂടീ.
ശീലക്കേടിങ്ങനെ ചാലേ നീ കാട്ടുമ്പോൾ
കോലുകൊണ്ടേയിനിച്ചോദിയ്ക്കുന്നു.
അമ്മതാനിങ്ങനെ ചൊന്നതുകേട്ടുള്ളാ-
രംബുജലോചനൻ താനുംചൊന്നാൻ—
'വെണ്ണയും കൈവിട്ടു മണ്ണതിന്നീലഞാൻ
നിണ്ണയിച്ചാലുമിച്ചൊന്നതമ്മേ!
ബാലന്മാർ ചൊന്നതു നിണ്ണയമെങ്കിലോ
വാപിളർന്നീടാം നിൻ മുമ്പിലേ ഞാൻ!'
'വാപിളർന്നീടു നീ', എന്നവൾ ചൊല്ലുയാൽ
വാപിളർന്നീടിനാൻ ബാലനപ്പോൾ.
മണ്ണിനെക്കാണ്മാനമ്മാതാവുതാനപ്പോൾ
കണ്ണനുൻ വായിലേ നോക്കുംനേരം
മണ്ണല്ലാമങ്ങവൻ വായിലേ കാണായി
മണ്ണിനെയല്ലവൾ വിണ്ണും കണ്ടാൾ.
വിണ്ണിനെക്കാങ്കയാൽ വിസ്മയം പൂണ്ടവൾ
പിന്നെയും ചെഞ്ചമ്മേ നോക്കുംനേരം
മറുള്ള ലോകങ്ങളൊക്കവേ കാണായ്,
തെറെറന്നപ്പൈതൽതൻ വായിൽതന്നെ.

പാതാളലോകവും വേതാളലോകവും
ധാതാവിൻലോകവും ക്രൂടെക്കണ്ടാഠം
ആഴികഠംകാണായിതാശകഠംതോറു-
ള്ളാനകഠംതന്നെയും കാണായപ്പോഠം.
ആകാശംകാണായിതാദിത്യന്മാരെയും
കാർമുകിൽമാലയും താരങ്ങളും
മാമേരുമുമ്പായ ശൈലങ്ങളെല്ലാമേ-
മ്മാമയപ്പൈതൽതൻ വായിൽക്കണ്ടാഠം.
ബ്രഹ്മനെക്കാണായി വിഷ്ണുവെക്കാണായി
നന്മുനിമാരെയും കാണായീവന്നു;
ഇന്ദ്രനെക്കാണായി ചന്ദ്രനെക്കാണായി-
തിന്ദ്രാണിതന്നെയുമവ്വണ്ണമേ;
രുദ്രനെക്കാണായി ഭദ്രനെക്കാണായി
രുദ്രാണിതന്നെയും കാണായീവന്നു.
മന്ദാരം ചമ്പകം ചന്ദനം ചേൎന്നുള്ള
നന്ദനംതന്നെയും കണ്ടാളപ്പോഠം.
ഗോകുലം കാണായി ഗോപികമാരെയും
ഗോപന്മാർനിന്നതും കാണായപ്പോഠം.
ധന്യനായുള്ളോരു നന്ദനെക്കാണായി
തന്നെയും കാണായിതവ്വണ്ണമേ.
വായുംപിളൎന്നതൻ ചാരത്തുനിന്നൊരു
മാമയന്തന്നെയും കാണായപ്പോഠം.
അന്തകനന്തനുടെ മന്ദിരം കാണായി-
ത്തന്തകന്തന്നെയുമവ്വണ്ണമേ.
അന്തകൻതന്നുടെ യാനനംകണ്ടപ്പോഠം
അന്തമില്ലാതോളം പേടിയായി.

കണ്ണുമടച്ചു വിറച്ചുനിന്നീടിനാൾ
'കണ്ണാ, കാൺകേണ്ട'യെന്നോതിയോതി;
ചൊല്ലിനാൾ മെല്ലെയപ്പൈതലോടന്നേരം
അല്ലൽപിണഞ്ഞുള്ളൊരുള്ളവുമായ്:—
'പണ്ടെന്നും കാണാതപ്പാപിയെക്കാങ്കയാൽ
ഇണ്ടൽമൂഴക്കന്നു പാരമുള്ളിൽ
ആകയാലിന്നുനീ വാമുറുക്കീടായ്കിൽ
ചാകുന്നതുണ്ടെന്നു തേറിനാലും.'
എന്നതുകേട്ടൊരു നന്ദകുമാരകൻ
മന്ദിച്ചുനില്ലാതെ വാമുറുക്കി
അമ്മിഞ്ഞിയ്ക്കായിട്ടണഞ്ഞുചെന്നീടിനാൻ
അമ്മതൻചാരത്തു കൊഞ്ചിക്കൊഞ്ചി.
ഖിന്നനഞ്ഞീടുന്ന ബാലനെക്കണ്ടപ്പോൾ
നന്ദവിലാസിനി മന്ദിയാതെ
മെല്ലെന്നെടുത്തു പുണർന്നുനിന്നീടിനാൾ
പല്ലവം വെല്ലുമപ്പൂവലംഗം.

ചെറുശ്ശേരി.

13. ജീവകം (വിറ്റാമിൻ).

ക്ലേശകരം. പര്യവേക്ഷണം.

അത്യന്തോപയുക്തം. പ്രാകൃതഭക്ഷണം.

പരിഷ്കാരം വർദ്ധിയ്ക്കാൻ തുടങ്ങിയതോടൊപ്പം കൃത്രിമജീവിതവും തജ്ജന്യങ്ങളായ വിപത്തുകളും നാടെല്ലാം നടമാടാൻ തുടങ്ങി. നാൾതോറും എന്നപോലെ പുതിയ പുതിയ രോഗങ്ങളും മനുഷ്യലോകത്തിൽ സ്ഥലംപിടിച്ചു. മനുഷ്യൻ കഴിയ്ക്കുന്ന ഭക്ഷണങ്ങൾ വഴിയ്ക്കാണ്, അഥവാ ആ ഭക്ഷണങ്ങളിലെ ന്യൂനതകൾമൂലമാണ് രോഗങ്ങൾ പിടികൂടുന്നതെന്ന സാമാന്യമായി പറയുന്നതിൽ വലിയ അബദ്ധമില്ല. ഇതാവണം, ഭക്ഷണപദാർത്ഥങ്ങളിൽ ക്ലേശകരങ്ങളായ പല പര്യവേക്ഷണങ്ങളും നടത്താൻ ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചത്. ഈ നിരന്തരമായ ഗവേഷണമത്രേ, കാണാനോ, ഘനം തൂക്കിയറിയാനോ കഴിയാത്തതായ പോഷകവിശേഷങ്ങൾ മിക്ക ഭക്ഷണസാധനങ്ങളിലും അടങ്ങിയിട്ടുണ്ടെന്ന കണ്ടുപിടിച്ചത്. ഇവ എ. ബി. സി. ഡി. ഇ. എഫ്. എന്ന ലിപികളിൽ വേർതിരിയ്ക്കപ്പെട്ടിട്ടുമുണ്ട്. ഇവയാണ് ജീവകങ്ങൾ (Vitamins) എന്ന പേരിൽ അറിയപ്പെടുന്നത്.

ആദ്യമൊക്കെ, വെള്ളം, ഉപ്പ്, കൊഴുപ്പ്, അംഗാരോദം, ഓജസദ്രവ്യം (പ്രോട്ടീൻ) മുതലായവയാണ് ഭക്ഷണത്തിലെ പോഷകാംശങ്ങളായി ഗണിയ്ക്കപ്പെട്ടുപോന്നിരുന്നത്. എന്നാൽ കേംബ്രിഡ്ജിലെ ജീവിശാ

സ്കോവിജ്ഞാനീയവിദഗ്ധനായ സർ. എഫ്. ഗോൾട്ടൺ കിൻസ് എന്ന മഹാൻ പ്രകൃതിയിൽ വിളയുന്ന വിഭവങ്ങളിൽ ചില സവിശേഷവസ്തുക്കൾ ഉൾച്ചേർന്നിട്ടുണ്ടെന്നും, അവ മനുഷ്യന്റെ ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്തോപയുക്തങ്ങളാണെന്നും കണ്ടുപിടിച്ചു. അദ്ദേഹംതന്നെയാണ് പാലിൽ ജീവകാംശം ഉണ്ടെന്നു തെളിയിച്ചത്.

ജീവകങ്ങൾ സസ്യവസ്തുക്കളിൽ മാത്രമേ ഉള്ളൂ എന്ന ഒരു ധാരണ പലർക്കുമുണ്ട്. എന്നാൽ പാലിലും, സസ്യഭുക്കുകളായ മത്സ്യങ്ങളുടെ എണ്ണയിലും ഈവക വസ്തുക്കളുണ്ട്. കോഡ് എന്ന മത്സ്യം പായലുകൾ തിന്നു ജീവിയ്ക്കുന്ന ചെറുമീനുകളെ ഭക്ഷിച്ചു പുലരുന്നതിനാൽ, ആ മത്സ്യത്തിന്റെ എണ്ണയിൽ ഒരു ജീവകാംശമുണ്ട്. ഈ ജീവകമാണ് ഡി. എന്ന പേരിൽ കൊള്ളിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ഇത് അതിസൂക്ഷ്മവും അത്യന്തദുർല്ലഭവുമായ ഒന്നാണെന്നു മുമ്പേ പറഞ്ഞുവല്ലോ. 40,000 ഔൺസു മീനെണ്ണയിൽ ഒരൌൺസു, ഡി. ജീവകം മാത്രമേ ഉണ്ടായിരിയ്ക്കയുള്ളുവെന്നു ശാസ്ത്രജ്ഞന്മാർ കണക്കെടുത്തിരിയ്ക്കുന്നു. പശുവിൻ പാലെടുത്തു പരീക്ഷണം നടത്തിയതിൽ, അതിൽ ഏയും, ബീയും, ജീവകങ്ങളുണ്ടെന്നറിവായിരിയ്ക്കുന്നു. ഏതായാലും ജീവകങ്ങളുടെ ഉല്പത്തിസ്ഥാനം സസ്യവിഭവങ്ങളാണെന്നു പറയുന്നതിൽ തെറ്റില്ല.

ഇതേവരെയായി കണ്ടുപിടിച്ചിട്ടുള്ളത് ഏഴു തരം ജീവകങ്ങളാണ്. ഈ ആറെണ്ണത്തെക്കുറിച്ചും ചിലതറിഞ്ഞിരിയ്ക്കുന്നതു നന്നായിരിയ്ക്കും.

ജീവകം. ഏ. മീനെണ്ണ, പാൽ, വെണ്ണ, വെണ്ടയ്ക്ക, നെയ്യ്, കോഴിമുട്ട, കൊഴുപ്പുള്ള മത്സ്യങ്ങൾ, പുതിയ കായ്കറികൾ, ഹരിതവർഗ്ഗം ഇവയിലൊക്കെ ഏ. എന്ന ജീവകം അടങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാധനങ്ങളേതും അധികനേരം വേവിച്ചാൽ, ഈ പോഷകാംശം പോയ്പോകും. ഈ ജീവകം ശരീരത്തിൽ വസയുണ്ടാക്കുവാൻ സഹായിയ്ക്കുന്നു. ക്ലോമതെ, മൂക്ക്, കണ്ണും, ശ്വാസകോശം മുതലായവയുടെ രോഗങ്ങളെ ശമിപ്പിയ്ക്കുന്നു. ആകപ്പാടെ, ശരീരവളർച്ചയേയും, ചൈതന്യത്തേയും ഉണ്ടാക്കുന്ന ഒന്നാണിത്. കണ്ണിന്റെ കാഴ്ചശക്തിയ്ക്ക് ഈ ജീവകം അത്യന്താപേക്ഷിതമാണ്. ഇതിന്റെ പോരായ്മ, കാഴ്ചയ്ക്ക മങ്ങൽ വരുത്തും.

ജീവകം. ബി. ഈ പോഷകാംശം ഏറ്റവും ആവശ്യമായ ഒന്നാണ്. ഇതിന്റെ അഭാവം മരണകാരണംക്രടിയാണത്രേ! ബി. ജീവകം ഇല്ലാത്ത ഭക്ഷണസാധനങ്ങളുപയോഗിച്ചാൽ ബെറിബെറി (മഹോദരം) എന്ന വ്യാധി പിടിപെടാനെളുപ്പമുണ്ട്. ബി. എന്ന ജീവകാംശം ഏറിയക്രുറും ധാന്യങ്ങളുടെ തവിടിലാണിരിയ്ക്കുന്നത്. അതിനാൽ, അരി, ഗോതമ്പ്, ബാർളി, ഓട്ട്മീൽ, ചോളം, മുത്താറി, രാഗിപ്പുല്ല് മുതലായവയിൽ ബി. ജീവകം അംഗാരോദത്തിന്റെ ത്രുപത്തിൽ ഉറച്ചേന്നിരിയ്ക്കുന്നു. ഇതു ദീപനത്തിനുതകുന്ന ഒന്നാണ്. പാലിലും പച്ചക്കറികളിലും പഴങ്ങളിലും ഇത് അപൂർവ്വമായിട്ടുണ്ട്. എന്നാൽ നമ്മുടെ വീടുകളിൽ, കൈകൊണ്ടു കുത്തിയെടുക്കുന്ന അരിയിലാണ് ഇതധികമുള്ളത്. പക്ഷെ, തവിട് വല്ലാതെ കളഞ്ഞു വെളുപ്പിച്ച അ

രിയിൽ ഈ ഗുണവിശേഷം ഉണ്ടാവില്ല. ചാക്കരിയിലും മില്ലുകുത്തരിയിലും ഈ ജീവകാംശം നന്നെ കുറഞ്ഞിരിയ്ക്കും. ഇത്രയും പറഞ്ഞതിൽനിന്നു തവിടിലാണ് ഈ വസ്തു അധികവും അടങ്ങിയിരിയ്ക്കുന്നതെന്നു സിദ്ധിയ്ക്കുന്നു. ഇതുകൊണ്ട്, അരിയും മറ്റു ധാന്യങ്ങളും ഭക്ഷണത്തിനുപയോഗിയ്ക്കുന്നതു, തവിട്ടു കളയാതെയായാൽ വളരെ നന്നായിരിയ്ക്കും.

ജീവകം. സി. കൈതച്ചക്ക, തക്കാളിപ്പഴം, മധുരനാരങ്ങ ഇവയിൽ സുലഭമായും, ഇലക്കറികളിലും ചീരയിലും പാലിലും തുല്യലഭമായും, ഇതടങ്ങിയിരിയ്ക്കുന്നു. എന്നാൽ ഇത് വളരെ എളുപ്പത്തിൽ നശിച്ചുപോകും. ഇലകറിക്കുണക്കം തട്ടിയാൽ, പാൽപഴങ്ങറം വേവിച്ചാൽ, അവയിലെ സി. എന്ന ജീവകാംശം നാട്ടവിട്ടും. ഈ ജീവകാംശമോ, രക്തം ഉഷ്ണിയ്ക്കാതെ, ശരീരത്തിന്നൊട്ടാകെ ഒരു ബലം കൊടുക്കുവാനുള്ളതുമാണ്. ഇതിന്റെ പോരായ്മ കൂട്ടികറിക്കു (Scurvy) എന്ന രോഗമുണ്ടാക്കുന്നു.

ജീവകം. ഡി. മീനെണ്ണയിലും കോഴിമുട്ടയിലുമാണ് ഇതധികമുള്ളത്. പാലിലും വെണ്ണയിലും നെയ്യിലും വഴുതനങ്ങയിലും ചുവന്ന ചീരയിലും കുറച്ചൊക്കെ ഉണ്ട്. അല്പം വെളിച്ചെണ്ണയിലുമുണ്ടത്രേ, ഡി. ജീവകം. സൂര്യരശ്മി ചർമ്മത്തിലേല്പിയ്ക്കുന്നതുകൊണ്ടും ഡി. എന്ന ജീവകാംശം സമ്പാദിയ്ക്കാമത്രേ! ഇന്ത്യാരാജ്യത്തിലെ ചില ദിക്കിലുള്ള ആളുകൾ എണ്ണതേച്ചു, വെയിലത്തു നില്ക്കുക പതിവാണ്. ഇതു ഡി. ജീവകാംശം നേടാൻ പറ്റിയ ഒരു വഴിയാണ്. മല

യാളികളായ നാം വിശേഷിച്ചും ഇക്കാര്യം മനസ്സിലാക്കുന്നതു വെറുതെയാവില്ല. ഈ ജീവകാംശം എല്ലുകൾക്കാണ് അധികവും പ്രയോജനപ്പെടുക. കുട്ടിയിലേ നട്ടെല്ലിന്നും കാലിന്നും മറ്റും കണ്ടുവരുന്ന വളവിന്നു കാരണം, ഡി. ജീവകത്തിന്റെ അഭാവം ഒന്നു മാത്രമാണ്. ഇതില്ലാതായാൽ ഗ്രഹണി വരാനും എളുപ്പമുണ്ട്. കുട്ടികൾക്കുണ്ടാകുന്ന മിക്ക രോഗങ്ങൾക്കും, വിശിഷ്യ, റിക്കറ്റ്സ് എന്ന രോഗത്തിന്നു ഹേതു ഈ പോഷകാംശത്തിന്റെ കുറവാണ്.

ജീവകം ഇ. ഇ. എന്ന ജീവകാംശം മറ്റുള്ളവയെപ്പോലെ ആരോഗ്യവർദ്ധനത്തിന്നുള്ളതല്ല. ഈ പോഷകാംശം ലൈംഗികജീവിതത്തിന്നുപകരിയ്ക്കുന്ന ഒന്നാണ്. ഇതില്ലാതായാൽ സന്താനോല്പാദനം സാധ്യമല്ല. കോഴിമുട്ടയിലും നേന്ത്രക്കായയിലും ഈ അംശം ധാരാളമടങ്ങിയിട്ടുണ്ട്. ചുരുക്കമായി മാത്രം പാലിലും മീനെണ്ണയിലും കണ്ടേയ്ക്കാം.

ജീവകം എച്ച്. ഇതു പൊതുവേ ആവശ്യമായ ഒരു ജീവകമല്ല. കുട്ടികൾക്കു മുലകൊടുക്കുന്ന അമ്മമാക്കാണ് ഇതു വേണ്ടത്. ഈ ജീവകാംശം മുലപ്പാലിനെ വർദ്ധിപ്പിയ്ക്കുന്നു. മുലപ്പാലില്ലാത്ത അമ്മമാക്കു മുരിങ്ങയില ഭക്ഷണമായി കൊടുക്കുന്നതു കാണാം. ഇതു കൊണ്ടു മുരിങ്ങയിലയിൽ ഈ ജീവകാംശം അടങ്ങിയിട്ടുണ്ടെന്നു വേണം ഊഹിയ്ക്കാൻ.

ജീവകാംശങ്ങളെസ്സംബന്ധിച്ചു ഒരേകദേശജ്ഞാനം മാത്രമേ മുകളിൽ വിവരിച്ചതിൽനിന്നു കിട്ടുകയുള്ളൂ. ഇവയെപ്പറ്റിയ ഗവേഷണം ഇന്നും അപൂർണ്ണമായിട്ടാണ് ഇരിപ്പു.

ജീവകങ്ങൾ ആരോഗ്യത്തിന്നത്യന്താപേക്ഷിതമാണെന്നുള്ള വസ്തുത നാം മറന്നുകൂടാ. നാമുപയോഗിയ്ക്കാറുള്ള മുരിങ്ങക്കായ, നേന്ത്രക്കായ, വെണ്ടയ്ക്ക മുതലായ പച്ചക്കറികളിൽ ജീവകങ്ങൾ ധാരാളമടങ്ങിയിട്ടുണ്ട്. ഉരുളൻകിഴങ്ങിലും ജീവകാംശമുണ്ട്. എന്നാൽ വേവിച്ചതിന്നു ശേഷമേ തൊലി കളയാവൂ. കാരണം, അതിന്റെ തൊലിയിലാണ് ഇതടങ്ങിയിട്ടുള്ളത്. എല്ലാ സാധനങ്ങളും, നാം സാധാരണ ചെയ്യാറുള്ളപോലെ, വല്ലാതെ വേവിയ്ക്കുന്നതു നന്നല്ല. അതുകൊണ്ടു ഭക്ഷണസാധനങ്ങളൊക്കെയും പകുതികണ്ടു വേവിച്ചു കഴിയ്ക്കുകയാണുത്തമം.

'അമിതമായാൽ അമൃതും വിഷം' എന്നപോലെ, ജീവകങ്ങൾ ദേഹത്തിന്നത്യാവശ്യമാണെങ്കിലും, അധികമായാൽ നന്നല്ല. ദിവസംപ്രതി, കുറെശ്ശെ കുറെശ്ശെയായിട്ടേ അതും അകത്തു ചെല്ലാവൂ.

ജീവകങ്ങളൊക്കെ പ്രകൃതിയിൽ നിന്നുതന്നെയാണ് ലഭിയ്ക്കുന്നതെന്നു മുൻ സൂചിപ്പിച്ചുവല്ലോ. അതിനാൽ ആവുന്നതും കൃത്രിമങ്ങളായ ആഹാരങ്ങളപേക്ഷിച്ചു, പ്രാകൃതഭക്ഷണങ്ങൾ തന്നെ ശീലിയ്ക്കാൻ ശ്രമിയ്ക്കുകയാണ് നാം വേണ്ടത്.

ചോദ്യം:

1. എങ്ങിനെയാണീ രോഗം നമ്മെ ബാധിയ്ക്കുന്നത്?
2. ജീവകങ്ങൾ എത്ര തരമുണ്ട്? ഓരോരോ ജീവകവും അടങ്ങിയിട്ടുള്ള ഒന്നോ രണ്ടോ ഭക്ഷണപദാർത്ഥങ്ങൾ എടുത്തുകാണിയ്ക്കുക.

14. എവറസ്റ്റ്.

I

അഭേദ്യം. ഉത്തുംഗം. ഉൽക്കണ്ഠ.
ആരോഹകൻ. ഭാരവാഹിതപം. അനുഭവസ്ഥൻ.
അധിത്യക.

ഇന്ത്യാരാജ്യം വാസ്തവത്തിൽ ഏഷ്യാഭ്രഖണ്ഡത്തിന്റെ ഒരു ഭാഗംതന്നെയാണെങ്കിലും, കാലാവസ്ഥ, മനുഷ്യവർഗ്ഗങ്ങളുടെ സവിശേഷതകൾ, രാഷ്ട്രീയചരിത്രം മുതലായ പലതുകൊണ്ടും, അത് ഏഷ്യയിൽനിന്ന് ഏറെക്കുറെ വ്യത്യസ്തമായിട്ടാണ് വളരെക്കാലം വർത്തിച്ചിട്ടുള്ളത്. ഇതിനുള്ള മുഖ്യകാരണം, ഇന്ത്യയുടെ വടക്കുഭാഗത്തു പ്രകൃതിതന്നെ കെട്ടിപ്പൊക്കിയിട്ടുള്ള അഭേദ്യവും സമുന്നതവുമായ ആ നെടുനീളൻ രക്ഷാദുർഗ്ഗമത്രേ.

ലോകത്തിൽവെച്ച് ഏറ്റവുമധികം ഉയരമുള്ള ശിഖരങ്ങളുള്ളതു ഹിമാലയപർവ്വതത്തിലാണ്. ഇവയിൽ വെച്ചേറ്റവും പൊക്കമുള്ള കൊടുമുടിയാണ് എവറസ്റ്റ്. 24000 അടിയിലധികം പൊക്കമുള്ള എഴുപതിലധികം കൊടുമുടികളുണ്ട്, ഹിമാലയപർവ്വതനിരയിൽ. എവറസ്റ്റ്കൊടുമുടിയുടെ ഉയരം 29,002 അടിയാണ്. എന്നാൽ ഇത്രമേൽ ഉത്തുംഗമായ പർവ്വതശിഖരത്തെക്കുടി തന്റെ കാല്ക്കീഴിലാക്കുവാൻ മനുഷ്യൻ യത്നിച്ചിട്ടുണ്ട്. മനുഷ്യപ്രയത്നത്തിന്റെ ഒരു മഹനീയോദാഹരണമാണ് എവറസ്റ്റാരോഹണത്തിനുണ്ടായിട്ടുള്ള അത്ഭുതകരമായ പരിശ്രമം. യാതൊരു ജീവജാലങ്ങളും വള

രാത്ത ഹിമമയമായ എവറസ്റ്റ് കൊടുമുടിയുടെ അഗ്രത്തേയ്ക്ക് കാൽനടയായിട്ട കയറിച്ചെല്ലുക എന്നതു ദേഹാധ്വാനംകൊണ്ടു മാത്രം സാധ്യമായ ഒരു കായ്മമല്ല. അതിന്നയാളുടെ അപാരമായ ആത്മീയചൈതന്യവും ബുദ്ധിവൈഭവവുംകൂടി അത്യന്താപേക്ഷിതമാണ്.

നാം വെറുമൊരു കുന്നു കാണുമ്പോൾത്തന്നെ അതിന്റെ മുകളിലേയ്ക്ക് കയറിനോക്കുവാൻ ആഗ്രഹിയ്ക്കാറുണ്ട്. ജീവിതത്തിൽ ആദ്യമായി പിച്ചവെടക്കാൻ പഠിച്ച കൊച്ചുകുട്ടികൾക്കുപോലും തങ്ങളേക്കാൾ പൊക്കമുള്ള തിണ്ണകളിന്മേലെയ്ക്കോ കോണിത്തട്ടുകളിലേയ്ക്കോ പൊത്തിപ്പിടിച്ചു കയറാനുള്ള കൌതുകം ജനിയ്ക്കാറില്ലേ? ഇതെല്ലാം മനുഷ്യന്റെ ഉൽക്കർഷേച്ഛയെയാണ് പ്രത്യക്ഷപ്പെടുത്തുന്നത്. എല്ലായ്പോഴും മേല്പോട്ട്!—ഇതാണ് മനുഷ്യന്റെ ആദർശം.

നേപാളത്തിന്നും തിബെത്തിന്നും മദ്ധ്യേയുള്ള അതിർത്തിയിലാണ് എവറസ്റ്റ് കൊടുമുടി നിലക്കൊള്ളുന്നത്. നേപാളത്തുകാരായ ഹിന്തുക്കൾ എവറസ്റ്റിനെ 'പർവ്വതശിഖരങ്ങളുടെ രാജാവ്' എന്നാണ് വിളിയ്ക്കുക. അവരതിന്നു 'ഗൌരീശങ്കർ' എന്നു നാമകരണം ചെയ്തിരിയ്ക്കുന്നു. 'ഗൌരീശങ്കറി'ന്റെ ഉപരിതലത്തിൽ പാർവ്വതീപരമേശ്വരന്മാർ ഇരുന്നരുളുന്നുണ്ടെന്നും അതിന്റെ മുകളിലേയ്ക്കു കയറിച്ചെല്ലുന്നതു പാപമാണെന്നും മറ്റുമാണ് അവരുടെ ദൃഢവിശ്വാസം. ഇതിനാൽ പർവ്വതാരോഹകന്മാർക്കു നേപാളത്തിൽക്കൂടെ എവറസ്റ്റിനെ സമീപിയ്ക്കുവാൻ അനുവാദം നല്കപ്പെട്ടില്ല. ഇതുമൂലം, ഹിമാലയത്തിന്നും വടക്കുകിടക്കുന്ന ഒരുന്നതപീഠഭൂമി

ഏവറസ്റ്റ്.


MUNAVIRUL ISLAM HIGH SCHOOL
Date.....
ERNAKULAM.

യായ തിബത്തിൽക്കൂടെയാണ് അവരതിനെ സമീപിച്ചത്.

ഈ പരിശ്രമം നടത്തിയതും നമ്മുടെ നാട്ടുകാരല്ല. ഉത്സാഹശീലരും സാഹസികളുമായ പാശ്ചാത്യരാണ്. ആൽപ്സ് പർവ്വതാരോഹണവും മറ്റുംനടത്തി പരിചയം സിദ്ധിച്ച ചിലരാണ് ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലെത്തി, രണ്ടുമൂന്നു തവണ എവറസ്റ്റ് കേറാൻ തുനിഞ്ഞത്. ഇവരുടെ മൂന്നു സുപ്രസിദ്ധ പരിശ്രമങ്ങളാണ് നടന്നത്, 1921-ലും, 1922-ലും, 1924-ലുമാണ്. ഈ പർവ്വതാരോഹകസംഘത്തിലെ പ്രധാനികരാണ് മാലറി, നോർട്ടൺ, സമർവെൽ, ഓഡൽ എന്നിവരായിരുന്നു. ഇവർ ഇന്ത്യയിലേയ്ക്കു വരുന്നതിനു മുമ്പേത്തന്നെ പർവ്വതാരോഹണത്തിൽ പ്രസിദ്ധി നേടിയവരായിരുന്നുവെങ്കിലും എവറസ്റ്റാരോഹണം കൊണ്ടാണ് ഇവരൊക്കെ കൂടുതൽ സുപ്രസിദ്ധി നേടിയത്. ആദ്യത്തെ പരിശ്രമം മിക്കവാറും എവറസ്റ്റിന്റെ മുകളിലേയ്ക്കുള്ള വഴി കണ്ടുപിടിയ്ക്കൽ മാത്രമായിരുന്നു. മുകളിൽ പ്രസ്താവിയ്ക്കപ്പെട്ടവരിൽ മാലറി മാത്രമേ ഈ പ്രഥമപരിശ്രമത്തിൽ പങ്കെടുത്തിരുന്നുള്ളൂ. അദ്ദേഹത്തിന്നായിരുന്നു ഇതിന്റെ ശിഖരാഗ്രത്തിൽ കാലെടുത്തുകുത്താൻ ഏറ്റവും അധികം വാശി. അദ്ദേഹം ഈ മൂന്നു പരിശ്രമങ്ങളിലും പങ്കുകൊണ്ടിരുന്നു. നോർട്ടണും സമർവെല്ലും ഒടുവിലത്തെ രണ്ടു പരിശ്രമങ്ങളിൽ മാത്രമേ ഭാഗഭാക്കുകളായിരുന്നുള്ളൂ; ഓഡലാകട്ടെ, ഒടുവിലത്തേതിൽ മാത്രം. 1920-ൽ ഇംഗ്ലണ്ടിൽവെച്ചു ശ്രുപവൽക്കരിയ്ക്കപ്പെട്ട എവറസ്റ്റ്കമ്മിറ്റിയായിരുന്നു ഈ പരിശ്രമങ്ങളുടെ ഭാരവാഹിത്വം കൈക്കൊണ്ടിരുന്നത്.

എവറസ്റ്റിനെ തെക്കുനിന്നു സമീപിയ്ക്കുവാൻ നേപാളത്തിലെ ഭരണാധികൃതന്മാർ അനുവാദം നല്കാഞ്ഞതുകൊണ്ടു തിബത്തിലൂടേയാണ് ഇവർ യാത്ര പുറപ്പെട്ടതെന്നു മുമ്പേ സൂചിപ്പിച്ചുവല്ലോ. അതുകൊണ്ട്, അവർ ബങ്കാഫംഗവമേണ്ടിന്റെ ഹിൽസ്റ്റേഷനായ ഡാർജിലിങ്ങിൽ നിന്നാണ് പുറപ്പെട്ടത്. അവിടെനിന്ന് ഏകദേശം 40 മൈൽ അകലെ, നേരെ വടക്കുഭാഗത്ത്, 28,150 അടി ഉയരത്തിൽ, ലോകത്തിലെ മൂന്നാമത്തെ ഉന്നതശിഖരമായ കാഞ്ചൻജംഗ സ്ഥിതിചെയ്യുന്നു. ഇതിന്റെ കിഴക്കുവശത്തു ഹിമാലയപർവ്വതം തെല്ലു താഴ്ന്നുണ്ട്; അവിടെ ഒരു ഇറയുമുണ്ട്. അതിലൂടെവേണം, ഹിമാലയമെന്ന പർവ്വതനിരയെ ഭേദിച്ചു തിബത്തിലേയ്ക്കു കടക്കുവാൻ. എന്നിട്ടു നൂറിലധികം നാഴിക തിബത്തിലൂടെ പടിഞ്ഞാട്ടു യാത്ര ചെയ്യണം; എന്നാൽമാത്രമേ എവറസ്റ്റിന്റെ പരിസരപ്രദേശങ്ങളിൽ എത്തിച്ചേരുകയുള്ളൂ.

എവറസ്റ്റ് വടക്കുഭാഗത്തുനിന്നു നോക്കിക്കാണാൻ വലിയ ചന്തമൊന്നുമില്ലെന്നാണ് അനുഭവസ്ഥന്മാർ പറയുന്നത്. എന്നാൽ, തെക്കുഭാഗത്തുനിന്നു നോക്കിയാൽ എവറസ്റ്റിന്ന് അത്യധികം സൌന്ദര്യമുണ്ടാവണമെന്നാണ്, മാലറി അതിന്റെ പശ്ചിമപാർശ്വത്തിൽനിന്നു തെക്കോട്ടു സൂക്ഷ്മമായി നോക്കി ഊഹിച്ചിട്ടുള്ളത്. 20,000 അടിയ്ക്കു മീതെ വെളുവെളുത്ത ഹിമവും കട്ടകട്ടത്ത പാറയുമല്ലാതെ മറെറാന്നും കാണപ്പെടുകയില്ലത്രേ. ഒരൊറച്ചെടിപോലും, ഒരൊറപ്പുല്ലെങ്കിലും പോലും, അവിടങ്ങളിൽ വളരുകയില്ല. ഒരൊറപ്പക്ഷിപോലും, ഒരീച്ചപോലും, ആ തണുത്തുമരവിച്ച വായുവിൽപ്പറക്ക

കയില്ല. നിലാവുള്ള രാത്രികളിൽ ഏവറസ്റ്റ് സ്വപ്നതുല്യമായി തോന്നാംപോൽ!

എവറസ്റ്റിന്റെ വടക്കുവശത്ത് അതിന്റെ തന്നെ ഒരു ഭാഗമായ ഒരു ചെറിയ കൊടുമുടിയുണ്ട്. ഇത് എവറസ്റ്റിന്റെ പൂർവ്വോത്തരപാർശ്വത്തിലുള്ള അധിത്യകയുമായി ഒരു പർവ്വതഭിത്തിയാൽ ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഈ ഭിത്തിവഴിയ്ക്കാണ് മാലറി, നോർട്ടൺ മുതലായവർ എവറസ്റ്റിന്മേലേയ്ക്ക് കയറുവാൻ യത്നിച്ചിട്ടുള്ളത്. ഇന്ന് ആ മാർഗ്ഗം കണ്ടുകിട്ടുമോ എന്നതന്നെ സംശയമാണ്. മഞ്ഞുകാലങ്ങളിൽ അഹോരാത്രം ഹിമവർഷമുണ്ടായിക്കൊണ്ടിരിയ്ക്കുന്ന അവിടങ്ങളിലെ മാർഗ്ഗങ്ങം അപ്രത്യക്ഷമാവാൻ പ്രയാസമുണ്ടോ?

പർവ്വതാരോഹണത്തിന്നു പറ്റിയ കാലം മഴയ്ക്കു മുമ്പുള്ള വേനല്ക്കാലമാണ്. മഞ്ഞുകാലത്തു മനുഷ്യൻ ഹിമവൽപാർശ്വങ്ങളിൽ ജീവനോടെ കഴിച്ചുകൂട്ടുകയ്ക്കും. മഴക്കാലത്തു കാറിന്റെ ശല്യം അസഹനീയവുമാണ്. വേനല്ക്കാലത്തു ഹിമം ഉരുകിയേയ്ക്കാമെന്ന ഒരു ദോഷമുണ്ടെങ്കിലും, എല്ലാറ്റിലും, ആപത്തു കുറഞ്ഞുകാലം ഇതുതന്നെയാണത്രേ. ഹിമപ്രവാഹങ്ങളെ സൂക്ഷിച്ചു നടന്നാൽ, ഈ ആപത്തിൽനിന്നൊഴിഞ്ഞുമാറാൻ കഴിയുമെന്നാണ് അനുഭവിച്ചവർ പറയുന്നത്.

എന്നാൽ ഈ മേൽപ്പറഞ്ഞ വിദഗ്ധന്മാർ മാത്രമായി ഇതിന്നൊരുങ്ങിക്കൂടാ. നൂറിലധികം വാഹകന്മാരും കൂലിക്കാരുമടങ്ങിയ ഒരകമ്പടിപ്പട്ടാളം കൂടിയേ കഴിയൂ. ഇത്തരമൊരു പർവ്വതശിഖരത്തിന്റെ മുകളിലേയ്ക്കു കയറി കീഴ്പ്പോട്ടു തിരിച്ചെത്താൻ, മുരുങ്ങിയതു രണ്ടു രണ്ടര

(1) പർവ്വതത്തിന്റെ മുകൾഭാഗം.

മാസം പിടിയ്ക്കും. ഈ കാലത്തേയ്ക്കു മുഴുവനും സകലർക്കും ആവശ്യമായ ഭക്ഷണപാനീയാദികളും മാത്രമല്ല, രോമക്കുപ്പായങ്ങളും, കമ്പിളി, ക്രൂടെക്കൂടെ ക്രൂടാരമടിച്ചു താമസിയ്ക്കുന്നതിനുവേണ്ടുന്ന സാമഗ്രികളും, ഉളികളും മുതലായ ആയുധങ്ങളും, മഞ്ഞുരുക്കുന്നതിനും ഭക്ഷണം പചിയ്ക്കുന്നതിനുമുള്ള 'സ്റ്റോവു'കളും ഫോട്ടോ എടുക്കാനുള്ള 'ക്യാമറ'കളും ജീവവായു ശേഖരിച്ചുവെച്ചിട്ടുള്ള ക്രൂറൻ 'സിലിണ്ടറു'കളും—ഇങ്ങിനെ ഒട്ടനേകം സാധനങ്ങളും ക്രൂടെ കൊണ്ടുപോകേണ്ടതുണ്ട്. ആരോഹകന്മാരുടെ ഈ അകമ്പടിയിൽ, ക്രൂലിക്കാർക്കും മറ്റും പുറമേ, ഡോക്ടർമാർ, ഫോട്ടോഗ്രാഫർ, ചിത്രകാരൻ, ഭൂശാസ്ത്രഗവേഷകൻ, സസ്യശാസ്ത്രജ്ഞൻ മുതലായ മറ്റു പലരും ഉണ്ടായിരിയ്ക്കും. സംഘത്തിൽ വല്ലവർക്കും സുഖക്കേടുകളും പിടിച്ചാൽ ചികിത്സിയ്ക്കാനുള്ള അത്യാവശ്യം മരുന്നുകളും, മറ്റു വൈദ്യോപകരണങ്ങളും ഇവയും ഡോക്ടർമാരുടെ കൈവശമുണ്ടായിരിയ്ക്കണം. പേരു കേട്ട സമർവെൽ ഒരു ഡോക്ടറും അതേസമയത്തുതന്നെ ഒരു ചിത്രകാരനുമായിരുന്നു. ചുരുക്കത്തിൽ എല്ലാറ്റിലും വൈദഗ്ധ്യം നേടിയിട്ടുള്ള ആളുകളും ഈ സംഘത്തിലുണ്ടായിരിയ്ക്കണം.

ചോദ്യം:

1. എവറസ്റ്റ് കൊടുമുടി എത്രയടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു?
2. എവറസ്റ്റാരോഹകന്മാർ നേപ്പാളത്തിൽക്കൂടെ പോകാതെ തിബത്തിലൂടെ പോകാൻ കാരണമെന്ത്?
3. എവറസ്റ്റാരോഹണത്തിന് ആദ്യം നടന്ന പ്രയത്നം ഏതു കൊല്ലത്തിലായിരുന്നു? അതിലെ പ്രധാനികളും ആരൊക്കെയായിരുന്നു?

15. എവറസ്റ്റ്.

II

കായികാധ്വാനം. അവരോഹണം. സമീപസ്ഥം.

ഇനി ഇത്തരമൊരു മല കയറുമ്പോഴത്തെ ബുദ്ധിമുട്ടുകളെപ്പറ്റി ആലോചിച്ചുനോക്കാം. ഒന്നാമതു തണുപ്പ്. ഉദ്ദേശം 20,000 അടിയ്ക്കുപുറം ഹിമമാണെന്നു പറഞ്ഞുവല്ലോ. എന്നല്ല, മേല്പോട്ടു കയറുംതോറും ഈ ശൈത്യം ഏറിയേറിവരും. യാത്രക്കാരുടെ പക്കലുള്ള മിക്ക ദ്രവപദാർത്ഥങ്ങളും, തേന്മോസ്ഫ്ലാസ്കിൽ സൂക്ഷിച്ചുവെയ്ക്കാത്ത സകലതും, ഉറച്ചു കട്ടിയായിത്തീരും. വെള്ളത്തിന്റെ ആവശ്യങ്ങൾക്കൊക്കെ, മഞ്ഞിൻകട്ട ഉരുക്കണം. ചിലപ്പോൾ മഞ്ഞിന്റെയും തണുപ്പിന്റെയും കാഠിന്യം നിമിത്തം, കൈകാലുകളിലെ വിരലുകളും മറ്റും നീരുവന്നു പൊള്ളയ്ക്കുക, പഴത്തൊലിപോലെ പൊട്ടുക, അറുപോകുക മുതലായവയൊക്കെ സംഭവിയ്ക്കും. ഒരിയ്ക്കൽ ഒന്നരണ്ടാളുകളുടെ കാൽമുട്ടിന്നു കീഴ്പോട്ടു മുറിച്ചുകളയേണ്ടതായിപ്പോലും വന്നു. എന്നാൽ നല്ല ചൂടുള്ള മേത്തരം കമ്പിളിസ്സാമാനങ്ങളും രോമക്കാലുറകളും മറ്റും കൈവശമുണ്ടെങ്കിൽ, മനുഷ്യന്ന് ഇത്തരം ശൈത്യമെല്ലാം സഹിയ്ക്കാം; ശൈത്യത്തേക്കാൾ ദുസ്സഹമായ മറെറാന്നുകൂടി, പർവ്വതാരോഹണത്തിൽനിന്നു മനുഷ്യരെ തടയുന്നുണ്ട്. അതു, മേല്പോട്ടു കയറുംതോറും നേർത്തുവരുന്ന വായുവാണ്. മേല്പോട്ടു കേറിച്ചെല്ലുംതോറും, വായുമണ്ഡലം നേർത്തുനേർത്തുവരികയും, സാധാ

രണ മനുഷ്യക്ക ശ്വസിയ്ക്കാൻ പറ്റാതാവുകയും ചെയ്യുന്നു. 16,000 അടിയ്ക്കു മീതെയുള്ള ഏതൊരന്തരിക്ഷത്തിലും സാമാന്യമനുഷ്യക്ക് അധ്വാനിയ്ക്കാൻ വയ്യാതാവുന്നു. നിസ്സാരങ്ങളായ ദേഹാധ്വാനങ്ങൾക്കുടി നമ്മെ അത്യധികം ക്ഷീണിപ്പിയ്ക്കും. കാലിന്മേൽ ബൂട്ട്സോ മറ്റോ ഇട്ടുക, സിഗരട്ടുകൊളുത്താൻ തീപ്പെട്ടിക്കോലുരയ്ക്കുക, കിടന്നുറങ്ങാനുള്ള അകത്തേയ്ക്കു പ്രവേശിയ്ക്കുക മുതലായ നിസ്സാരകൃത്യങ്ങൾക്കുകൂടി ശേഷിയില്ലാതാവുമെന്നാണ് ആരോഹകന്മാർ പറയുന്നത്. അപ്പോൾ പിന്നെ, നടക്കുക, വടികുത്തിപ്പിടിച്ചു മുകളിലേയ്ക്കു കയറുക മുതലായ കുറ്റൽ ക്ലേശകരങ്ങളായ കൃത്യങ്ങളെപ്പറ്റി പറയേണമോ? ഇത്തരം ഘട്ടങ്ങളിൽ വേണ്ടുന്ന സാമർത്ഥ്യം ഏറ്റവും അധികം കണ്ടിരുന്നതു മാലറിയിലാണത്രേ.

കായികാധ്വാനം ക്ലേശാവഹമായിത്തീരുന്നതുപോലെ മാനസികവും ബുദ്ധിപരവുമായ പ്രവൃത്തിയും ഭാരമായിത്തീരും. എന്നാൽ, കൃത്രിമമായ ജീവവായു കുടെക്കുടെ ശ്വസിച്ചുകൊണ്ടിരുന്നാൽ, ഈ ബുദ്ധിമുട്ടുകളും പരിഹരിയ്ക്കപ്പെടാവുന്നതാണ്.

എല്ലാറ്റിനും പുറമേ, പരിസരങ്ങളുമായി പരിചയപ്പെടുമ്പോൾ, ആ പരിതസ്ഥിതിയ്ക്കനുരൂപമായ വിധത്തിൽ ജീവിയ്ക്കുവാൻ മനുഷ്യക്ക് സ്വയം കഴിയും. പർവ്വതത്തിനു മുകളിലെത്തുന്ന ഒരാൾക്ക്, ക്രമേണ ഒരു പർവ്വതജീവിയായിത്തീരാൻ കഴിയുമെന്നാണ് പർവ്വതാരോഹകന്മാർക്കുണ്ടായിട്ടുള്ള അനുഭവം. പിന്നെ ശാസ്ത്രങ്ങളുടെ നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾ ആരോഹകന്മാരെ സഹായിയ്ക്കാനുണ്ടുതാനും.

വായുവിന്റെ നേർമ്മ, ദുസ്സഹമായ ശൈത്യം, എന്നിവ സഹിയ്ക്കാം, പർവ്വതശിഖരങ്ങളിൽ ചിലപ്പോൾ വീശാറുള്ള കാറ്റുകളുടെ സ്ഥിതി ആലോചിയ്ക്കുമ്പോൾ, എന്നാണ് ആരോഹകന്മാർ പറയുന്നത്. കാറ്റുകൾ ഇന്നിന്ന സമയത്തേ പൊട്ടിപ്പുറപ്പെട്ടുകൂടൂ എന്നില്ല. മഴക്കാലത്തും മറ്റും ഇവ സർവ്വദാ വീശിക്കൊണ്ടിരിയ്ക്കും. ഭേദം, വേനല്ക്കാലത്താണെന്നു മാത്രം. ഈ കാറ്റുകളിൽനിന്നു രക്ഷനേടാൻ ആരോഹകന്മാർക്കു കൽച്ചുമരുകൾ കെട്ടേണ്ടിവരുന്നു. എന്നാൽ ചിലപ്പോഴൊക്കെ ഈ ക്ഷുദ്രാരങ്ങൾ അവിടവിടെ കീറിപ്പറിഞ്ഞ് ആ കീറലുകളിലൂടെ മഞ്ഞുവീഴാൻ തുടങ്ങും. അപ്പോൾ അതിനുള്ളിലുള്ളവരുടെ സ്ഥിതി കുറെ കഷ്ടമാണ്.

ഇങ്ങിനെ പലതുകൊണ്ടും വിഷമമേറിയ ഒരു കർമ്മമാണ് ഹിമാലയപർവ്വതാരോഹണം. കയറിപ്പോകുന്ന വഴിയ്ക്കു മഞ്ഞിൻകട്ടയും മഞ്ഞിൻപൊടിയും സൂക്ഷ്മമായിരിയ്ക്കും. മഞ്ഞിൻപൊടി പലപ്പോഴും ആരോഹകന്മാരെ ചതിക്കുഴിയിലേയ്ക്കാവും പിടിച്ചുകൊണ്ടുപോവുക. പർവ്വതപാർശ്വങ്ങൾ മഞ്ഞിൻകട്ടകൊണ്ടും മിനുപ്പുകൂടിയ കല്ലുകളെക്കൊണ്ടും വഴുക്കൽപിടിച്ചിരിയ്ക്കും. തന്മൂലം, വളരെ നിഷ്കർഷിച്ചും ഉറപ്പിച്ചും വേണം, ഓരോ കാൽവെപ്പും വെയ്ക്കുന്നത്. ചെങ്കുത്തായ ഇടങ്ങളിൽ ഒക്കുകയും വെട്ടിയുണ്ടാക്കേണ്ടിവരും. ഏതെങ്കിലും ഒരു കാൽവെപ്പ് ഒരിയ്ക്കലൊന്നു വഴുതിപ്പോയാൽ, പിന്നേത്തെ കഥ പറയാനുമില്ല! ആരോഹണത്തേക്കാളധികം കഷ്ടപ്പാടേറിയ പണിയാണ് അവരോഹണം. മേല്പോട്ടു കയറുമ്പോഴത്തെ ശ്രദ്ധയോ ഉത്സാഹ

മോ, മിക്കപ്പോഴും കീഴ്പോട്ടിറങ്ങുമ്പോൾ ഉണ്ടായിരിയ്ക്കയില്ല. 1922-ലെ ആരോഹണയത്നത്തിൽ മാലറിയും നോട്ടണും 26,985 അടിവരെ മേല്പോട്ട കയറി. അത്രയും ദൂരം കയറാൻ സാധിച്ചതിലുള്ള അഹംഭാവത്തോടും, തൽഫലമായുണ്ടായ അശ്രദ്ധയോടുംകൂടിയാണ് അവരും ക്ലൂക്കാരും ഇറങ്ങിപ്പോന്നത്. മാലറിയും വേറെ മൂന്നുപേരുംകൂടി ഒരു കയറുകൊണ്ടു പരസ്പരം ബന്ധിയ്ക്കപ്പെട്ടിട്ടാണ്, ഇറങ്ങിയിരുന്നത്. മുമ്പിൽ മാലറിയായിരുന്നു. പെട്ടെന്നു മാലറിയുടെ പിന്നിലുണ്ടായിരുന്ന ആൾ കാൽ തെറ്റി, തന്റെ നേരെ പിന്നിലുള്ളാളെയും പിടിച്ചുവലിച്ചുകൊണ്ടു നെരങ്ങാൻ തുടങ്ങി. അങ്ങിനെ മാലറിയുടെ പിന്നിലുണ്ടായിരുന്ന മൂന്നുപേരും കീഴ്പോട്ടുരുമ്മുകയായി. യാതൊന്നും ശങ്കിയ്ക്കാതെ മുമ്പിൽ നടന്നിരുന്ന മാലറി ശബ്ദം കേട്ടു; പക്ഷെ അദ്ദേഹം തിരിഞ്ഞുനോക്കാൻ പോയില്ല. തൽക്ഷണം കയ്യിലുണ്ടായിരുന്ന കോടാലി സമീപസ്ഥമായ ഹിമത്തിലേയ്ക്കാഴ്ത്തി, കയറ് അതിനോടുക്കുട്ടിക്കെട്ടി. എന്നിട്ടു തന്റെ സർവ്വശക്തിയുമെടുത്ത് ആ കോടാലിയിന്മേൽ അമർത്തിപ്പിടിച്ചു. അങ്ങിനെ അന്നവർ നാലുപേരും രക്ഷപ്പെട്ടു.

ഇതുപോലെ ഹിമമുരുകി പ്രവഹിയ്ക്കുന്നതുകൊണ്ടും വലിയ നാശങ്ങൾ നേരിടാറുണ്ട്: മറെറാരിയ്ക്കൽ മാലറി, സമർവെൽ, ക്രാഫോർഡ് എന്നീ മൂന്നുപേരും പരിന്നാലു വാഹകന്മാരുംകൂടി കയറിപ്പോകുമ്പോൾ ഒരു വലിയ ഹിമപ്രവാഹമുണ്ടായി. അങ്ങിനെ ഒരു വലിയ ഹിമസഞ്ചയം അവരേയുംകൊണ്ടു കീഴ്പോട്ടെയ്ക്കിറ

ങ്ങിത്തുടങ്ങി. ഒരു ഹിമസഞ്ചയം മാലറിയുടെ തലയിൽ വന്നു വീണു. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ കൈകാലു കൾ ചലിപ്പിച്ചു നീന്തുകയാണ് വേണ്ടതെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അദ്ദേഹം ആ ഹിമപ്രവാഹത്തിലൂടെ തുടിച്ചുനീന്തി, അതിന്റെ മുകൾത്തട്ടിലേയ്ക്കു പൊന്തിവന്നു. എന്നാൽ അന്ന് ആ സംഘത്തിലെ എല്ലാവരും രക്ഷപ്പെട്ടില്ല. വാഹകന്മാരിൽ ഏഴു പേർ എവിടേയോ വീണ് മൃതിയടഞ്ഞു. പക്ഷെ, എന്തിനു വാഹകന്മാരെപ്പറ്റിപ്പറയുന്നു? 1925-ലുണ്ടായ ഒരാരോഹണശ്രമത്തിൽ മാലറിയ്ക്കും ഇതുതന്നെ സംഭവിച്ചു! മാലറിയും അദ്ദേഹത്തിന്റെ അന്നത്തെ ക്ലൈമ്പിംഗ് കാരനായിരുന്ന ഇവ്വീനും ക്രൂടി, ജീവവായുയന്ത്രവും വഹിച്ചുകൊണ്ടു, 23,000 അടി ഉയരത്തിലുള്ള ക്യാമ്പിൽനിന്നു പുറപ്പെട്ടു. അന്നു രാവിലെ എട്ടുമണിയ്ക്കാണ് അവർ പുറപ്പെട്ടത്. അതിന്റെ പിറ്റേദിവസം 26,800 അടി ഉയരത്തിലുള്ള ക്യാമ്പിൽ വിശ്രമിച്ചു. പിറ്റേദിവസം എവറസ്റ്റിന്റെ ശിരസ്സിൽ കാലെടുത്തുകുത്തുമെന്നായിരുന്നു മാലറിയുടെ നിശ്ചയം. അന്ന് അതിന്റെ ശിഖരാഗ്രത്തിൽപ്പോയി വൈകുന്നേരത്തേയ്ക്ക് ആ ക്യാമ്പിൽത്തന്നെ മടങ്ങിയെത്തുമെന്നാണ് അവരുറച്ചിരുന്നത്.

ഇതേസമയത്തുതന്നെ മറ്റൊരാരോഹകനായിരുന്ന ഓഡലും അയാളുടെ 25,300 അടി ഉയരത്തിലുള്ള ക്യാമ്പിൽനിന്നു പുറപ്പെട്ടിരുന്നു.

അങ്ങിനെ കുറെക്കഴിഞ്ഞപ്പോൾ, ഓഡൽ 28,000 അടിയ്ക്കുമീതെ രണ്ടു ചെറിയ സ്വതുപങ്ങൾ ഇളകുന്ന

തായി കണ്ടുവെന്നു പ്രസ്താവിച്ചു കാണാനുണ്ട്. ഒന്നു മറേറതിനെ പിൻതുടരുകയായിരുന്നു. ആദ്യത്തേതു മാലറിയും പിന്നത്തേതു ഈവ്ലിനുമായിരിയ്ക്കണമെന്ന് ഓഡൽ നിശ്ചയിച്ചു. എന്നാൽ ഓഡലിന്ന്, അധികം നേരം ഈ സ്വരൂപങ്ങളെ പരീക്ഷിച്ചറിയാൻ കഴിഞ്ഞില്ല. അപ്പോഴയ്ക്കും ഒരു മേഘപടലംവന്ന് അവയെ മറച്ചുകളഞ്ഞു!

അന്നു രാത്രിയിഞ്ഞ് ഓഡൽ 26,800 അടി ഉയരത്തിലുള്ള ക്രോരത്തിലെത്തി. ഓഡൽ അവിടെച്ചെന്നപ്പോൾ, മാലറിയുടേയും ഈവ്ലിന്റേയും ജീവഹായയന്ത്രം അവിടെ ഉപേക്ഷിച്ചിട്ടിരിയ്ക്കുന്നതായി കണ്ടെത്തി. അവരവിടെ ഒരെഴുത്തും എഴുതിവെച്ചിരുന്നില്ല. ഓഡൽ വളരെനേരം എവറസ്റ്റിന്റെ ശിഖരാഗ്രത്തിലെത്തി വിജയപൂർവ്വം മടങ്ങിവരാനിരിയ്ക്കുന്ന ആ രണ്ടു ക്രൂരകാരേയും കാത്ത് ആ ക്രോരത്തിലിരുന്നു! അവക്കുവേണ്ടി ഭക്ഷണപാനീയങ്ങളും തയ്യാറാക്കി വെച്ചു. കുറെക്കഴിഞ്ഞപ്പോൾ, ഓഡൽ 27,000 അടിവരെ മേല്പോട്ടു കയറി, ചുളംവിളിച്ചുനോക്കി; കൈകൊട്ടിനോക്കി. യാതൊരു മറുപടിയും കിട്ടിയില്ല. ഓഡൽ താഴോട്ടിറങ്ങിപ്പോന്നു. പിറേറന്നു രാവിലെ വീണ്ടും അവിടെച്ചെന്നുനോക്കി. അവിടെ മാലറിയ്ക്കും ഈവ്ലിനുംവേണ്ടി ഉണ്ടാക്കിവെച്ച ഭക്ഷണപാനീയങ്ങളും അങ്ങിനെത്തന്നെ ഇരുന്നിരുന്നു!

പിന്നെ ഒരിയ്ക്കലും ഓഡലോ, മറാരെങ്കിലുമോ, ആ രണ്ടു ധീരാത്മാക്കളെയും കണ്ടുമുട്ടുകയുണ്ടായിട്ടില്ല!

അവർ പർവ്വതശിഖരത്തിന്റെ അഗ്രത്തിലെത്തിയോ എന്നും നിശ്ചയമില്ല.

ഇവർ ഈ പരിശ്രമം നടത്തുന്നതിന്റെ രണ്ടാഴ്ച മുമ്പു നോർട്ടനും സമർവെല്ലുംകൂടി ഏതാണ്ടിതുപോലെ കയറിപ്പോവുകയുണ്ടായി. അന്നു 28,100 അടിവരെപ്പോയ നോർട്ടൻ മടങ്ങി എത്തിയതു് ഒരന്ധനായിട്ടായിരുന്നു. വെയിലേറ്റു വെട്ടിത്തിളങ്ങുന്ന ഹിമപ്പരപ്പിലേയ്ക്കു് ഇടവിടാതെ ഉറ്റുനോക്കുകയാൽ അയാളുടെ കാഴ്ച പോയ്പോയി!

അങ്ങിനെ എവറസ്റ്റ് പർവ്വതം ഇപ്പോഴും മനുഷ്യർക്കു കീഴടങ്ങാതെ വത്തിയ്ക്കുകയാണെന്നിരുന്നാലും, ഉൽക്കർഷേച്ഛുവായ മനുഷ്യൻ ഇതുകൊണ്ടൊന്നും ഈ മഹാസംരംഭത്തിൽനിന്നു പിൻതിരിയുകയില്ല. കാരണം, മനുഷ്യൻ പർവ്വതങ്ങളെയെന്നല്ല, യാതൊന്നിനേയും ഭയപ്പെടുന്നില്ല. ഇതാണ്, എവറസ്റ്റ് പർവ്വതാരോഹണചരിത്രത്തിൽനിന്നു നാം പഠിയ്ക്കുന്ന പാഠം.

ചോദ്യം:

1. എവറസ്റ്റാരോഹണത്തിലുള്ള പ്രധാനങ്ങളായ പ്രതിബന്ധങ്ങളേവ?
2. ആരോഹകസംഘം എതുയടി ഉയരംവരെ എത്തിയെന്നാണ് പറയപ്പെട്ടതു്?
3. ആരോഹകന്മാരിൽ പ്രധാനിയാർ? അയാൾക്കെന്തു പിണഞ്ഞു?
4. നോർട്ടൻ എന്ന ആൾക്കെന്തുപറ്റി?
5. എവറസ്റ്റാരോഹണപ്രയത്നത്തിൽനിന്നു പഠിയ്ക്കാനുള്ള പാഠമെന്തു്?

16. പണം.

വേതനം. സ്വാശ്രയം. ഉല്പാദകൻ. മാനദണ്ഡം.

ഇന്നത്തെ ലോകത്തിൽ പണം ക്കൂടാതെ ജീവിയ്ക്കാൻ നമ്മളിലാർക്കുംതന്നെ സാധിയ്ക്കുകയില്ല. നാട്ടുപുറങ്ങളിലെ കൃഷിക്കാർക്കു തങ്ങൾ കൃഷി ചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ വിറ്റു പണമാക്കിയിട്ടു വേണം, അവരുടെ നിത്യജീവിതത്തിന്നാവശ്യമുള്ള ഉപ്പും മുളകും മണ്ണെണ്ണയും വാങ്ങാൻ. പട്ടണങ്ങളിൽ ക്കൂലിപ്രവൃത്തി ചെയ്തു നിത്യവൃത്തിതേടുന്ന പാവങ്ങൾക്ക് അന്നന്നോ ആഴ്ചയിലൊരിയ്ക്കലോ കിട്ടുന്ന ക്കൂലികൊണ്ടു വേണം, കഞ്ഞിയ്ക്കുള്ള അരിപോലും വാങ്ങാൻ. ഏതു വലിയ ഉദ്യോഗസ്ഥനും അയാളുടെ മാസംതോറുമുള്ള വേതനം ശരിയ്ക്കു കിട്ടാതെ വന്നാൽ, ജീവിതനിർവ്വഹണം സാധ്യമാകയില്ല.

പണത്തിന്റെ പ്രാഭവത്തെയാണ് ഇതെല്ലാം തെളിയിയ്ക്കുന്നത്.

ലോകത്തിൽ പണത്തിന്നുണ്ടായിട്ടുള്ള ഈ അസാമാന്യശക്തിയ്ക്കു കാരണം, ആധുനികലോകത്തിൽ വ്യവസായത്തിന്നും വ്യാപാരത്തിന്നും സംഭവിച്ചിട്ടുള്ള വളർച്ചയും വ്യാപ്തിയുമാണ്. വ്യവസായവും വ്യാപാരവും പണ്ടേ ലോകത്തിന്റെ നാനാഭാഗങ്ങളിലും നടപ്പുണ്ടായിരുന്നുവെങ്കിലും, ഇന്നത്തോളം വളർച്ചയോ വ്യാപ്തിയോ മുമ്പൊരുകാലത്തും അവയ്ക്കുണ്ടായിട്ടില്ല.

പണ്ടു കാലങ്ങളിൽ ഇന്ത്യ, ചൈന മുതലായ രാജ്യങ്ങളിൽ ഓരോ ഗ്രാമവും, ഓരോ ഗ്രാമീണകുടുംബവും സ്വാശ്രയംകൊണ്ടു ജീവിച്ചുപോന്നിരുന്നു. അന്നൊക്കെ ജനങ്ങൾ, അവരവർക്കാവശ്യമുള്ള സാധനങ്ങളേ ഉണ്ടാക്കിയിരുന്നുള്ളൂ. അന്നു ജനങ്ങൾ പണിയെടുത്തിരുന്നതു സ്വന്തം ആവശ്യത്തിനു വേണ്ടിയായിരുന്നു. അതു കാച്ചി നെയ്യുണ്ടാക്കിയിരുന്നുവെങ്കിൽ, അതും സ്വന്താവശ്യത്തിനായിരുന്നു. ഇന്ന് ആ സ്ഥിതിഗതിക്കൊക്കെ മാറിപ്പോയിരിയ്ക്കുന്നു. ഇന്നാകട്ടെ, നിർമ്മാതാക്കൾ ഓരോന്നും നിർമ്മിയ്ക്കുന്നതു സ്വന്തം ഉപയോഗത്തിനുള്ള സാധനങ്ങളല്ല. വില്പനയ്ക്കുള്ള ചരക്കുകളാണ്. പട്ടണങ്ങളിലാണ് ഈ സമ്പ്രദായം തുടങ്ങിവെച്ചതെങ്കിലും, ഇന്നിതു ഗ്രാമങ്ങളിലും പടർന്നുപിടിച്ചിരിയ്ക്കുന്നു.

ആദ്യകാലത്തൊക്കെ ഉല്പാദകന്മാർ തങ്ങളുടെ ചരക്കുകൾ നേരിട്ടു കൈമാറ്റം ചെയ്തിട്ടാണ് കച്ചവടം നടത്തിയിരുന്നത്. അന്നു മനുഷ്യർക്കു വളരെ കുറഞ്ഞ ആവശ്യങ്ങളേ ഉണ്ടായിരുന്നുള്ളൂ. കൈമാറുവാനുള്ള ചരക്കുകളുടെ എണ്ണവും അധികമുണ്ടായിരുന്നില്ല. അതിനാൽ സാധനങ്ങൾ കൈമാറിത്തന്നെ ജനങ്ങൾക്കു കാര്യം നിർവ്വഹിയ്ക്കാൻ സാധിച്ചു. പുരാതനകാലത്തു ജപ്പാനിൽ നെല്ലും, തിബത്തിൽ ചായയും, ഗ്രീസിൽ കാളകളും, ഇന്ത്യയിൽ ചില ഭാഗങ്ങളിൽ ചെമ്മരിയാടുകളും മറ്റും പണത്തിനു പകരം ഉപയോഗിച്ചിരുന്നു. കൂലിക്കാർക്കു നെല്ലായിട്ടും അരിയായിട്ടും കൂലി കൊടുത്തുവ

രുന്ന പതിവ് ഇന്നും നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണാം. എന്നാൽ സാധനങ്ങൾ കൈമാറിയിരുന്ന കാലത്തു വസ്തും ആവശ്യമുള്ള ഒരു കൃഷിക്കാരൻ തന്റെ ഉപയോഗം കഴിച്ചു ബാക്കിയുള്ള നെല്ലുംകൊണ്ടു നെയ്ത്തുകാരന്റെ അടുക്കൽച്ചെല്ലണം. ആ നെയ്ത്തുകാരനു കൃഷിക്കാരൻ കൊണ്ടുചെല്ലുന്ന നെല്ല് തല്ക്കാലം ആവശ്യമില്ലെന്നിരിയ്ക്കട്ടെ; അപ്പോൾ ആ നെല്ലാവശ്യമുള്ള മറെറാരാളെ അന്വേഷിച്ചുപിടിയ്ക്കേണ്ടിവരുന്നു. എന്നാലേ, കൃഷിക്കാരന്റേയും നെയ്ത്തുകാരന്റേയും കായ്യം നടക്കൂ. ഈ വക സമ്പ്രദായങ്ങളുണ്ടോ ഇന്നു നടക്കാൻ പോകുന്നു? ഇന്നാണെങ്കിൽ ഓരോരുത്തക്കും ആവശ്യങ്ങൾ പലതാണ്. എല്ലാവരും ജോലിത്തിരക്കുകാരുമാണ്. അപ്പോൾ ഈ സാധനങ്ങൾ മേടിയ്ക്കാൻ വേണ്ടി മാത്രം ആവശ്യത്തിലധികം സമയം ചെലവാക്കാനുണ്ടോ? അതു മാത്രമല്ല, ഇന്നു നമുക്ക് ഈ ദേശത്തുണ്ടാക്കുന്ന സാധനങ്ങളോ, ഈ രാജ്യത്തുണ്ടാക്കുന്ന സാധനങ്ങളോ പോരാ ജീവിതാവശ്യങ്ങൾ നിർവ്വഹിയ്ക്കാൻ. നേരേമറിച്ച് അന്യരാജ്യങ്ങളിലുണ്ടാക്കുന്ന സാധനങ്ങളാണ് നമുക്കധികം വേണ്ടിവരുന്നത്. നിങ്ങൾ എഴുതാനുപയോഗിയ്ക്കുന്ന പെൻസിൽ മിക്കതും ബവേറിയയിലുണ്ടാക്കുന്നതായിരിയ്ക്കും. റബ്ബറാകട്ടെ ജർമ്മനിയിൽനിന്നു വരുന്നതാവും. അതുപോലെ നിങ്ങൾ കളിയ്ക്കാനുപയോഗിയ്ക്കുന്ന പന്ത് ജപ്പാനിൽ ഉണ്ടാക്കിയതാവാം. നോക്കൂ, നാം ഒരു ദിവസത്തിൽ, എത്ര രാജ്യങ്ങളിലുണ്ടാക്കുന്ന സാധനങ്ങളാണുപയോഗിയ്ക്കുന്നത്?

ഈ സാധനങ്ങളൊക്കെ ഈ രാജ്യത്തേയ്ക്കു വരലും ഈ രാജ്യത്തിലുണ്ടാവുന്ന, കൊപ്ര, ചായ, ചണ, എണ്ണവിത്തുകൾ തുടങ്ങിയ സാധനങ്ങളൊക്കെ മറുരാജ്യങ്ങളിലേയ്ക്കു കയറ്റിപ്പോകലും ദിനംപ്രതി നടക്കുന്ന സംഭവമാണ്. ഇതു നാമറിയാത്തതു, ചരക്കുകൾ കൈമാറുന്നതു പണ്ടത്തെപ്പോലെ അതുണ്ടാക്കിയ ആളുകൾ നേരിട്ടല്ലാത്തതുകൊണ്ടാണ്. ഇന്ന് ഈ കൈമാറ്റം നടക്കുന്നതു കച്ചവടക്കാർ മുഖേനയാണ്. നാം ഒരു സാധനം ഉണ്ടാക്കിയാൽ അതു കച്ചവടക്കാരനു വില്ക്കുന്നു. കച്ചവടക്കാരൻ അത് ആവശ്യക്കാർക്കു വില്ക്കുന്നു. ഈ ഏർപ്പാടിനു കൂടുതൽ സൌകര്യമുണ്ടാക്കാൻ കൈമാറ്റവിലയ്ക്കു ഒരു സ്ഥിരമായ മാനദണ്ഡം ആവശ്യമായിവന്നു. ഈ മാനദണ്ഡത്തിനാണ് നാം പണമെന്നു പറയുന്നത്. ഈ മാനദണ്ഡം എടുത്തുപെരുമാറുവാൻ സൌകര്യമുള്ളതായിരിയ്ക്കണം. ഈ പണത്തിന്റെ സ്ഥാനത്തുപയോഗിയ്ക്കുന്നത് എടുത്താൽ പൊങ്ങാത്ത ഒരു വസ്തുവാണെങ്കിൽ, നാം എങ്ങിനെ കാര്യം നിറ്വഹിയ്ക്കും? പിന്നെ കാലപ്പഴക്കംകൊണ്ടു തേമാനം വരുന്ന വസ്തുവും പണത്തിനുപയോഗിയ്ക്കാൻ വയ്യ.

ഈ വക ആലോചനയിൽ നിന്നുണ്ടായതാണ്, കൊള്ളക്കൊടുക്കയുടെ ഉപാധിയ്ക്കായി ഇന്നുപയോഗിയ്ക്കപ്പെടുന്ന ലോഹവിശേഷങ്ങൾ. ഇതിനുപയോഗിയ്ക്കപ്പെടുന്ന സാധനങ്ങൾ ഒരേ തൂക്കവും വലിപ്പവുമുള്ളവയായിരിയ്ക്കണം. മാത്രമല്ല, ആകൃതികൊണ്ടും സ്പർശംകൊണ്ടും തിരിച്ചറിയാനും സാധിയ്ക്കണം. ഇവയ്ക്കൊക്കെ ഏറ്റവും പറ്റിയ ലോഹങ്ങൾ സ്വർണ്ണം, വെള്ളി,

ചെമ്പ്, എന്നിവയാണ്. ഇങ്ങിനെയാണ് പണത്തിന്റെ സ്ഥാനത്തു സ്വർണ്ണവും വെള്ളിയും ചെമ്പും പ്രചരിച്ചുതുടങ്ങിയത്.

ലോഹങ്ങളുപയോഗിയ്ക്കാൻ തുടങ്ങിയ കാലത്ത്, ഇത്രത്തുക്കം സ്വർണ്ണം, ഇത്രത്തുക്കം വെള്ളി എന്നിങ്ങിനെയായിട്ടേ കണക്കാക്കപ്പെട്ടിരുന്നുള്ളൂ. പിന്നീടാണ് ആ ലോഹക്കഷ്ണങ്ങളിൽ ചിത്രപ്പണികളും മറ്റു മുദ്രകളുമൊക്കെ സ്ഥലം പിടിയ്ക്കാൻ തുടങ്ങിയത്. ക്രമേണ നാണയങ്ങളിൽ അതതുകാലത്തെ ഗവർമ്മേണ്ടുകളുടേയോ രാജാക്കന്മാരുടേയോ പ്രാതിനിധ്യംവഹിയ്ക്കുന്ന ചില രേഖകളും നിർമ്മിയ്ക്കാൻ തുടങ്ങി. അതിലും പിന്നീടാണ് നോട്ടുകളും പുറപ്പെട്ടത്.

ഇന്ന് ഓരോ രാഷ്ട്രത്തിന്നും അതതിന്റേതായി സ്വന്തം നാണയങ്ങളുണ്ട്. ഉറുപ്പികയും അണയും കാശും ഇന്ത്യയിൽ മാത്രം നിലവിലുള്ള വിനിമയത്തോതുകളാണ്. ഇംഗ്ലണ്ടിലുപയോഗിയ്ക്കുന്നതു പവനും, ഷില്ലിങ്ങും, പെൻസും, ഗിനിയും, ക്രൌണും ആണെന്നു നിങ്ങൾ മനസ്സിലാക്കിയിരിയ്ക്കും. എന്നാൽ ഇന്ത്യയും ഇംഗ്ലണ്ടുമല്ലാതെയും ലോകത്തിൽ പല രാജ്യങ്ങളുമുണ്ടല്ലോ. ജപ്പാനിലെ മുഖ്യനാണയം, 'യെൻ' ആണ്. ഫ്രാൻസിലെ പ്രധാനനാണയം ഫ്രാങ്കാണ്. ജർമ്മനിയിൽ മാർക്ക്, ഇറാലിയിൽ ലീറ, റഷ്യയിൽ റൂബിൾ, അമേരിയ്ക്കയിൽ ഡോളർ. ഇങ്ങിനെ ഓരോ രാജ്യത്തിലും വ്യത്യസ്തങ്ങളായ നാണയങ്ങളുണ്ട്. എന്നാൽ

വിനിമയം = പണമാറ്റം.

ഇവയുടെയെല്ലാം സാമാന്യമായ അടിസ്ഥാനം സ്വർണ്ണമാണ്.

ചോദ്യം:

1. പണം എന്നാലെന്ത്?
2. ആദ്യകാലങ്ങളിൽ പണത്തിന്റെ സ്ഥാനം നിർവ്വഹിച്ചിരുന്ന ചില സാധനങ്ങളുടെ പേർ പറയുക. അതോരോന്നും ഏതേതു രാജ്യമാണുപയോഗിച്ചിരുന്നതെന്നും പറയുക.
3. പൊൻസിൽ അധികവും എവിടെ ഉണ്ടാക്കുന്നു? വെള്ളവും പഞ്ഞും എവിടെയുണ്ടാക്കുന്നു?
4. ഈ രാജ്യത്തുനിന്നു കയറ്റിയയയ്ക്കുന്ന ചില സാധനങ്ങളുടെ പേർ പറയുക.
5. ജപ്പാനിലേയും, ഫ്രാൻസിലേയും, ജർമ്മനിയിലേയും, ഇറ്റലിയിലേയും, റഷ്യയിലേയും, അമേരിയ്ക്കയിലേയും മുഖ്യനാണയങ്ങൾ ഏവ?

17. ഉദ്ബോധനം.

[യുദ്ധത്തിന്നായി പോർക്കളത്തിലെത്തിയ അർജ്ജുനൻ സ്വബന്ധുക്കളേയും, സഹോദരന്മാരേയും, പിതാക്കളേയും, മറ്റും ഹനിയ്ക്കേണ്ടിവരുമല്ലോ എന്നോർത്തു രണവിമുഖനായി നില്ക്കുമ്പോൾ കൃഷ്ണൻ അർജ്ജുനനെ ഉത്തേജിപ്പിയ്ക്കുന്നു.]

കശ്മലൻ. ത്രിദശവരതനയൻ. വിശിഖഗണം.
അമരകുലവരൻ. പരിഹരണം. മധുമഥനൻ.

രണശിരസി നരപതികളിരുപുറവുമതുപൊഴുതു
ചേൺറെഴും മഹാവ്യൂഹവും കൃട്ടിനാർ.
ചെകിടുപടയലറിനൊരു പടഹമുഖവാദ്യവും
തേരൊലികളും ഞാണൊലികളും സിംഹനാദങ്ങളും

പടഹം — ഒച്ചുമ്പറ.

കലഹരസവിവശതരമതികളതിശൂരന്മാർ
കണ്ടുകൊണ്ടാടിച്ചുരസ്സരം നില്ക്കുമ്പോൾ
കമലദലനയനനൊട്ടു വിജയനുമഥ ചൊല്ലിനാൻ
"കാരുണ്യവാരിധേ, ശ്രീപതേ, ദൈവമേ!
കപടമതികളിലിലിയ ചെറുവിരൽ സുയോധനൻ
കശ്മലൻതന്നെക്കുറിച്ചു യുദ്ധത്തിനായ്
നിജതനയധനസദനജീവനാദ്യങ്ങളെ
നിത്യമല്ലെന്നുപേക്ഷിച്ചു സന്നദ്ധരായ്
കലിതരണമരണമിഹ വന്ന യോദ്ധാക്കളെ
കാണ്മാനടുത്തു നിർത്തേണമിസ്യന്ദനം." മുകുന്ദൻ
മധുതലകളിരുപുറവുമടൽ കരുതിനിന്നതി-
നന്മധ്യേ മഹാരഥം നിർത്തിനാനച്യുതൻ.
സുഹൃദനുജതനയഗുരുജനപിതൃപിതാമഹ-
ന്മാരെയും യുദ്ധസന്നദ്ധരായ്കണ്ടവൻ,
ത്രിദശവരതനയനതികരുണയൊടു ചൊല്ലിനാൻ:-
"തേർ പിൻതിരിച്ചു വിടുത്തി നിർത്തീടുക.
നിശിതതരവിശിഖഗണമരുതു ഗുരുവപുഷി ഞാൻ
നിഷ്കരുണനായ് പ്രയോഗിപ്പതയ്യോ ഹരേ!
ഹര വരദ ശിവ ഗിരിശ ദുരിതഹര ശങ്കര
ഹാ ഹാ നിനച്ചതതിമോഹമെത്രയും.
ഗുരുവധമിതതിദുരിതമരുതരുതു മാധവ,
ക്രുദ്ധോല്ല തേർ പിൻതിരിയ്ക്കുന്ന ഫൽഗുനൻ.
അതികരുണമമരകുലവരനൊടുരചെയ്തതാ-
നായുധംവെച്ചു തേരിൽക്കിടന്നീടിനാൻ.
ജഗദുദയഭരണപരിഹരണബഹുലീലയും
ചെയ്താഴിയിൽപ്പള്ളികൊള്ളുന്ന നാഥനും

അലമല, മിതരുതരുതു ചപലതകളം നരപതിക-
ളാക്ഷേപമേ ചെയ്യുമില്ല കില്ലേതുമേ.
അനുചിതമിതറിക യുപകുലമതിനു നല്ലത-
ല്ലയ്യോ നിനക്കു ദുഷ്കീർത്തിയുണ്ടായ്വരും.
ഫലമതിനു നരകമൊരു ഗതിവരികയില്ലെടോ
പാർത്ഥിവന്മാക്കു യുദ്ധം വെടിഞ്ഞീടിനാൽ."
പരമപുരുഷനുമതിനു പരിചൊടരുളീടിനാൻ
പാർത്ഥനധ്യാത്മമായുള്ളതെപ്പേരുമേ.
വിമലനജനഖിലജഗദധിപനഥ കാട്ടിനാൻ
വിശ്വസിച്ചീടുവാൻ വിശ്വരൂപത്തെയും;
ത്രിഭുവനവുമസുരസുരമനുജഖഗോരഗ-
പശുമൃഗബഹുലഭൂതവൃത്താന്തവും
ബഹുചരണബഹുവദനബഹുലകരജാലവും
വിസ്മയത്തോടു കണ്ടീടിനാനർജ്ജുനൻ.
ഭയമൊടവനുപൊഴുതു തെരുതെരെ നമസ്കരി-
ച്ചുഭയമരുളെന്നു കൃപ്പിസ്തുതിച്ചീടിനാൻ
കുരുകുലജ ഭയമൊഴികു കുരു സമരമാശു നീ
കുണ്ഠനായീടൊലാ കുണ്ഠതെല്ലാമഹം.
മധുമഥനനമരവരസുതനൊടുപദേശമായ്
മായാപ്രഭാവമതുനീങ്ങും പ്രകാരമുടൻ
ഉഴറിയരുളിന മൊഴികളുപനിഷത്താകയാ-
ലോതിനാർ ഗീതയെന്നാടരാൽ ജ്ഞാനികം:
അതുപൊഴുതു ചപലതകളഖിലമകലെക്കള-
ഞ്ഞർജ്ജുനൻ പോരിനായ് വില്ലെടുത്തീടിനാൻ.

(ഭീഷ്മപർവ്വം.) എഴുത്തച്ഛൻ.

---

18. വിദ്യാലയത്തിൽ.

സഹപാഠി. സമീപവത്തി. വിമർശം. അനുഭൂതി.

അഹോരാത്രം.

എന്റെ അച്ഛൻ രാജസ്ഥാനിക്കുകോട്ടിലെ ഒരംഗമാവാനായി പോർബന്തറിൽനിന്നു രാജ്കോട്ടിലേയ്ക്കു പോകുമ്പോൾ എനിയ്ക്കു ഏഴു വയസ്സു പ്രായമായിട്ടുണ്ടാവും. ഞാനവിടെ ഒരു പ്രാഥമികവിദ്യാലയത്തിൽ ചേർക്കപ്പെട്ടു; എന്നെ പഠിപ്പിച്ച അധ്യാപകന്മാരുടെ പേരുകളും മറ്റു വസ്തുതകളുമൊക്കെയുള്ള അന്നത്തെ ദിവസങ്ങളെല്ലാം എനിയ്ക്കു നല്ലപോലെ ഓർമ്മയുണ്ട്. പോർബന്തറിലെപ്പോലെത്തന്നെ ഇവിടേയും എന്റെ പഠിപ്പിനെപ്പറ്റി എടുത്തുപറയേണ്ടതായി യാതൊന്നുമില്ല. ഞാൻ ഒരു വെറും ഇടത്തരം വിദ്യാർത്ഥിയായിരുന്നു. ഈ സ്കൂളിൽനിന്നു ഞാൻ അടുത്തുള്ള വേറെ ഒരു സ്കൂളിലും അവിടെനിന്നു ഹൈസ്കൂളിലും പോയിച്ചേർന്നു. അപ്പോഴയ്ക്കു് എനിയ്ക്കു പന്ത്രണ്ടു വയസ്സായികാണും. ഈ ചുരുങ്ങിയ കാലത്തിന്നിടയിൽ എപ്പോഴെങ്കിലും ഞാൻ എന്റെ ഗുരുനാഥന്മാരോടോ സഹപാഠികളോടോ ഒരു നുണ പറഞ്ഞതായി ഓർക്കുന്നില്ല. ഒരു വല്ലാത്ത നാണംകുണുങ്ങിയായിരുന്ന ഞാൻ കൂട്ടുകാരെയെല്ലാം ഒഴിച്ചുവെച്ചു. എന്റെ പുസ്തകങ്ങളും എന്റെ പാഠങ്ങളും മാത്രമേ എനിയ്ക്കുപ്പോടെ കൂട്ടുകാരായിട്ടുണ്ടായിരുന്നുള്ളൂ. കൃത്യസമയത്തു സ്കൂളിലെത്തും; സ്കൂൾ വിടേണ്ട താമസം, നേരിട്ടു വീട്ടിലേയ്ക്കോടും—ഇ

തായിരുന്നു എന്റെ പതിവ്. ഞാൻ ശരിയ്ക്കു് ഓടുക തന്നെയാണ് ചെയ്തിരുന്നത്. എങ്കിലും, ആരോടെങ്കിലും സംസാരിയ്ക്കുക എന്നതു് എനിയ്ക്കു സഹിയ്ക്കാനായില്ല. വല്ലവരും എന്നെ കളിയാക്കിയാലോ എന്നുകൂടി എനിയ്ക്കു ഭയമുണ്ടായിരുന്നു.

ഹൈസ്കൂളിൽച്ചേർന്ന അതേ വർഷത്തിൽ പരീക്ഷക്കാലത്തൊരു സംഭവമുണ്ടായതു ചൂണ്ടിക്കാണിയ്ക്കുന്നതുകൊണ്ടാണ്. സ്കൂൾ ഇൻസ്പെക്ടരായിരുന്ന മി. ഗൈൽസ് പരിശോധനയ്ക്കായി വന്നു. അദ്ദേഹം ഞങ്ങളെ പരീക്ഷിയ്ക്കാൻ അഞ്ചു വാക്കുകൾ കേട്ടെഴുത്തിനു തന്നു. 'Kettle' എന്നായിരുന്നു അതിലൊരു വാക്കു്. അതിന്റെ അക്ഷരം എനിയ്ക്കു തെറ്റി. ഗുരുനാഥൻ ബൂട്ട്സിന്റെ അഗ്രംകൊണ്ടു തെറ്റുതിരുത്തിയ്ക്കാൻ എന്നെ പ്രേരിപ്പിച്ചുവെങ്കിലും അതു ഫലിച്ചില്ല. ഞാൻ എന്റെ സമീപവർത്തിയുടെ സ്ലേറ്റിൽ നോക്കി എഴുതണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതെന്നു് എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല; കാരണം, ഞങ്ങൾ നോക്കിയെഴുതുന്നുണ്ടോ എന്നു മേലനേഷണം നടത്താനാണ് അദ്ദേഹം അവിടെ നിന്നിരുന്നതെന്നാണ് ഞാൻ കരുതിയതു്. ഇതിന്റെ ഫലമാകട്ടെ, ഞാനൊഴികെ മറ്റെല്ലാ കുട്ടികളും ഓരോ വാക്കും ശരിയായി എഴുതിയിരിയ്ക്കുന്നതു കണ്ടു. ഞാൻ മാത്രമേ വങ്കനായുള്ളൂ. ആ അധ്യാപകൻ പിന്നീടു് ഈ വങ്കത്തത്തെക്കുറിച്ചു് എന്നെ തെയ്യൊപ്പെടുത്താൻ യത്നിച്ചു; പക്ഷെ ഫലമുണ്ടായില്ല. 'നോക്കിയെഴുന്ന' വിദ്യ എനിയ്ക്കായിയ്ക്കുള്ളം പഠിയ്ക്കാൻ കഴിഞ്ഞില്ല.

എന്തായാലും, ഈ സംഭവം അധ്യാപകനോടുള്ള എന്റെ ബഹുമാനത്തെ ലേശംപോലും ലഘൂകരിയ്ക്കുയുണ്ടായില്ല. മൂത്തവരുടെ തെറ്റുകൾ കാണാതിരിയ്ക്കുകയെന്നതു് എന്റെ സഹജസ്വഭാവമാണ്. പില്ക്കാലത്തു് ഈ അധ്യാപകന്റെ മറ്റു പല കുറവുകളെക്കുറിച്ചും എനിയ്ക്കറിയാനിടയായിട്ടുണ്ടു്; എന്നിട്ടും അദ്ദേഹത്തോടെനിയ്ക്കുള്ള ബഹുമാനം പഴയ സ്ഥിതിയിൽത്തന്നെ നിലനിന്നു. കാരണം, ഞാൻ മൂത്തവരുടെ ആജ്ഞകളനുസരിയ്ക്കാൻ മാത്രമേ പഠിച്ചിട്ടുള്ളൂ; അതിനെ വിമർശിയ്ക്കാൻ പഠിച്ചിട്ടില്ല.

അക്കാലത്തുതന്നെയുണ്ടായ മറ്റു രണ്ടു സംഭവങ്ങൾ എല്ലായ്പോഴും എന്റെ സ്മൃതിപഥത്തിൽ പിടിച്ചുനില്പുണ്ടു്. സ്കൂൾപുസ്തകങ്ങളൊഴികെ മറ്റെന്തെങ്കിലും പുസ്തകങ്ങൾ വായിയ്ക്കുന്നതിൽ പ്രായേണ എനിയ്ക്കു യാതൊരു താല്പര്യവുമില്ലായിരുന്നു. അന്നന്നത്തെ പാഠങ്ങൾ എനിയ്ക്കു പഠിച്ചേ കഴിയൂ; എന്തെന്നാൽ, എനിയ്ക്കു് എന്റെ അധ്യാപകനെ വഞ്ചിയ്ക്കാനിഷ്ടമില്ലാതിരുന്നതുപോലെതന്നെ, അദ്ദേഹം എന്നെ കുറച്ചുകാട്ടുന്നതും എനിയ്ക്കിഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻ പാഠങ്ങൾ പഠിയ്ക്കും. പലപ്പോഴും മനസ്സിരുത്താതെയാണു് അതു ചെയ്യാറു പതിവു്. അങ്ങിനെ പാഠങ്ങൾ തന്നേയും ശരിയ്ക്കു പഠിയ്ക്കാൻ കഴിയാതിരിയ്ക്കുകയും പുറമേ പുസ്തകങ്ങൾ വായിയ്ക്കുകയെന്ന കായ്മേ ഉത്ഭവിയ്ക്കില്ലല്ലോ. എന്നാൽ അച്ഛൻ വാങ്ങിയ ഒരു പുസ്തകത്തിന്മേൽ എങ്ങിനെയോ എന്റെ ദൃഷ്ടി പതിഞ്ഞു. 'ശ്രാവണപിതൃഭക്തിനാടകം' എന്നൊരു ഗ്രന്ഥമായിരുന്നു

അത്. ഞാനതു എന്തെന്നില്ലാത്ത താല്പര്യത്തോടുകൂടിയാണ് വായിച്ചത്. ഏതാണ്ട് ഇക്കാലത്തുതന്നെ, നടനകളിയ്ക്കുന്ന സിനിമക്കാർ ഞങ്ങളുടെ ദിക്കിൽ വരികയുണ്ടായി. ഞാൻ കണ്ട പടങ്ങളിലൊന്നു, ശ്രാവണൻ കണ്ണുകാണാത്ത തന്റെ അച്ഛനമ്മമാരെ ഒരു തീർത്ഥയാത്രയ്ക്കായി വഹിച്ചുകൊണ്ടുപോകുന്നതായിരുന്നു. മായ്ച്ചാൽ മായാത്ത ഒരനുഭൂതിയാണ് ആ പുസ്തകവും ആ രംഗവും എന്റെ മനസ്സിലുളവാക്കിയിട്ടുള്ളത്. 'നിങ്ങൾക്കനുകരണീയമായ ഒരു ദൃഷ്ടാന്തമാണിത്', എന്നു ഞാൻ എന്നോടുതന്നെ പറഞ്ഞു. ശ്രാവണന്റെ മരണംമൂലമുള്ള മാതാപിതാക്കന്മാരുടെ ആ യാതനാമയമായ വിലാപം എന്റെ സ്മരണയിൽ ഇപ്പോഴും പുതുതായിത്തന്നെ വർത്തിയ്ക്കുന്നു. അകമലിയിയ്ക്കുന്ന ആ രാഗാലാപം എന്നെ അടിത്തട്ടോളം ഇളക്കിവിട്ടു; അച്ഛൻ വാങ്ങിത്തന്ന ഒരു മോർശംഖിനാൽ ഞാൻ സ്വയം അതു വായിയ്ക്കുകയുണ്ടായി.

മറെറാരു നാടകത്തോടു ബന്ധപ്പെട്ട ഏതാദ്ദേശമായ ഒരു സംഭവംകൂടിയുണ്ട്. ഏതാണ്ടിയ്യിടയിൽത്തന്നെ ഏതോ സംഘക്കാർ അഭിനയിച്ചിരുന്ന ഒരു നാടകം കാണാൻ പോകുന്നതിനു ഞാനച്ഛന്റെ അനുവാദം വാങ്ങി. ഹരിശ്ചന്ദ്രൻ എന്ന ഈ നാടകം എന്റെ ഹൃദയത്തെ ആകഷ്ടിച്ചു. എനിയ്ക്കുകണ്ടാൽ ഒരിയ്ക്കലും മുഷിയില്ലെന്ന മട്ടായി. എന്നാൽ എത്ര തവണ എന്നെ പോകാനനുവദിയ്ക്കും? എനിയ്ക്കുതൊരു ഭ്രമബാധപോലെയായിത്തീർന്നു. ഞാൻ അസംഖ്യം പ്രാവശ്യം ഹരിശ്ചന്ദ്രനായി അഭിനയിച്ചിട്ടുണ്ടാവണം. ഹ

രിശ്ചന്ദ്രനെപ്പോലെ എല്ലാവർക്കും എന്തുകൊണ്ടു സത്യസന്ധരായിക്കൂടാ?' എന്ന ചോദ്യമാണ് അഹോരാത്രം ഞാനെന്നോടു ചോദിച്ചത്. സത്യത്തെ അനുസരിയ്ക്കുകയും, ഹരിശ്ചന്ദ്രനു തരണം ചെയ്യേണ്ടിവന്ന പരീക്ഷണഘട്ടങ്ങളിലൂടേ കടന്നുപോവുകയും ചെയ്യുകയെന്ന ഒരാദർശത്തെയാണ് അതെന്നിൽ ഉണർത്തിവിട്ടത്. ഹരിശ്ചന്ദ്രന്റെ ചരിത്രം യഥാർത്ഥമാണെന്നു ഞാൻ ശരിയായി വിശ്വസിച്ചു. അതിനെക്കുറിച്ചുള്ള വിചാരം എന്നെ മിക്കപ്പോഴും കരയിച്ചിട്ടുണ്ട്. ഹരിശ്ചന്ദ്രൻ ഒരിതിഹാസപാത്രമാവാനിടയില്ലെന്ന് എന്റെ വിവേകം ഇന്നെനിയ്ക്കു പറഞ്ഞുതരുന്നു. എന്നല്ല, എന്നെസ്സംബന്ധിച്ചേടത്തോളം, ഹരിശ്ചന്ദ്രനും ശ്രാവണനും, രണ്ടു പേരും, സജീവങ്ങളായ യാഥാർത്ഥ്യങ്ങളാണ്. ആ നാടകങ്ങളും ഇന്നു വീണ്ടും വായിയ്ക്കുകയാണെങ്കിൽ അന്നത്തെപ്പോലെത്തന്നെ ഇന്നും അതെന്റെ ഉള്ളിൽത്തട്ടുമെന്ന് എനിയ്ക്കുറപ്പുണ്ട്.

ഹൈസ്കൂളിൽ ഞാനൊരു മന്ദനായിട്ടല്ല ഗണിയ്ക്കപ്പെട്ടിരുന്നത്. എന്റെ അധ്യാപകന്മാർക്കെല്ലാം എന്നെ വലിയ സ്നേഹമായിരുന്നു. അന്നു കുട്ടികളുടെ പുരോഗമനത്തെയും സ്വഭാവത്തെയും കുറിയ്ക്കുന്ന സർട്ടിഫിക്കറുകൾ കൊല്ലംതോറും പതിവായി പിതാക്കന്മാർക്കയച്ചു കൊടുക്കാറുണ്ട്. എനിയ്ക്കാരിയ്ക്കലും ഒരു ചീത്ത സർട്ടിഫിക്കറു കിട്ടിയിട്ടില്ല. വാസ്തവത്തിൽ, രണ്ടാംക്ലാസ്സിൽനിന്നു ജയിച്ചതിന്നുശേഷം ഞാൻ സമ്മാനങ്ങൾ മേടിയ്ക്കുകക്രമേണയുണ്ടായിട്ടുണ്ട്. അഞ്ചാംക്ലാസ്സിലും ആറാംക്ലാസ്സിലും എനിയ്ക്കു നാലും പത്തും ഉറുപ്പികവീതം സ്കോളർഷി

പ്പു ലഭിച്ചിട്ടുണ്ട്. എന്റെ സ്വന്തം സഹ്രണത്തോടെന്നതിലധികം എന്റെ ഭാഗ്യത്തോടു നന്ദി പറയേണ്ട ഒരു നേട്ടമാണിത്. കാരണം, സ്കോളർഷിപ്പു എല്ലാവർക്കും കൊടുത്തിരുന്നില്ല. കത്തിയാവാറിലെ സോറാത്ത് വിഭാഗത്തിൽപ്പെട്ട മികച്ച കുട്ടികൾക്കു മാത്രമായി നീക്കിവെച്ചതായിരുന്ന ഇത്. നാല്പതോ അമ്പതോ കുട്ടികളുള്ള ഒരു ക്ലാസ്സിൽ അക്കാലത്തു സോറാത്തിൽനിന്ന് അധികം കുട്ടികളൊന്നുമുണ്ടാവാൻ നിവൃത്തിയില്ലായിരുന്നതാനും.

എന്റെ പ്രാപ്തിയെസ്സംബന്ധിച്ച് എനിയ്ക്കു വലിയ മതിപ്പൊന്നുമുണ്ടായിരുന്നില്ലെന്നാണ് എന്റെ ഓർമ്മ. എനിയ്ക്കു സമ്മാനങ്ങളും 'സ്കോളർഷിപ്പു'കളും കിട്ടുമ്പോഴെല്ലാം ഞാൻ അത്ഭുതപ്പെടുക പതിവാണ്. എന്നാൽ എന്റെ സ്വഭാവത്തെ ഞാൻ കരുതലോടെ കാത്തു രക്ഷിച്ചുപോന്നു. ഏറ്റവും ഇച്ഛ്രമായ ദോഷാരോപണം പോലും എന്നെ കരയിയ്ക്കാറുണ്ട്. ഞാനൊരു ശകാരം അഹിയ്ക്കയോ, അഥവാ അഹ്നാണെന്ന് അധ്യാപകനു തോന്നുകയോ ചെയ്താൽ അതെനിയ്ക്കു സഹ്യമായിരുന്നു. ഒരു തവണ എനിയ്ക്കു തല്ലു കിട്ടിയതായി ഞാനോർക്കുന്നു. ഇതെന്റെ ഗുണത്തിനുവേണ്ടിയായിരുന്നതുകൊണ്ടു ശിക്ഷ ഞാനത്ര സാരമാക്കിയില്ല. ഞാൻ ദയനീയമാംവണ്ണം കരഞ്ഞു. ഒന്നാംക്ലാസ്സിലോ രണ്ടാംക്ലാസ്സിലോ പഠിയ്ക്കുമ്പോഴാണ് ഇതുണ്ടായത്. ഏഴാംക്ലാസ്സിൽ പഠിയ്ക്കുമ്പോൾ ഇതുപോലെത്തന്നെ മറെറാരു സംഭവമുണ്ടായിട്ടുണ്ട്: ടോറാബ്ജി എദുൽജി ജിമി ആയിരുന്ന അന്നത്തെ പ്രധാനാധ്യാപകൻ. അ

ച്ചടക്കത്തിൽ വലിയ കണിശക്കാരനായിരുന്നുവെങ്കിലും, അദ്ദേഹത്തിന്നു കുട്ടികളുടെ ഇടയിൽ സ്വാധീനമുണ്ടായിരുന്നു. നയജ്ഞനായ ഒരു നല്ല അധ്യാപകനായിരുന്നു അദ്ദേഹം. ഉയർന്ന ക്ലാസ്സുകളിലുള്ള ആൺകുട്ടികൾക്കു വ്യായാമവും ക്രിക്കറ്റുകളിയും അദ്ദേഹം നിർബന്ധമാക്കി. എനിയ്ക്കിതു രണ്ടും ഇഷ്ടമുണ്ടായിരുന്നില്ല. ക്രിക്കറ്റുകളിയോ ഫുട്ബാൾകളിയോ നിർബന്ധമാക്കുന്നതിന്നു മുമ്പു ഞാൻ യാതൊരുതരം വ്യായാമത്തിലും പങ്കെടുത്തിരുന്നില്ല. ഈ ഒഴിഞ്ഞുമാറലിന്നുള്ള കാരണങ്ങളിലൊന്ന് എന്റെ നാണംകുണുങ്ങിത്തമായിരുന്നു. അതുതീരെ തെറ്റാണെന്ന് ഇപ്പോൾ എനിയ്ക്കു തോന്നുന്നുണ്ട്. വ്യായാമവും വിദ്യാഭ്യാസവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന തെറ്റായ ഒരഭിപ്രായമുണ്ടായിരുന്നു അന്നെനിയ്ക്ക്. മാനസികവ്യായാമത്തിന്നുള്ളതുപോലെത്തന്നെ ശാരീരികവ്യായാമത്തിന്നും കരിക്കുലത്തിൽ സ്ഥാനമുണ്ടായിരിയ്ക്കണമെന്ന് ഇന്നെനിയ്ക്കു ബോധപ്പെട്ടിട്ടുണ്ട്.

എന്തായാലും, വ്യായാമത്തിൽനിന്നകന്നുനിന്നിരുന്നതുകൊണ്ട് എനിയ്ക്കു വലിയ ദോഷമൊന്നുമുണ്ടായിരുന്നില്ലെന്നതു പ്രസ്താവ്യമത്രേ. കാരണം ഉറന്ന സ്ഥലങ്ങളിലൂടേ വളരെ ദൂരം നടക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെപ്പറ്റി പുസ്തകങ്ങളിൽനിന്നു വായിച്ച്, ആ ഉപദേശത്തിൽ താല്പര്യം തോന്നി വളരെ ദൂരം നടക്കുക എന്റെ ഒരു പതിവായിത്തീർന്നിരുന്നു. ഇതിനെ ഞാൻ കൈവെടിഞ്ഞിട്ടില്ല. ഈ നടത്തം എനിയ്ക്ക് ഒരൊന്നാന്തരം ഉദ്ഗാത്രത്തെ സമ്മാനിച്ചിട്ടുണ്ട്.

വ്യായാമത്തിൽ ഉദാസീനത കാണിച്ചതുകൊണ്ട് എനിയ്ക്കു ദോഷമൊന്നുമുണ്ടായില്ലെങ്കിലും, മറെറാരുദാസീനതയുടെ ശിക്ഷ ഞാനിന്നും അനുഭവിയ്ക്കുന്നുണ്ട്. കയ്യക്ഷരം നന്നായിരിയ്ക്കേണ്ടതു വിദ്യാഭ്യാസത്തിന്നത്യാവശ്യമല്ലെന്ന ഒരഭിപ്രായം എവിടെനിന്നാണ് ഞാൻ ധരിച്ചുവെച്ചതെന്ന് എനിയ്ക്കറിഞ്ഞുകൂടാ; എന്നാലീ വിശ്വാസത്തെ ഞാൻ ഇംഗ്ലണ്ടിലേയ്ക്കു പോകുന്നതുവരെ പുലത്തിപ്പോന്നിരുന്നു. പിന്നീടു ചീത്ത കയ്യക്ഷരം അപൂർണ്ണവിദ്യാഭ്യാസത്തിന്റെ ഒരു ചിഹ്നമായി പരിഗണിയ്ക്കണമെന്നു ഞാൻ മനസ്സിലാക്കി. കയ്യക്ഷരം നന്നായിരിയ്ക്കേണ്ടതു വിദ്യാഭ്യാസത്തിന്റെ ഒരത്യാവശ്യമായ ഇനമാണെന്നു ഓരോ യുവാവും, ഓരോ യുവതിയും മനസ്സിലാക്കിയിരിയ്ക്കട്ടെ.

എന്റെ വിദ്യാലയസ്മരണകളിൽ രണ്ടെണ്ണംകൂടി എടുത്തുപറയേണ്ടതായിട്ടുണ്ട്. നാലാം ക്ലാസ്സുമുതല്ക്കു മിക്കവിഷയങ്ങളും ഇംഗ്ലീഷിലാണ് പഠിപ്പിച്ചിരുന്നത്. ഞാൻ വല്ലാത്ത കുഴക്കിൽപ്പെട്ടു. ക്ഷേത്രഗണിതം എനിയ്ക്കൊരു പുതിയ വിഷയമായിരുന്നു. അതിൽ എനിയ്ക്കു പറയത്തക്ക സാമർത്ഥ്യമുണ്ടായിരുന്നില്ല. അത് ഇംഗ്ലീഷിലും പഠിപ്പിയ്ക്കാൻ തുടങ്ങിയപ്പോൾ എനിയ്ക്കു കൂടേക്കൂടി ബുദ്ധിമുട്ടായിത്തീർന്നു. അധ്യാപകൻ നല്ല പോന്നവനായിരുന്നുവെങ്കിലും, അദ്ദേഹം പഠിപ്പിയ്ക്കുന്നത് എനിയ്ക്കു ഗ്രഹിയ്ക്കാൻ സാധിച്ചില്ല. എന്തായാലും നന്നെ പണിപ്പെട്ട് എങ്ങിനെയോ യൂക്ലിഡിന്റെ പതിമൂന്നാമത്തെ സിദ്ധാന്തത്തിലെത്തിച്ചേർന്നപ്പോഴെയ്ക്ക് എനിയ്ക്കീ വിഷയത്തിന്റെ കേവലമായ സാരള്യം പെട്ടെന്നു

സാരള്യം

ബോധപ്പെട്ടു. ഒരാളുടെ പ്രസന്നവും സരളവുമായ യുക്തി സാമർത്ഥ്യം മാത്രമാവശ്യമുള്ള ഒരു വിഷയം പ്രയാസമുള്ളതാവാൻ നിവൃത്തിയില്ല. അതിന്നുശേഷം, ക്ഷേത്രഗണിതം എനിയ്ക്കു വളരെ സുഗ്രഹവും രസകരവുമായിത്തീർന്നു.

(ആത്മകഥയിൽനിന്നു) മഹാത്മാഗാന്ധി.

ചോദ്യം:

1. മഹാത്മാഗാന്ധിയുടെ സത്യസന്ധതയ്ക്കു രണ്ടുദാഹരണങ്ങളും പറയുക.

19. ഭീഷ്മർ.

തിരോധാനം. സത്യസന്ധത.
ഹൃദയവ്യഥ. പരിപൃഷ്ടൻ.
പ്രചോദിതൻ. ഗാർഹസ്ഥ്യം.
ചിരവാഞ്ഛിതം. പ്രതിജ്ഞാബദ്ധൻ.
ഛിന്നഭിന്നം. ശരോപധാനം.
താലധ്വജം. ഉഭയകക്ഷി.

അനേകശതവർഷങ്ങൾക്കു മുമ്പു, ഗംഗായമുനാനദികളുടെ തടങ്ങളിൽ കുരുക്കളെന്നും പാഞ്ചാലരെന്നും രണ്ടു രാജവംശങ്ങളുണ്ടായിരുന്നു. കുരുവംശത്തിലെ രാജാവായ ശന്തനുവിന്നു ഗംഗാദേവിയിൽ ഏഴു പുത്രന്മാർ ജനിച്ചു. അവരേഴുപേരും ജനിച്ചിട്ടധികം താമസിയാതെതന്നെ കാലഗതിയടഞ്ഞു. പിന്നീടു ഗംഗാദേവിയ്ക്കു് ഒരു പുത്രൻകൂടി ജനിച്ചു. ആ എട്ടാമനു ജനിച്ച പുത്രനേയും കൊണ്ടു ഗംഗാദേവി തിരോധാനം ചെയ്തു.

ഗംഗാദേവി തന്റെ അരുമസ്സന്താനത്തെ കൊണ്ടു പോയി വാത്സല്യത്തോടുകൂടി വളർത്തിക്കൊണ്ടുപോന്നു. പുത്രനു വിദ്യയഭ്യസിയ്ക്കാനുള്ള കാലമായപ്പോൾ അതു പ്രിയമാതാവു, രാജകുമാരന്മാർ അവശ്യം അറിഞ്ഞിരിയ്ക്കേണ്ടുന്ന എല്ലാ വിദ്യകളും പുത്രനെ പഠിപ്പിച്ചു. അങ്ങിനെ പുത്രനെ നിപുണനും വിദ്വാനുമാക്കിത്തീർത്തു, ശന്തനുമഹാരാജാവിന്റെ അടുക്കൽ തിരിച്ചുകൊണ്ടുചെന്നേല്പിച്ചു ഗംഗാദേവി മടങ്ങിപ്പോയി. ഇങ്ങിനെ ഗംഗയാൽ ദാനംചെയ്യപ്പെട്ട ആ രാജകുമാരൻ ഗംഗാദത്തൻ എന്ന പേരിലറിയപ്പെടാൻ തുടങ്ങി. ഗംഗാദത്തൻ അനിതരസാധാരണമായ പിതൃഭക്തിയോടും സത്യസന്ധതയോടും കൂടി അവിടെ താമസിച്ചുപോന്നു.

ഗംഗാദേവിയുടെ സ്വർഗ്ഗാരോഹണം ശന്തനുമഹാരാജാവിനെ വീഷ്മാദാകുലനാക്കി. ഒരു ദിവസം അദ്ദേഹം മനോഹരമായ യമുനാതീരത്തിലൂടെ സവിഷാദം സഞ്ചരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, സത്യവതി എന്ന ഒരു ദാശകന്യകയെ കണ്ടു മോഹിതനായിത്തീർന്നു. ശന്തനുവിന്നു സത്യവതിയെ കല്യാണം കഴിച്ചാൽക്കൊള്ളാമെന്നായി. സത്യവതിയുടെ അച്ഛനോടു ചോദിച്ചപ്പോൾ, അവളിലുണ്ടാകുന്ന പുത്രനെ കിരീടാവകാശിയാക്കാമെന്നു ശപഥം ചെയ്താലല്ലാതെ വിവാഹം ചെയ്തുകൊടുക്കില്ലെന്നു മറുപടി പറഞ്ഞു.

അങ്ങിനെ, തന്റെ അഭിലാഷം നിറവേറാത്തതിനാൽ കനത്ത ഹൃദയവ്യഥയോടുകൂടി ശന്തനുരാജാവിന്നു രാജധാനിയിലേയ്ക്കു മടങ്ങിപ്പോരേണ്ടിവന്നു. എന്നാൽ സത്യവതിയുടെ അച്ഛന്റെ ആവശ്യത്തിന്നു വഴങ്ങാൻ

അദ്ദേഹത്തിന്നു മനസ്സു വന്നില്ല. തന്റെ വാത്സല്യലാളനങ്ങളാൽ പരിപുഷ്ടനും, സർവ്വഗുണസമ്പന്നനുമായ ഒരു പുത്രൻ കിരീടാവകാശിയായി ജീവിച്ചിരിയ്ക്കേ, സ്വാർത്ഥതാല്പര്യത്തിന്നുവേണ്ടി ആ പ്രിയപ്പെട്ട പുത്രനെ പരിത്യജിയ്ക്കാൻ ആ രാജാവാളായില്ല. ഇങ്ങിനെ ധർമ്മസങ്കടത്തിൽപ്പെട്ട ശന്തനു ചിന്താകുലനായിത്തീർന്നു. അച്ഛന്റെ ഈ വ്യാകുലതയിൽ ഉല്ക്കണ്ഠപൂണ്ട ഗംഗാദത്തൻ അതിന്റെ കാരണമെന്താണെന്നു പലവുരു ചോദിച്ചുവെങ്കിലും, അതിന്നു മറുപടി കിട്ടിയില്ല. ഒടുവിൽ ഗംഗാദത്തൻ മന്ത്രിയോടു സംഗതി ചോദിച്ചു മനസ്സിലാക്കി.

പരമമായ പിതൃഭക്തികൊണ്ടു പ്രചോദിതനായ ആ രാജകുമാരൻ അച്ഛന്റെ സങ്കടത്തെ പരിഹരിയ്ക്കാനായി സത്യവതിയുടെ പിതാവിന്റെ അടുക്കൽച്ചെന്നു, അച്ഛന്നുവേണ്ടി വിവാഹപ്രാർത്ഥനചെയ്തു. സത്യവതിയുടെ അച്ഛൻ അന്നു ശന്തനുവിനോടു പറഞ്ഞ മറുപടിതന്നെ ഗംഗാദത്തനോടും പറഞ്ഞു.

ആ പാവപ്പെട്ട മുക്കുവന്റെ വാക്കിനെ അവഗണിച്ചു, ഗംഗാദത്തനു സത്യവതിയെ നിഷ്പ്രയാസം കൊണ്ടുപോരാമായിരുന്നു. എന്നാൽ ധർമ്മനിരതനായ ആ ഭാവിരാജാവ് അതിന്നൊന്നും മുതിരാതെ, സത്യവതിയിൽ ജാതനാകുന്ന പുത്രനുവേണ്ടി താൻ കിരീടാവകാശത്തെ സന്ത്യജിച്ചുകൊള്ളാമെന്നു സധൈര്യം ശപഥം ചെയ്തു. ഗംഗാദത്തന്റെ ഈ പ്രതിജ്ഞകൊണ്ടും സത്യവതിയുടെ അച്ഛൻ തൃപ്തിപ്പെട്ടില്ല. അപ്പോൾ ഗംഗാ

ദത്തൻ ആജീവനാന്തം ബ്രഹ്മചര്യമനുഷ്ഠിച്ചുകൊള്ളാമെ
ന്നുകൂടി ആണയിട്ടു.

അഹോ, എന്തൊരു മഹാത്യാഗം!

പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ വേണ്ടി ഇ
ങ്ങിനെ ഭീഷ്മമായ ത്യാഗം ചെയ്തതുമൂലം ആ മഹാത്യാ
ഗി പിന്നീടു 'ഭീഷ്മർ' എന്ന നാമധേയത്താൽ പ്രസിദ്ധ
നായിത്തീർന്നു.

അനന്തരം ദാശന്റെ അനുമതിയോടുകൂടി ഭീഷ്മർ
സത്യവതിയെ രഥത്തിൽ കയറ്റി സ്വന്തം രാജധാനി
യിലേയ്ക്കു കൊണ്ടുപോന്നു.

മനുഷ്യനെ പ്രലോഭിപ്പിയ്ക്കുന്ന രാജപദവിയേയും
ഗാർഹസ്ഥ്യജീവിതത്തേയും തൃണവൽഗണിച്ച പിതാ
വിന്റെ അഭിലാഷത്തെ നിറവേറ്റിയതിലുള്ള മ
കന്റെ നിസ്വാർത്ഥതയും ത്യാഗമാഹാത്മ്യവുമോർത്ത്
ആഹ്ലാദാഭിമാനങ്ങളാൽ മതിമറന്ന ശന്തനുരാജാവ്,
തന്റെ ഓമനപുത്രനെ ഇങ്ങിനെ അനുഗ്രഹിച്ചു! "പ്രി
യപ്പെട്ട മകനേ, നിന്റെ അനുവാദം കൂടാതെ മൃത്യു
നുപോലും നിന്നെ സമീപിയ്ക്കുന്നേ കഴിയില്ല. നീ
ആഗ്രഹിച്ചാലല്ലാതെ മൃത്യു നിന്നെവന്നു ആക്രമിയ്ക്ക
യുമില്ല."

തന്റെ ചിരവാഞ്ഛിതം നിറവേറിയതിൽ സ
ന്തുഷ്ടിപൂണ്ട ശന്തനു സത്യവതിയോടുകൂടി സുഖമായി
വസിച്ചു. ഏറെത്താമസിയാതെ, ശന്തനുവിനു സത്യ
വതിയിൽ ചിത്രാംഗദനെന്നും വിചിത്രവീര്യനെന്നും
രണ്ടു പുത്രന്മാരുണ്ടായി. ശന്തനുവിന്റെ മരണശേഷം
ചിത്രാംഗദൻ രാജാവായി. എന്നാൽ ഏറെക്കാലം ചെ

ന്നില്ല, ചിത്രാംഗദൻ മൃതിയടഞ്ഞു. അനന്തരം ഭീഷ്മർ, വിചിത്രവീര്യനെ രാജാവായി അഭിഷേകം ചെയ്യാൻ ഒരുക്കങ്ങൾ കൂട്ടി.

ഈ സമയത്താണ് കാശിരാജാവിന്റെ മൂന്നു കന്യകകളുടെ വിവാഹം നടക്കാൻ പോകുന്നുണ്ടെന്നറിവായത്.

അന്നൊക്കെ രാജകുമാരികൾ തങ്ങൾക്കിഷ്ടമുള്ള പുരുഷന്മാരെ സ്വയം വരിയ്ക്കുകയായിരുന്നു പതിവ്. വല്ല മത്സരങ്ങളും നിശ്ചയിച്ച്, അതിൽ വിജയിയായ ആൾക്കു കന്യകയെ ദാനംചെയ്യുന്ന സമ്പ്രദായവുമുണ്ടായിരുന്നു. ഇതിന്നെല്ലാം പുറമേ ആരുടെ എതിർപ്പിനേയും വകവെയ്ക്കാതെ കന്യകയെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകുന്നവർക്കു സ്വയംവരം കഴിയ്ക്കാമെന്നും വിധിയ്ക്കപ്പെട്ടിരുന്നു.

കാശിരാജധാനിയിലെ വിവാഹമഹോത്സവത്തിന്നു ഭീഷ്മരും പോയിരുന്നു. ഭീഷ്മർ അവിടത്തെ രാജാക്കന്മാരെയൊന്നും ക്ഷണിക്കാതെ ആ മൂന്നു കന്യകകളേയും കൊണ്ടു സ്വന്തം രാജ്യത്തിലേയ്ക്കു പോന്നു. പക്ഷേ, അവരിൽ ഒരു രാജകുമാരി വേറൊരാളെ മനസാ വരിച്ചിട്ടുണ്ടെന്നറിയുകയാൽ ആ രാജകുമാരിയെ വിട്ടയച്ചു. മറ്റു രണ്ടു കന്യകമാരേയും വിചിത്രവീര്യൻ കല്യാണംകഴിച്ചു. അവരിൽ ഒരു രാജകുമാരിയുടെ പേർ അംബികയെന്നും, മറേറ രാജകുമാരിയുടെ പേർ അംബാലിക എന്നുമായിരുന്നു. എന്നാൽ ആ രാജകുമാരിമാരിൽ ഒരാൾക്കെങ്കിലും ഒരു സന്തതി പിറക്കുന്നതിന്നു മുമ്പു വിചിത്രവീര്യൻ ചരമംപ്രാപിച്ചു. സന്തതിയില്ലാതെ കുലത്തി

ന്നവതിവരാൻ പോകുന്ന ആ ദശാസന്ധിയിൽ, സത്യവതി ഭീഷ്മരോട് അനുജഭാര്യമാരെ കൈക്കൊള്ളാൻ കെഞ്ചിയപേക്ഷിച്ചുനോക്കിയെങ്കിലും, ആ സത്യനിഷ്ഠനായ പ്രതിജ്ഞാബദ്ധനായ യാതൊരിളക്കവുമുണ്ടായില്ല. ഭീഷ്മർ മഹർഷിമാരുമായി ആലോചിച്ചു വംശം കുറിയറാതെ കഴിച്ചുകൊള്ളാമെന്നറിപ്പുകൊടുക്കുക മാത്രം ചെയ്തു. അദ്ദേഹം, ശന്തനുരാജാവിന്റെ പട്ടമഹിഷിയാവുന്നതിനു മുമ്പു സത്യവതിയുടെ പരാശരമഹർഷിയിലുണ്ടായ വേദവ്യാസനെ സ്മരിച്ചു. വേദവ്യാസൻ പ്രത്യക്ഷനായി മാതാവിന്റെ ആജ്ഞപ്രകാരം സഹോദരഭാര്യമാരെ സഹീകരിയ്ക്കുകയും ചെയ്തു. അവരിൽ അംബികയുടെ ജാത്യന്ധനായി ധൃതരാഷ്ട്രനെന്നും അംബാലികയുടെ പാണ്ഡുവെന്നും രണ്ടു പുത്രന്മാരുണ്ടായി. അംബാലികയുടെ ദാസിയിൽ വ്യാസനു വിദുരൻ എന്നൊരു പുത്രനും ജാതനായി.

വ്യാസപുത്രന്മാരായ ഈ മൂവരേയും ഭീഷ്മർ പിതൃനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി വളർത്തി. അവരെല്ലാം മുതിർന്നപ്പോൾ, ധൃതരാഷ്ട്രർ അന്ധനായിരുന്നതിനാൽ, ഭീഷ്മർ മറ്റുള്ളവരുമായി ആലോചിച്ചു, പാണ്ഡുവിനെ യഥാവിധി കുരുരാജാവായി വാഴിച്ചു. എന്നാൽ പാണ്ഡുരാജാവ് അധികം താമസിയ്ക്കാതെ മരിച്ചുപോയതിനാൽ, രാജ്യഭാരം ധൃതരാഷ്ട്രരിൽത്തന്നെ വന്നുവീണു.

പാണ്ഡുവിന്നു കുന്തിയിലും, മാദ്രിയിലുമുണ്ടായ യുധിഷ്ഠിരാദി അഞ്ചു പുത്രന്മാരും, ധൃതരാഷ്ട്രനു ഗാന്ധാരിയിലുണ്ടായ ദുര്യോധനാദി നൂറു പുത്രന്മാരും വളർന്നുവന്നു

പ്പോഠം രാജ്യാവകാശത്തെസ്സംബന്ധിച്ചു തക്കമുണ്ടായി. ഒടുവിൽ ചൂതുകളിയിൽത്തോറ്റു യുധിഷ്ഠിരാദികൾക്കു രാജ്യം നഷ്ടപ്പെടുകയും അവർ വനവാസത്തിന്നയയ്ക്കപ്പെടുകയും ചെയ്തു. വനവാസവും കരാറുപോലെയുള്ള ഒരു കൊല്ലത്തെ അജ്ഞാതവാസവും കഴിഞ്ഞിട്ടും പാണ്ഡവന്മാക്കു രാജ്യം തിരിച്ചുകൊടുക്കുവാൻ ദുര്യോധനാദികൾ കൂട്ടാക്കിയില്ല. തമ്മിൽക്കലഹിയ്ക്കാതെ കായ്യം തീർക്കുവാൻ വന്ന കൃഷ്ണനെയും ദുര്യോധനൻ ധിക്കരിച്ചയച്ചു.

ദുര്യോധനാദികളുടെ ഈ അവിവേകത്തെ ഭീഷ്മർ പലപാട്ടു വിലക്കിനോക്കി. ഭീഷ്മർ ദുര്യോധനനോടു, സ്വന്തം സഹോദരന്മാരുമായി വഴക്കടിച്ചു സ്വയം വിനാശമടയാതിരിയ്ക്കാൻ അപേക്ഷിച്ചു. അതൊന്നും ദുരഭിമാനിയായ ദുര്യോധനൻ ചെവിക്കൊണ്ടില്ല.

ഒടുവിൽ യുദ്ധംതന്നെ വേണ്ടിവന്നു. ഇങ്ങിനെ ദുര്യോധനാദികളായ കൌരവന്മാരും ഭീമസേനാദികളായ പാണ്ഡവന്മാരും തമ്മിൽ നടന്ന ആ ഘോരയുദ്ധത്തിന്നാണ് ഭാരതയുദ്ധമെന്നു പറയുന്നത്.

എന്തായിട്ടും താൻ രാജത്വമില്ലാതെ ഹസ്തിനപുരത്തിൽ താമസിയ്ക്കുന്ന ഒരാളായതുകൊണ്ടു ഭീഷ്മർക്കു ദുര്യോധനന്റെ ദുശ്ശാഠ്യത്തിന്നു കീഴ്വഴങ്ങി, കൌരവസേനയുടെ സേനാനായകത്വം ഏറ്റെടുക്കേണ്ടിവന്നു.

ഒന്നാം ദിവസത്തെ യുദ്ധത്തിൽ കൌരവസേന അടിച്ചുകയറി. എന്നാൽ പിറേറദ്ദിവസം കൌരവസേനയ്ക്കു തെല്ലു തോൽവിപറ്റി. ഇതറിഞ്ഞു ദുര്യോധനൻ ഭീഷ്മരെ ശകാരിച്ചു. എന്നല്ല, അന്നത്തെ യുദ്ധത്തിൽ

അഭിമന്യുവിന്റെ ശരങ്ങളേറ്റ് അദ്ദേഹത്തിന്റെ ശരീരമാസകലം മുറിപ്പെട്ടുകയും, തന്റെ താലദ്ധ്വജം കടപുഴങ്ങി വീഴുകയുംചെയ്തു. ഇതുകൊണ്ടെല്ലാം അഭിമാനഭഗ്നനായ ആ രണശൂരന്നരിശം മൂത്തു. അദ്ദേഹം പാണ്ഡവസൈന്യവുമായി പൂർവ്വാധികം വീറോടെ ഏറ്റുമുട്ടി. ഈ ഏറ്റുമുട്ടലിൽ പാണ്ഡവസൈന്യം തളർന്നു. പാണ്ഡവസൈന്യത്തിന്റെ പരാജയം കണ്ടിട്ട കൃഷ്ണൻ അർജ്ജുനനേയും മറ്റും അധിക്ഷേപിച്ചു. വിഷണ്ണരായ പാണ്ഡവന്മാർ പിതാമഹനായ ഭീഷ്മരെ നേരിട്ടുചെന്നുകണ്ടു വന്ദിച്ചു. ഭീഷ്മർക്കു പാണ്ഡവരോട് അപാരമായ വാത്സല്യമുണ്ടായിരുന്നുവെങ്കിലും, അദ്ദേഹത്തിനു ദുര്യോധനന്റെ പക്കൽനിന്നു യുദ്ധംചെയ്യാതെ ഗത്യന്തരമില്ലെന്ന് അവരെ ധരിപ്പിച്ചു. എന്നിരുന്നാലും, പാണ്ഡവന്മാർക്കു ജയോപായം ഉപദേശിച്ചുകൊടുക്കാമെന്നു ധർമ്മപുത്രരോടു വാഗ്ദാനം ചെയ്തിരുന്നതിൻവണ്ണം, ഇങ്ങിനെ അരുളിച്ചെയ്തു:

"ഞാൻ ദുര്യോധനനധീനനാകയാൽ എനിയ്ക്കു കൌരവസേനയുടെ സേനാപതിത്വം വഹിയ്ക്കാതെ നിവ്വാഹമില്ല. ഞാൻ സേനാപതിയായിരിയ്ക്കുന്നേടത്തോളം കാലം, നിങ്ങൾക്കു കൌരവസേനയെ തോല്പിയ്ക്കാനും സാധ്യമല്ല. പക്ഷേ, ഒരു കായ്മുണ്ട്. "നിരായുധനോടും അഭയാർത്ഥിയോടും അവശനോടും ജന്മനാ സ്ത്രീയായിപ്പിറന്ന ആളോടും ഭീഷ്മർ യുദ്ധം ചെയ്യില്ല. പിതാമഹനാണെന്നുള്ള ഗൌരവമോർക്കാതെ, ക്ഷത്രധർമ്മമനുസരിച്ച് എന്നെ വധിച്ചുകൊള്ളുക!"

പിറെറദ്ദിവസത്തെ യുദ്ധത്തിൽ, ദ്രുപദപുത്രനായ ശിഖണ്ഡിയെ മുന്നിലിരുത്തിക്കൊണ്ട് അർജ്ജുനൻ ഭീഷ്മരുടെ താലധ്വജം നോക്കി വ്യൂഹത്തെ അടുപ്പിച്ചു. ആരേയും വിസ്മയിപ്പിയ്ക്കുമാറു സധീരം പോരാടിയിരുന്ന ഭീഷ്മർ ആ സമയത്തു പാണ്ഡവസേനയെ നിന്നിമേഷാക്ഷനായി നിന്നു നോക്കിക്കാണുകയായിരുന്നു. ശിഖണ്ഡിയെ കണ്ടതോടുകൂടി ഭീഷ്മരുടെ മുഖത്ത് ഒരു ശാന്തമായ പുഞ്ചിരി കളിയാടി. അദ്ദേഹം കൈകെട്ടി സഗൌരവം നിലക്കൊണ്ടു. തൽക്ഷണം, ശിഖണ്ഡിയുടെ പിന്നിൽനിന്ന് എയ്യുവിടപ്പെട്ട ചില അസ്ത്രങ്ങൾ വന്ന് ആ ധീരാത്മാവിനെ നിലംപതിപ്പിച്ചു.

ഉഭയകക്ഷികളുടേയും സമ്മതപ്രകാരം യുദ്ധം തല്ക്കാലത്തേയ്ക്കു നിത്തിവെച്ചു കൌരവന്മാരും പാണ്ഡവന്മാരും ആ മഹാത്മാവിന്റെ അടുക്കലെത്തിച്ചേർന്നു. ഭീഷ്മരുടെ ദേഹമാസകലം അമ്പുകൾ തറച്ചിരുന്നതിനാൽ ശിരസ്സു നിലംതൊടാതെയാണ് കിടന്നിരുന്നത്. കൌരവന്മാരും പാണ്ഡവരും സമീപത്തിലെത്തിയപ്പോൾ ശിരസ്സൊന്നയത്തിവെച്ചാൽ കൊള്ളാമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഉടയ്യോധനൻ ഉടനെ മൃദുലങ്ങളായ പട്ടുതലയിണകൾ കൊണ്ടുവന്നുകൊടുത്തു. എന്നാൽ ആ രണവൃദ്ധൻ പുരികം ചുളിച്ച്, അവയെ അവജ്ഞയോടെ തട്ടിനീക്കി. എന്നിട്ടദ്ദേഹം അർജ്ജുനന്റെ മുഖത്തെയ്ക്കൊന്നു നോക്കി. വന്ദ്യപിതാമഹന്റെ ഇംഗിതം കണ്ടറിഞ്ഞ അർജ്ജുനൻ തന്റെ ഗാണ്ഡീവത്തിൽനിന്നു ധ്യാനപൂർവ്വം മൂന്നു ശരങ്ങൾ മോചിപ്പിച്ച്, ഒരു ശരോപധാനം ചമച്ചു. ആ ശരോപധാനത്തിൽ

ശിരസ്സുയത്തിവെച്ചു ഭീഷ്മർ ദുര്യോധനനെ വിളിച്ചു, യുദ്ധം നിത്തി തമ്മിൽ യോജിയ്ക്കാനായി വീണ്ടും ഉപദേശിച്ചു. എന്നിട്ട് ആ ധീരപുരുഷൻ ശരശയനത്തിൽക്കിടന്നു നിത്യനിവ്വാണമടഞ്ഞു.

ചോദ്യം:

1. ഭീഷ്മർ ആരുടെ മകനാണ്?
2. ഭീഷ്മക്ക് 'ഗംഗാദത്തൻ' എന്ന പേരുണ്ടായതെങ്ങിനെ?
3. ഭീഷ്മർ എന്ന നാമധേയം എങ്ങിനെയുണ്ടായി?
4. ഭീഷ്മക്ക് അദ്ദേഹത്തിന്റെ അച്ഛൻ കൊടുത്ത വരമെന്ത്?
5. അക്കാലത്തെ സ്വയംവരസമ്പ്രദായം എങ്ങിനെയൊക്കെയായിരുന്നു?
6. വിചിത്രവീര്യന്നു് എത്ര ഭാര്യമാരുണ്ടായിരുന്നു? ഏതു രാജാവിന്റെ മക്കളായിരുന്നു അവർ?
7. ധൃതരാഷ്ട്രന്റെയും പാണ്ഡുവിന്റെയും മാതാപിതാക്കന്മാർ ആരാണ്?
8. ഭീഷ്മർ രാജ്യഭാരം ധൃതരാഷ്ട്രനെ ഏല്പിയ്ക്കാതെ പാണ്ഡുവിനെ ഏല്പിയ്ക്കാൻ കാരണമെന്ത്?
9. ഭാരതയുദ്ധത്തിനു കാരണമെന്ത്? ആ യുദ്ധത്തിൽ ഭീഷ്മർ ഏതു പക്ഷിലായിരുന്നു?
10. ഭീഷ്മർ തന്നെ കൊല്ലാൻ അർജ്ജുനനു പറഞ്ഞുകൊടുത്ത ഉപായമെന്ത്?
11. ഭീഷ്മരുടെ ത്യാഗമഹിമയ്ക്ക് ഒരു ദൃഷ്ടാന്തം പറയുക. സത്യസന്ധതയ്ക്ക് ഒരുദാഹരണം പറയുക.

———

20. ആരണ്യകന്റെ ആത്മഗതം.

മസൃണം. പുളിന്ദം.
വസുന്ധര. ദീധിതിപ്രകരം.

സരസം മസൃണം മനോഹരം
സരളം ചാരുഗഭീരമത്ഭുതം
പരമീവകയെസ്സമാഹരി-
ച്ചുരചെയ്യുന്നിതരണ്യമെന്നു ഞാൻ. ക

നരനുത്തമചിന്തയേന്തുവാൻ
വരമായൊന്നു വസുന്ധരയ്ക്കുമേൽ
പരമാദിമശില്പികല്പിതം
പരമാലേഖ്യമഹോ! മഹാവനം. ഖ

മുടവാർതുടെ മന്ദഹാസവും
പടയാളിത്തലവന്റെ ശൌര്യവും
ഇടചേർന്നു പിറന്നതാണതി-
സ്ഫുടസൌന്ദര്യമധിഷ്ഠ്യമീ വനം. ന

അഗരാജനജയ്യനണ്ടിതാ,
മൃഗസന്നാഹവുമങ്ങുമിങ്ങുമേ
നഗരം ഗരമാക്കുമീ ലതാ-
നഗരമ്യം വനമെത്ര ശോഭനം! ര

ഇതുനാൾ വടിവായ് വസന്തമാ-
മുതുരാജാവു ഭരിയ്ക്കുമീ വനം

പുതുതായൊരു പൂണ്ണകാന്തിയോ-
ടുലാമോദവുമാൻ കാണ്മ്മഞാൻ.

ദിവസേശ്വരരശ്മി കാഞ്ചന-
ദ്രവപാതം നിപതിച്ചു മേല്ക്കുമേൽ
നവമാമഴകാൻ മാനസം
കവരുന്ന കമനീയശാഖികം. ന

കരുതാതിവിടെക്കരം പതി-
യ്ക്കരുതെന്നുള്ളതനാദരിയ്ക്കുകിൽ
തരുസംഹതി സൂയ്ദേവനായ്
പൊരുതാനോ മുതിരുന്നതിങ്ങനെ? ണ

മഹനീയവിചിത്രഗീതി പൂ-
ണ്ടിഹ മന്ദാനിലധൂതവല്ലിയിൽ
വിഹഗേന്ദ്രവിലാസിനീഗണം
വിഹരിയ്ക്കുന്ന വിശാലകൌതുകം. വ

പലമാതിരി മേലജാലമീ-
മലയോരങ്ങളിലങ്ങുമിങ്ങുമേ
വിലസുന്ന പുലിന്ദകന്യമാ-
രുലരാനിട്ടൊരുറ്റുപോലവേ. ൻ

മലയാറ്റിൽ നനഞ്ഞു മന്ദമായ്
മലർത്തുകം മണമേന്തി വന്നിതാ
ഉലമമ്മരകാരി നീളവേ
വിലസുന്ത മലയാദ്രിമാരുതൻ. ഫം

മധുപാധിപനെത്തിടുമ്പൊഴീ
മധുലക്ഷ്മീസഖിയായ മാധവി
മധുവാൻ വിടർന്ന പൂക്കളാൽ
മധുരസ്വാഗതമന്ദഹാസയായ്. ൨൧

മലമാടിവിട്ട കുത്തനെ-
ച്ചുലമായ് വീണു തകർന്നു പിന്നെയും
പല പാറകളിൽത്തിരിഞ്ഞടി-
ച്ചുലറിക്കൊണ്ടൊഴുകുന്നിതാറുകൾ. ൨൨

പകലത്രയുമസ്തമിച്ചുപോയ്
പകരം സന്ധ്യയണഞ്ഞു സാംപ്രതം
പകരുന്നു വിചിത്രദീധിതി-
പ്രകരം വാനിലുമീ വനത്തിലും. ൨൩

മലർ പച്ചില പുല്ലുചെന്തളിർ-
ക്കുലയെന്നുള്ള സാന്ധ്യകാന്തിയിൽ
പലവർണ്ണമെടുക്കവേ വന്നൂ-
തലുമാകെസ്സുവിചിത്രദൃശ്യനം. ൨൪

കുറിപ്പുറത്തു കേശവൻനായർ.

21. സിനിമ (ചലനചിത്രം.)

വൈദ്യുതദീപം. നിരക്ഷരർ.
സ്വാഭാവികം. അഭ്യസ്തവിദ്യർ.

പ്രചാരണോപകരണം.

ഒരിയ്ക്കലെങ്കിലും ഒരു സിനിമാശാല സന്ദർശിച്ചിട്ടില്ലാത്ത എത്ര പേരുണ്ട് ഇന്നു നമ്മുടെ നാട്ടിൽ? അങ്ങിനെ വല്ലവരുമുണ്ടെങ്കിൽ, അവരുടെ സംഖ്യ തുലോം തുച്ഛമായിരിയ്ക്കുമെന്നതിനു യാതൊരു സംശയവുമില്ല. വലിയ വലിയ നഗരങ്ങളിൽ ഏറ്റവും നവീനങ്ങളായ സിനിമാശാലകൾ ഡസൻ കണക്കിൽ കാണാമെന്നുള്ളതു് അത്ഭുതകരമല്ലെന്നതന്നെ വെയ്ക്കുക. എന്നാൽ പട്ടണങ്ങളെപ്പോലെത്തന്നെ ഗ്രാമങ്ങളിലും ഇവ അടുത്ത കാലത്തായി സ്ഥലംപിടിയ്ക്കാൻ തുടങ്ങിയിട്ടുണ്ടു്. നാട്ടിൻറെ ഓണംകേറാമൂലയിലെങ്ങാനോ കിടക്കുന്ന ഉൾനാടുകളിൽപ്പോലും, വേനൽക്കൊയ്ത്തുകഴിഞ്ഞ പാടത്തു വിവിധവർണ്ണങ്ങളിലുള്ള വൈദ്യുതദീപങ്ങളാൽ മാലയണിഞ്ഞുനില്ക്കുന്ന സിനിമാക്കൊട്ടകകൾ ഇക്കാലത്തപൂർവ്വമല്ല.

സിനിമയുടെ ഉത്ഭവവും വളർച്ചയും ഏറ്റവും രസകരമായ ഒരു ചരിത്രമാണു്. ലോകത്തിൽ എവിടേയും നടക്കുന്ന ഏതു സംഭവത്തേയും, ഏതു പ്രകൃതിരംഗത്തേയും ഏറ്റവും സ്വാഭാവികമായ രീതിയിൽ സിനിമയിൽ നമുക്കു കാണാൻ കഴിയും. മഹാത്മാഗാന്ധിയുടെ ദണ്ഡിയാത്രയും, ബ്രിട്ടീഷുരാജാവിൻറെ കിരീടധാര

ണോത്സവവും, ലണ്ടനിൽ ജൂബ്ലി വിമാനങ്ങളും ബോംബെറിയുന്നതും ഇന്നു നിങ്ങൾക്കു സിനിമാശാലയിലിരുന്നുകൊണ്ടു കാണാം; ആഫ്രിക്കയിലെ ഇരുളടഞ്ഞ വനാന്തരങ്ങളിലെ അപരിഷ്കൃതവർഗ്ഗക്കാരുടെ ജീവിതവും, അമേരിക്കയിലെ അറുപതും അതിലധികവും നിലകളുള്ള അത്യുന്നതസൌധങ്ങളിലെ നാഗരികജീവിതവും നമ്മുടെ മുമ്പിൽ കാണുന്നപോലെ തോന്നും. ഇങ്ങിനെ ഒരു ലോകത്തെ മുഴുവനും സിനിമാശാലയിലെ ആ ചെറിയ വെള്ളിത്തിരമേൽ ഇന്നു നമുക്കു കാണുമാറായിരിക്കുന്നു.

സിനിമയിൽ നാം കാണുന്നതു വെറും ചിത്രങ്ങളാണെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കും. ഈ ചിത്രങ്ങൾ സ്വാഭാവികമായ രീതിയിൽ ചലിക്കുന്നതെങ്ങിനെയാണ്? ഏതെങ്കിലും ഒരു ചലനത്തിന്റെ തുടർച്ചയായ കുറെ ചിത്രങ്ങൾ എടുക്കുകയും അവയെ ഒന്നിനൊന്നു പിറകായി അതിവേഗത്തിൽ കണ്ണാടിക്കു മുമ്പിൽ പ്രത്യക്ഷപ്പെടുത്തുകയും ചെയ്താൽ ആ ചലനം മുറിവില്ലാതെ നമുക്കു തോന്നുന്നതാണ്. ഉദാഹരണമായി, ഒരോട്ടുന്ന കുതിരയുടെ തുടർച്ചയായ കുറെ ചിത്രങ്ങൾ എടുത്തുവെന്നു വിചാരിക്കുക. ഈ ചിത്രങ്ങളെ ഒരു പീപ്പയ്ക്കു ചുറ്റും പതിച്ചു ആ പീപ്പ ശീഘ്രതയോടുകൂടി തിരിച്ചാൽ ശരിക്കും കുതിര ഓടുകയാണെന്നേ നമുക്കു തോന്നൂ. ഈ തത്വമാണ് സിനിമയുടെ ആന്തരമായ അടിസ്ഥാനം. ചിത്രങ്ങളുടെ എണ്ണം കുറഞ്ഞാൽ ചലനം മുറിഞ്ഞും വ്യവസ്ഥയില്ലാതെയും ഇരിക്കും. അതുകൊണ്ടു സിനിമയിൽ ചുരുങ്ങിയതു് ഒരു നിമിഷത്തിൽ 16 ചിത്രങ്ങളെങ്കിലും എടു

ക്കേണ്ടിയിരിയ്ക്കുന്നു. ഇന്നാകട്ടെ നിമിഷത്തിൽ 24 ചിത്രങ്ങൾവരെ എടുക്കുന്നുണ്ട്.

ഈ കണക്കുവെച്ചു നോക്കിയാൽ, $2\frac{1}{2}$ മുതൽ 3 മണിക്കൂർവരെ നീണ്ടുനില്ക്കുന്ന ഒരു പടത്തിന്ന് ആകെ 8000 മുതൽ 12,000 അടിവരെ നീളം കാണും. ഏതാണ്ട് $1\frac{3}{8}$ ഇഞ്ചു വീതിയുള്ള 'സെലുലോയിഡ്' എന്ന വസ്തുകൊണ്ടുണ്ടാക്കിയ ചുരുളുകളിന്മേൽ ക്യാമറയുടെ (ഛായാഗ്രഹണയന്ത്രത്തിന്റെ) സഹായത്തോടുകൂടി ഈ ചിത്രങ്ങളുടെ ഫോട്ടോ എടുക്കുകയാണ് ചെയ്യുന്നത്. ഈ ചിത്രങ്ങൾ അതുകൊണ്ടു വളരെ ചെറുതായിരിയ്ക്കും. പിന്നീട് ഒരു പ്രകാശക(Projector)യന്ത്രത്തിന്റെ സഹായത്തോടുകൂടി ഇവയെ ഇവയെടുത്ത വേഗത്തിൽത്തന്നെ ഒരു വെളുത്ത തിരയിന്മേൽ പ്രകാശിപ്പിയ്ക്കുന്നു.

ഹോർണർ എന്ന ഇംഗ്ലീഷുകാരനാണ് സിനിമയുടെ ആദ്യത്തെ അടിക്കല്ലിട്ടത്. അത് ഏതാണ്ട് ഒരു ശതാബ്ദത്തിന്നു മുമ്പായിരുന്നു. അതിന്നു ശേഷം പലരും തങ്ങളുടെ കണ്ടുപിടുത്തങ്ങൾകൊണ്ട് ഇതിനെ പരിഷ്കരിച്ചും അഭിവൃദ്ധിപ്പെടുത്തിയും പോന്നിട്ടുണ്ട്. തോമസ് എഡിസൺ എന്ന സുപ്രസിദ്ധനായ അമേരിയ്ക്കൻ ശാസ്ത്രജ്ഞനാണ് സിനിമയെ അതിന്റെ ഇന്നത്തെ നിലയിലെത്തിച്ചത്. 1928-ന ശേഷം ചലനചിത്രത്തിൽ ഒരു വമ്പിച്ച പരിവർത്തനമുണ്ടായിട്ടുണ്ട്. അതിനുശേഷം സിനിമയിൽ ചലനങ്ങൾ കാണാൻ മാത്രമല്ല ശബ്ദങ്ങൾ കേൾക്കാൻകൂടി സാദ്ധ്യമായിത്തുടങ്ങിയിരിയ്ക്കുന്നു. അടുത്തകാലത്തായി വിവിധവർണ്ണത്തിലുള്ള പടങ്ങൾകൂടി എടുത്തുവരുന്നുണ്ട്.

സിനിമ ഒരു വിനോദം മാത്രമല്ല. അതൊരു വലിയ വ്യവസായം തന്നെയായിത്തീർന്നിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി അനേകലക്ഷം പേർ, ഇതിന്റെ ഓരോ വകുപ്പിലുമായി ഉപജീവനംകഴിച്ചുവരുന്നു.

അനേകായിരം ആളുകൾ നിത്യംകാണുന്ന ഒന്നായതുകൊണ്ടു സിനിമയെ പല ഉദ്ദേശങ്ങൾക്കുംവേണ്ടി ഉപയോഗപ്പെടുത്താം. അതിന്റെ പ്രധാന ഉദ്ദേശം വിനോദംതന്നെയെങ്കിലും വിനോദത്തോടൊപ്പം വിജ്ഞാനവും അതിനു കാണികളിൽ വളർത്താൻകഴിയും. വിദ്യാഭ്യാസത്തിനുവേണ്ടി സിനിമയെ ഇന്നെല്ലാപരിഷ്കൃതരാജ്യങ്ങളും ഉപയോഗിച്ചുവരുന്നു. നിരക്ഷരരായ സാമാന്യജനങ്ങളെ അഭ്യസ്തവിദ്യരാക്കാൻ സിനിമപോലെ അത്ര പറ്റിയ വേറൊന്നില്ല. കാരണം, സംഭവങ്ങളെ അതേപടി കാണുമ്പോഴത്തെപ്പോലെ മനസ്സിൽപ്പതിയില്ല, ആ സംഭവം ഭാഷാദ്വാരാ വിവരിച്ചുകേൾക്കുമ്പോൾ. ഇതുകൊണ്ടാണ് സിനിമയെ ഇന്നൊരു പ്രചാരണോപകരണമായി ഉപയോഗിച്ചുവരുന്നത്.

നമ്മുടെ വിദ്യാലയങ്ങളിൽ ഭ്രമിശാസ്ത്രം, ചരിത്രം, പ്രകൃതിശാസ്ത്രം എന്നിവയൊക്കെ പഠിപ്പിയ്ക്കുവാൻ സിനിമയെ വിനിയോഗിയ്ക്കുന്നതായാൽ, വിദ്യാർത്ഥികൾക്ക് ഇന്നത്തേക്കാൾ കൂടുതലെളുപ്പത്തിൽ ഈ വക വിഷയങ്ങളെ ഗ്രഹിയ്ക്കാൻകഴിയും.

ചോദ്യം:

1. സിനിമയുടെ തത്പത്തെ ഉദാഹരണസഹിതം വിവരിയ്ക്കുക.
2. ചലനചിത്രത്തിന്റെ കാരണഭൂതനാർ?
3. ചലനചിത്രത്തെ ഏതെല്ലാംതരത്തിലുപയോഗപ്പെടുത്താം?

22. വിട്ടയയ്ക്കുക

ഉൽപ്പതിയ്ക്കുക. പരിലാളനം. അശ്രുസഞ്ചയം.
സാന്ധ്യരാഗം. മത്തഭൃംഗം. ലസദ്വനം.

വിട്ടയയ്ക്കുക ക്രൂട്ടിൽനിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നുനടക്കട്ടെ!
സുപ്രഭാതമടുത്തു നഭസ്സിലേ-
യ്ക്കുൽപ്പതിയ്ക്കുന്ന മാമകവർഗ്ഗക്കാർ;
കൊച്ചുപക്ഷിയാം ഞാനോ, തമസ്സിൽത്താ-
നച്ഛമാമിപ്പുലർവെളിച്ചത്തിലും.
പഞ്ജരത്തിന്റെ ചുറ്റഴിയോരോന്നു-
മെന്നെ നോക്കിച്ചിരിപ്പതായ്ത്തോന്നുന്നു.
മർത്ത്യർതൻ പരിലാളനമൊന്നുമെ-
ന്നന്തരംഗത്തടത്തിനു ശാന്തിയെ നല്കീടാ.
വിട്ടയച്ചാലുമെന്നെയിക്രൂട്ടിൽനി-
ന്നൊട്ടു പാറിപ്പറക്കട്ടെ വാനിൽ ഞാൻ.

ഭംഗിയേറിയ പൊന്നിൻമറയ്ക്കുള്ളി-
ലിങ്ങഴലുകളുച്ഛ്വസിച്ചീടുന്നു;
അശ്രുസഞ്ചയമാവിയായ്പ്പൊങ്ങിപ്പോ-
യംബരത്തെപ്പുകപിടിപ്പിയ്ക്കുന്നു.
പൂവണിമധുമാസപ്പുലർകാറു
ജീവരാശിയെത്തട്ടിയുണർത്തുമ്പോഴും,
ആശയാം പുഴുവുള്ളിൽക്കടന്നിട്ടെ-
ന്നാശയത്തെക്കരണ്ടുമുറിയ്ക്കുന്നു;

സാന്ധ്യരാഗം നഭസ്സിൽ പരക്കുമ്പോൾ,
ശാന്തിയറെറൻ മനസ്സു പിടയ്ക്കുന്നു.
വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നുനടക്കട്ടെ!
കാണ്മതുണ്ടതാ തെല്ലകലത്തിലെൻ
ജന്മഭൂമിയാം കാനനം മോഹനം—
താമരമലർക്കയ്യാൽ തടാകങ്ങളം
പ്രേമമോടെന്നെയങ്ങു വിളിയ്ക്കുന്നു;
പുൽത്തളിരുകളം പൂന്തുകിൽ നെയ്യുന്നു;
പുഷ്പരാശികളം പുഞ്ചിരിക്കൊള്ളുന്നു.
മത്തഭൃംഗങ്ങളം മണ്ടിക്കളിയ്ക്കുന്നു,
പത്രവല്ലികളം ചുറ്റും പടരുന്നു.
ആ ലസദ്വനത്തിന്നു മീതേയൊരു
നീലമേലാപ്പു കെട്ടിയ വാനിടം
കാത്തുനില്ക്കുന്ന സസ്നേഹമായെന്നെ
മാടിനി മുകന്നോമനിച്ചീടുവാൻ.
വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ, ഞാ-
നൊട്ടു പാറിപ്പുറക്കട്ടെ വീണ്ടുമേ!

നാലപ്പാട്ട് ബാലാമണിയമ്മ.



23. സ്വരാജ്യസ്നേഹം.

സദ്വികാരം. പരിതസ്ഥിതി.
അതിവർത്തിയ്ക്കുക. ആത്മസംതൃപ്തി.

ഉദരപൂരണം.

മനുഷ്യൻക്ക് എന്തെങ്കിലും ചിലതിനെ, ആരെങ്കിലും ചിലരെ, സ്നേഹിയ്ക്കാതെ ജീവിയ്ക്കാൻ വയ്യ. മനുഷ്യന്റെ ജന്മവാസനകളെന്നു പറയാവുന്ന സദ്വികാരങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായ വികാരമാണ് സ്നേഹം. ഈ സ്നേഹത്തെ അയാൾ പില്ക്കാലത്തെ ജീവിതരീതികൊണ്ടും പരിതസ്ഥിതികൊണ്ടും പലവഴിയ്ക്കും തിരിയ്ക്കുന്നു.

മനുഷ്യൻക്ക് ആദ്യമായി സ്നേഹം തോന്നുന്നത് അയാളെ പ്രസവിച്ച അമ്മയോടാണ്. പിന്നീടച്ഛനോട്; പിന്നെ, അയാൾ ജനിച്ച വീട്ടിലെ മറ്റംഗങ്ങളോട്, പിന്നെ ആ വീടിനോട്—ഇങ്ങിനെ ആ സ്നേഹം കുറെശ്ശെ പരന്നു പിടിയ്ക്കുന്നു. എന്നാൽ മിക്കപേരുടേയും സ്നേഹം ഈ അതിർത്തിവരെ എത്തി കലാശിയ്ക്കുന്നതായി കാണാം.

എന്നാൽ ചിലരുടെ സ്നേഹം, ആ വീടിനേയും, ദേശത്തേയും അതിവർത്തിച്ച്, ആ രാജ്യമാസകലം വ്യാപിയ്ക്കുന്നു. ഇങ്ങിനെ സ്വന്തം രാജ്യത്തോട് ഒരാൾക്കു തോന്നുന്ന സ്നേഹത്തിന്നാണ് സ്വരാജ്യസ്നേഹമെന്നു പറയുന്നത്.

നമ്മുടെ മാതാപിതാക്കന്മാരുടെ യോഗക്ഷേമങ്ങളെ നേഷിയ്ക്കുന്നതിൽ നമുക്കു താല്പര്യമുളവാകുന്നതുപോലെ, നാം ജനിച്ച ആ ഗ്രാമത്തിനേറയും അതും കടന്ന് ആ രാജ്യത്തിനേറയും യോഗക്ഷേമങ്ങളിൽ താല്പര്യമുണ്ടാവുക സ്വാഭാവികമല്ലെന്നു പറയാമോ?

ഒരു വ്യക്തിയോടോ, ഏതെങ്കിലും ചില സവിശേഷസ്ഥലത്തോടോ തോന്നുന്ന സ്നേഹത്തിനേക്കാൾ ഉത്തമമായിട്ടുവേണം, സ്വരാജ്യസ്നേഹത്തെ കണക്കാക്കുവാൻ. നമ്മുടെ ഒരാത്മസംതൃപ്തി മാത്രമല്ല സ്നേഹത്തിന്റെ ആന്തരോദ്ദേശമെങ്കിൽ, മേൽപ്പറഞ്ഞ വസ്തുതയിൽ തക്കമുണ്ടാവാൻ വയ്യ. ഏറ്റവും മഹത്തായ ഈ മനുഷ്യവികാരംകൊണ്ട്, ഒരു രാജ്യത്തിന്നുതന്നെ ചില നന്മകളുണ്ടാക്കാൻ സാധിയ്ക്കുമെങ്കിൽ, തീച്ചയായും ആ സദ്വികാരത്തെ നാം ആ നിലയ്ക്കു വളത്തിക്കൊണ്ടുവരികതന്നെവേണം.

സ്വന്തം മാതാവിന്ന് ഏതെങ്കിലും ഒരാപത്തു നേരിടുമ്പോൾ ആർക്കും മനോവേദനയുണ്ടാകുന്നു. തൽക്ഷണം, തന്റെ പ്രിയമാതാവിനെ ആപത്തിൽനിന്നു മോചിപ്പിയ്ക്കുവാൻ അയാളുംകൊണ്ടു ശ്രമിയ്ക്കും. ഇതുപോലെത്തന്നെ അയാളുടെ വീട്ടിൽ ഒരു കള്ളൻ കടക്കാൻ ശ്രമിയ്ക്കുന്നുവെന്നു വിചാരിയ്ക്കുക: അതു കണ്ടെത്തിയാൽ അയാൾ കൈകെട്ടി ഇരിയ്ക്കുമോ? അയാൾ എത്ര ദുർബലനായിരുന്നാലും, ആ കള്ളനെ അവിടെ നിന്നാട്ടിപ്പായിയ്ക്കാൻ ജീവൻ പണയംവെച്ചും ശ്രമിയ്ക്കാതിരിയ്ക്കുകയില്ല. ഇതെല്ലാം ചെയ്യുന്നത്, അയാൾക്ക് അയാളുടെ അമ്മയോടും വീട്ടിനോടുമുള്ള നിർവ്യാജമായ

സ്നേഹം മൂലമാണ്. ഇതുപോലെ രാജ്യത്തോടും അയാൾക്കു സ്നേഹമുണ്ടെങ്കിൽ, അമ്മ കഷ്ടപ്പെടുന്നതുകണ്ടു സഹിയ്ക്കാൻ വയ്യാത്തതുപോലെത്തന്നെ, ഒരു രാജ്യത്തിന്റെ കഷ്ടപ്പാടുകളും അയാൾക്കു കണ്ടിരിയ്ക്കാൻ സാധിയ്ക്കുകയില്ല.

മനുഷ്യർ സാമൂഹ്യകജീവികളാണ്. മനുഷ്യൻ ഒറ്റയ്ക്കൊറ്റയ്ക്കു ജീവിച്ചുപോന്നിരുന്ന ഒരതിപ്രാചീനകാലം ഉണ്ടായിരുന്നുവോ, ആവോ? വനങ്ങളിൽ തനിക്കാടന്മാരെപ്പോലെ ചുറ്റിനടന്ന് ഉദരപൂരണം മാത്രം ജീവിതോദ്ദേശമായിരുന്ന ആ അതിപ്രാചീനകാലത്ത്, ഒരുപക്ഷെ അതു സാധിച്ചിട്ടുണ്ടാവാം. അന്നു മനുഷ്യരും ലോകത്തിൽ അധികമുണ്ടായിരുന്നില്ല. എന്നാൽ വിശേഷബുദ്ധിയുള്ള മനുഷ്യനു മൃഗങ്ങളെപ്പോലെ കേവലം ഉദരപൂരണത്തിനുവേണ്ടി ജീവിയ്ക്കാൻ സാധിയ്ക്കുകയില്ല. പില്ക്കാലങ്ങളിലാവട്ടെ, മനുഷ്യരുടെ സംഖ്യ തുരുതുരുന്നനെ വർദ്ധിയ്ക്കാൻ തുടങ്ങി. ഒരേ ദിക്കിൽത്തന്നെ ആയിരവും പതിനായിരവും ജനങ്ങളൊന്നായി താമസിയ്ക്കണമെന്ന സ്ഥിതി വന്നു. എല്ലാറ്റിനും പുറമെ, ഭക്ഷണം കഴിയ്ക്കുന്നതുപോലെത്തന്നെ, കായികവും മാനസികവുമായ വിനോദവും, വിജ്ഞാനസമ്പാദനവും മനുഷ്യർക്ക് ഒഴിച്ചുകൂടാത്തതായി. ഇങ്ങിനെയായപ്പോൾ മനുഷ്യന് ഒറ്റതിരിഞ്ഞു താമസിയ്ക്കാൻ വയ്യെന്നല്ല, അന്യോന്യമുള്ള ദൃഢസ്നേഹംകൊണ്ടേ താമസിച്ചുകൂടൂ എന്ന നില വന്നു.

ഇങ്ങിനെ മനുഷ്യർക്കു പരസ്പരമുള്ള ഐക്യവും സ്നേഹവും വർദ്ധിപ്പിയ്ക്കാതെ ഗത്യന്തരമില്ലെന്നു വന്നതുകൊ

ണ്ടാണ് മനസ്സംസ്കാരം സിദ്ധിച്ചവർ പരസ്പരമൈത്രിയ്ക്കുവേണ്ടി അദ്ധ്വാനിച്ചുപോരുന്നത്. അങ്ങിനെയുള്ള വിശാലാശയരാണ് യഥാർത്ഥ സ്വരാജ്യസ്നേഹികളായിത്തീർന്നിട്ടുള്ളത്.

സ്വന്തം രാജ്യത്തിന്റെ നന്മയെച്ചൊല്ലി എത്രയെത്ര വീരന്മാർ ആത്മാപ്പണംചെയ്ത വീരസ്വർഗ്ഗമടഞ്ഞിരിയ്ക്കുന്നു! ഇനി എത്ര ചെയ്യാനിരിയ്ക്കുന്നു!

മുഗൾചക്രവർത്തിയായിരുന്ന അക്ബറുമായി അവസാനംവരെ അടരാടി തന്റെ പ്രിയപ്പെട്ട മേവാഡിന്റെ അഭിമാനം രക്ഷിച്ച വീരസ്വർഗ്ഗം പ്രാപിച്ച പ്രതാപശാലിയായ പ്രതാപസിംഹനെപ്പറ്റി നിങ്ങൾ വായിച്ചിട്ടില്ലേ? ആ പ്രതാപസിംഹനെപ്പോലെയുള്ള സ്വാതന്ത്ര്യപ്രേമികളായ നിരവധി രണശൂരന്മാരുടെ വീരപദാനങ്ങൾ പാടിക്കേട്ട് കണ്ണും കൂളപ്പിച്ചുപോന്ന ഒരു സുകൃതിനിയാണ് നമ്മുടെ ഭാരതാംബയിരുന്നു. എന്തിനും പുരുഷകേസരികൾ, രാജസ്ഥാനത്തെ കിട്ടുകിടെ വിറപ്പിച്ചുപോന്ന അബലാമണികൾതന്നെ നമ്മുടെ നാട്ടിൽ ജനിച്ചിട്ടില്ലേ? അതിനിപുണനും യുദ്ധവീരനുമായ ആസഫ്ഖാന്റെ, സമുദ്രംപോലെ ഇരമ്പിയടിച്ചുവരുന്ന സൈന്യപരമ്പരയുടെ മദ്ധ്യത്തിൽ നിന്നു, തന്റെ ഓമനമകനേയും പുറത്തേറ്റി, പോരാടിയ റാണി ദുർഗ്ഗാവതിയെപ്പറ്റി രോമാഞ്ചംകൊള്ളാതെ നിങ്ങൾക്കു സ്മരിയ്ക്കാൻ കഴിയുമോ?

അങ്ങിനെ അവരവരുടെ അവസാനശ്വാസത്തോളം ധീരോചിതം ആ പൂർവ്വികരായ നമ്മുടെ പ്രപിതാമഹന്മാർ സ്വന്തം നാട്ടിന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചു

പോന്നു. എന്നാൽ അങ്ങിനെ സ്വാതന്ത്ര്യത്തിന്റെ കേളീരംഗമായി പരിലസിച്ചിരുന്ന നമ്മുടെ ഭാരതഭൂമി രണ്ടു നൂറ്റാണ്ടുകളായി ഒരു വിദേശീയാധിപത്യത്തിന്റെ ക്രൂരതരങ്ങായിത്തീർന്നിരിയ്ക്കുന്നു! ഇന്നു നാം ഒരനുശ്രുതിയ്ക്കുടിമപ്പെട്ടിരിയ്ക്കുന്നു. ഇതു നമുക്കോ, നമ്മുടെ മാതൃഭൂമിയായ ഭാരതത്തിനോ അഭിമാനാവഹമല്ല. നിങ്ങളുടെ സ്വന്തം കുടുംബത്തിൽ അന്യൻ വന്നു ഭരണംനടത്തുന്നതു നിങ്ങൾക്കു സമ്മതമാണോ?

ഈ അവമാനകരമായ ദാസ്യത്തിൽ കരുണൊന്തിട്ടാണ്, മഹാത്മാഗാന്ധി, ജവഹർലാൽനെഹ്രു മുതലായവരെപ്പോലുള്ള വന്ദ്യനേതാക്കന്മാർ എത്ര ത്യാഗവും സഹിച്ചു നാട്ടിന്റെ സ്വാതന്ത്ര്യം വീണ്ടെടുക്കാൻ ശ്രമിയ്ക്കുന്നത്.

ഇങ്ങിനെ ഏതു രാജ്യത്തിലും ഉത്തമന്മാരായ സ്വാതന്ത്ര്യപ്രേമികൾ ഭ്രാതാരായിട്ടുണ്ട്. മഹാനായ ഗരിബാൾഡി ഇറ്റലിയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി പടവെട്ടിയ ഒരു വീരഭടനാണ്. ഇതുപോലെ സ്വിറ്റ്സർലണ്ടിന്റെ സ്വാതന്ത്ര്യത്തിന്നായി ആജീവനാന്തം സമരംചെയ്ത ഒരു മഹാനാണ് വില്യം ടെൽ.

ഇത്തരം മഹാനുഭാവന്മാരുടെ കാലടിപ്പാടുകളെ പിന്തുടർന്നു യഥാർത്ഥസ്വരാജ്യസ്നേഹികളായിത്തീരാൻ നിങ്ങളോരോരുത്തരും സന്നദ്ധരാവണം. അജ്ഞതകൊണ്ടും ദാരിദ്ര്യംകൊണ്ടും അടിമത്തംകൊണ്ടും അനേകവർഷങ്ങളായി പൊറുതിമുട്ടുന്ന മാതൃഭൂമിയുടെ ഭാവി, സംസ്കാരസമ്പന്നരും അഭ്യസ്തവിദ്യരുമായ ജനതയുടെ കയ്യിലാണിരിയ്ക്കുന്നത്. അതുകൊണ്ട് ഇന്നത്തെ വിദ്യാ

വിദ്യാർത്ഥിസംഘടനകൾ.

ത്ഥികളും മേലാലത്തെ പൌരന്മാരുമായ നിങ്ങളിലാ
ണ് രാജ്യക്ഷേമം നിലനില്ക്കുന്നതെന്നു നിങ്ങളോമ്മിയ്ക്ക
ണം. അല്ലയോ വിദ്യാത്ഥികളേ,

"താരുണ്യത്തുടുപ്പാർന്ന നിങ്ങൾതൻ മുഖത്തേ്
തായയാം ധരണിതന്നാശതങ്കിനു നോട്ടം!"

ചോദ്യങ്ങൾ:—

1. സ്വരാജ്യസ്നേഹമെന്നാലെന്ത്?
2. സ്വന്തം രാജ്യത്തിന്നുവേണ്ടി പടവെട്ടി മരണമടഞ്ഞ ചില വീരന്മാരുടേയും വീരതരുണികളുടേയും പേർ പറയുക.
3. മഹാത്മാഗാന്ധിയെപ്പറ്റിയും ജവഹർലാൽനെഹ്രുവിനെപ്പ റ്റിയും നിങ്ങൾക്കറിയുന്നതെഴുതുക—
4. ഗരിബാൾഡി, വില്യംടെൽ—ഇവർ ഏതു രാജ്യക്കാരാണ്? ഇവരാരായിരുന്നു?

---

24. വിളഞ്ഞ പാടം.

അലക്തകം. അമന്ദം:
മഞ്ജീരകശിഞ്ജിതം. സ്വാത്ഥപരായണൻ.

1. കുല തെല്ലുചുവന്ന പച്ചനെല്ലിൻ-
നിരയെങ്ങും നിറയും നിലങ്ങളം നീളെ
ചരമാരുണചാരുഭാനുചേരും
മുകിലിൻഭംഗി കലർന്നു മിന്നിടുന്നു.

2. നടമാടിടുമാഴിമങ്കതൻ കാ-
ലലരിൽക്കോലുമലക്തകം പകർന്നോ,
ഇളമൂടി വിരിച്ചിരുന്ന പച്ച-
ച്ചകലാസ്സിൻ മുകളാകെ രക്തമായി!

3. മലർമാതണിയുന്ന കുങ്കുമച്ചാർ
കലരും കാറൊളിവണ്ണമാറുപോലെ,
വിലസുന്ന നിലങ്ങളം പാക്കുമാക്കും
പരമാനന്ദമമന്ദമേകിടുന്നു.

4. തരുണൻ തപനൻ കരങ്ങളാലേ
തടവുന്നെല്ലു തഴച്ച രാഗമോടേ,
തനിയേ തലതെല്ലു താഴ്ത്തിനില്ക്കും
നിലകണ്ണം കരളും കവർന്നിടുന്നു.

5. ഹഹ, മംഗളദേവതാപദത്താ-
രണിമഞ്ജീരകശിഞ്ജിതം കണക്കെ
മധുപേശലശാരികാസമൂഹ-
ധ്വനിപൊങ്ങുന്ന മനോജ്ഞമായിതിങ്കൽ.

6. കതിർ കൊത്തിയെടുത്തു കൊക്കിലാക്കി-
ക്കളനാദം കലരും കിളിക്കിടാങ്ങളം
അഴകോടിഹ കേളിയാടിടുന്നു
വിധിതന്നുത്തമശില്പവിഭ്രമങ്ങളം.

7. തലപോലുമഹോ പരാർത്ഥമായി-
ച്ചെലവാക്കാൻമടിയാത്ത സാധുനെല്ലേ,
തവ ചേവടിയിൽക്കുനിഞ്ഞിടട്ടേ
പടവാം സ്വാർത്ഥപരായണൻ മനുഷ്യൻ!

ജി. ശങ്കരക്കുറുപ്പ്.



25. ദീപനവും ദീപനേന്ദ്രിയങ്ങളും.

പോഷകാംശം.
ലാലാഗ്രന്ഥി.
സമ്മർദ്ദം.
അമ്ലസ്വഭാവം.
പചനം.
യകൃത്ത്.
അഗ്നിഗ്രന്ഥി.
വ്യക്തപ്രഭാവം.
ഏകീഭാവം.
അന്നനാളം.
അനിച്ഛാധീനപേശി.
തരംഗചലനം.
ഗ്രാഹ്യം.
രഞ്ജകപിത്തം.
ജഠരാഗ്നി.
യഥാക്രമം.

ലൂതാതന്തു.

ഒരു തീവണ്ടി ഓടുന്നത് അതിലൊഴിയ്ക്കുന്ന വെള്ളത്തിൽ നിന്നുണ്ടാവുന്ന ആവിയുടെ ശക്തികൊണ്ടാണെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടായിരിയ്ക്കും. മനുഷ്യനും പ്രവർത്തിയ്ക്കുന്നത്, അതുപോലെ നിത്യം കഴിയ്ക്കുന്ന ആഹാരത്തിൽനിന്നു ലഭിയ്ക്കുന്ന ശക്തികൊണ്ടാണ്.

എന്നാൽ മനുഷ്യശരീരത്തിനു ചില കാര്യങ്ങളിൽ യന്ത്രത്തിൽനിന്നു വ്യത്യാസമുണ്ട്. യന്ത്രം സ്വയം വളരുകയില്ല. അതിനു തേമാനം വരികയോ വല്ല കേടും പറ്റുകയോ ചെയ്താൽ അതു പുതുക്കുകയോ, കേടുവന്ന സാധനം മാറ്റിവെയ്ക്കുകയോ ചെയ്യാം. മനുഷ്യനെസ്സംബന്ധിച്ചേടത്തോളം ഇതസാധ്യമാണ്. അയാളുടെ ഏതെങ്കിലുമൊരംഗത്തിനു കേടുപറ്റുകയോ, നിത്യോപയോഗംമൂലം തേമാനം വരികയോ ചെയ്താൽ

അയാൾ കഴിയ്ക്കുന്ന ആഹാരത്തിലെ പോഷകാംശം കൊണ്ടു മാത്രമേ ഈ കേടു പോക്കാനും തേമാനം നികത്താനും സാധിയ്ക്കുകയുള്ളൂ. ഇതിനാൽ ശരീരത്തിന്നു ക്രമമായി പ്രവർത്തിയ്ക്കുവാനും അപ്പപ്പോൾ നേരിടുന്ന കേടുകൾ പരിഹരിച്ചു പുഷ്ടി വളർത്താനും ശരിയായ ഭക്ഷണം വേണ്ടവിധത്തിൽ കഴിയ്ക്കണം. വേണ്ടവിധത്തിൽ കഴിച്ചാലും പോരാ, അതു നല്ലവണ്ണം ദഹിച്ചു അതിലെ പോഷകാംശം ശരീരത്തിൽ പിടിയ്ക്കുകയും, അതിന്റെ അവശിഷ്ടം മലമായും മൂത്രമായും പുറത്തേയ്ക്കു പോവുകയും വേണം. ഈ പ്രവൃത്തിയ്ക്കാണ് ദീപനം അഥവാ ദഹനമെന്നു പറയുന്നത്. ഇതിന്നു സഹായകങ്ങളായ അവയവങ്ങൾക്കു ദീപനേന്ദ്രിയങ്ങൾ എന്നും പറയുന്നു.

വായമുതൽ ഗുദദ്വാരംവരെ അനുബന്ധിച്ചു കിടക്കുന്ന അവയവങ്ങൾക്കെല്ലാം കൂടിയാണ് ദീപനേന്ദ്രിയങ്ങളെന്നു പറയുന്നത്. ഇവയിലോരോഭാഗവും നിശ്ചിതമായ ഓരോ പ്രവൃത്തിയ്ക്കായി നിയോഗിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇവയെല്ലാം ഏകീഭാവത്തോടുകൂടി ശരിയായി പ്രവർത്തിച്ചാലേ തൃപ്തികരമായ ദീപനവും തജ്ജന്യമായ ശരീരവികാസവും സിദ്ധിയ്ക്കുകയുള്ളൂ.


നാം കഴിയ്ക്കുന്ന ഭക്ഷണത്തെ ആദ്യമായി സ്വീകരിയ്ക്കുന്നതു വായയാണ്. വായയിൽ, കടുത്ത സാധനങ്ങളെ കടിച്ചു ചവച്ചു മൃദുവാക്കാൻ പല്ലുകളുണ്ടു. ഇങ്ങിനെ കടിച്ചു ചവയ്ക്കാനുള്ള പദാർത്ഥങ്ങളെ നഴഞ്ഞു തള്ളിക്കൊടുക്കാൻ നാവും സഹായിയ്ക്കുന്നു. ഭക്ഷണം ചവച്ചിറക്കുംതോറും അതിന്റെ രുചിയും മണവും വർദ്ധി

യ്യുകയും തന്മൂലം ഉമിനീർ വന്നുകൊണ്ടിരിയ്യുകയും ചെയ്യും. ഈ ഉമിനീർ ഉണ്ടാക്കുന്നതിന്നു വായിൽ മൂന്നു ജോടി ലാലാഗ്രന്ഥികളുണ്ട്. ചെറുകുഴലുകൾ വഴിയായി വരുന്ന ഈ ഉമിനീരിന്നു ധാന്യന്തുറിനെ പഞ്ചസാരപ്പായമാക്കാനുള്ള ശക്തിയുണ്ട്. നാം കഴിയ്ക്കുന്ന ഭക്ഷണത്തിലെ ഒരു ഭ്രൂ ഭാഗം ധാന്യന്തുറാണെന്നതു ഇവിടെ പ്രസ്താവ്യമത്രേ.


ഭക്ഷണം നല്ലവണ്ണം കടിച്ചു ചവയ്ക്കുന്നതു വളരെ അത്യാവശ്യമാണ്. അതു ദഹനജലത്തെ ആമാശയത്തിലേയ്ക്കാകർഷിയ്ക്കാനുപകരിയ്ക്കുന്നു. ഭക്ഷണം നല്ലപോലെ ചവച്ചു മദ്ദിയ്ക്കപ്പെട്ടാലെ, ലാലാരസത്തിന്നോ മറ്റു ദീപനരസത്തിന്നോ ഭക്ഷണത്തെ പചിയ്ക്കാൻ കഴിയൂ. ഭക്ഷണം നല്ലവണ്ണം ചവച്ചിറക്കുന്നതായാൽ ഇറങ്ങിപ്പോകുന്ന വഴിയ്ക്കും തടസ്ഥമുണ്ടാവില്ല.

വായിൽനിന്നു് ആമാശയത്തിലേയ്ക്കു നേരെ ഒരു കുഴലുണ്ട്. മാംസപേശികളെക്കൊണ്ടു നിർമ്മിതമായ ഈ കുഴലിന്നു അന്നനാളം എന്നു പറയുന്നു. അന്നനാളത്തിന്നു പറയത്തക്ക ജോലികളൊന്നുമില്ല. വായിൽ നിന്നു ചവച്ചു പാകപ്പെടുത്തി കിട്ടുന്ന ഭക്ഷണത്തെ ആമാശയത്തിലേയ്ക്കെത്തിയ്ക്കേണ്ട ഭാരമേയുള്ളു. ഈ നാളത്തിലൂടെ ഭക്ഷണം പോയി വീഴുന്നതു് ഒരു ഉറന്ന കുഴലിലൂടെ ഒരു കല്ലിട്ടാലത്തെപ്പോലെ പെട്ടെന്നല്ല. ഈ കുഴൽ മാംസപേശികളെക്കൊണ്ടാകയാൽ, ഈ പേശികൾ സങ്കോചിച്ചും വികസിച്ചുംകൊണ്ടിരിയ്ക്കും. ഇതുമൂലം ഇതിന്നുള്ളിൽ തരംഗരൂപത്തിൽ ഒരു സമ്മർദ്ദമുണ്ടായിക്കൊണ്ടിരിയ്ക്കുന്നുണ്ട്. ഈ സമ്മർദ്ദം ഭക്ഷണ

29141
5
9715



ബഹിരിന്ദ്രിയങ്ങൾ.



അസ്ഥികൂടം.

ത്തെ ഞെക്കിഞെക്കി ആമാശയത്തിലേയ്ക്കിറക്കുകയാണ് ചെയ്യുന്നു.

അന്നനാളത്തിന്റെ അറ്റത്തു ഘടിപ്പിച്ചിട്ടുള്ളതും അനിച്ഛാധീനപേശികൊണ്ടു നിർമ്മിയ്ക്കപ്പെട്ടിട്ടുള്ളതും, മാങ്ങയണ്ടിയുടെ രൂപത്തിലുള്ളതുമായ ഒരു സഞ്ചിയാണ് ആമാശയം. ഇതിന്റെ ഭിത്തിയിൽ പാചകപിത്തവഗ്ഗത്തിലൊന്നായ ആമാശയരസമുണ്ടാക്കുന്ന സൂക്ഷ്മഗ്രന്ഥികളുണ്ട്. ഈ ഗ്രന്ഥികളിൽനിന്നു പുറപ്പെടുന്ന ആമജപാചകപിത്തം അമ്ലസ്വഭാവമുള്ളതാണ്. ഇതിന്നു പാലുറച്ചു കട്ടയാക്കുവാനും, മാംസാംശത്തെ പചിയ്ക്കുവാനുമുള്ള കഴിവുകളുണ്ട്. ഇവിടെവെച്ച് മാംസാംശത്തെ ഈ പാചകപിത്തം ശരീരത്തിന്നു ഗ്രാഹ്യമായ വിധത്തിൽ രസരൂപത്തിലാക്കുന്നു. ആമാശയത്തിൽവെച്ച് ആഹാരപദാർത്ഥങ്ങളുമായി പാചകപിത്തം നല്ലപോലെ കൂടിച്ചേരുന്നതിന്നു് ആമാശയത്തിന്റെ തരംഗചലനം സഹായകമാകുന്നു.

ആമാശയപചനംകൊണ്ടു്, ഏതാനും പാകമായിത്തീർന്നകഴിഞ്ഞ ദ്രവ്യം ചെറുകുടലിൽച്ചെന്നു ചേരുന്നു. ചുരുണ്ടു കിടക്കുന്നതും മാംസപേശിനിർമ്മിതവുമായ ഈ ചെറുകുടൽ ഇരുപതിരുപത്തഞ്ചടി നീളവും രണ്ടിഞ്ചു വ്യാസവുമുള്ള ഒരു കുഴലാകുന്നു. ആമാശയത്തിലെ പാകം കഴിഞ്ഞു കുഴമ്പുരൂപത്തിലായിട്ടുള്ള ഭക്ഷണദ്രവ്യം ചെറുകുടലിൽ പിന്നെയും പചിയ്ക്കപ്പെടുന്നു. ചെറുകുടലാരംഭിയ്ക്കുന്നതിന്നടുത്തുവെച്ചുതന്നെ യകൃത്തിൽനിന്നു പുറപ്പെടുന്ന രഞ്ജകപിത്തവും, അഗ്നിഗ്രന്ഥിയിൽനിന്നു വരുന്ന ആമജപാചക

പിത്തവും അതതിന്റെ ചെറുകുഴലുകളിലൂടെ കുടലിൽ നിന്നു വരുന്നു. ഈ പിത്തങ്ങളും ക്രൂടിച്ചേർന്നതിനാണ് ജഠരാഗ്നി എന്നു പറയുന്നത്. യകൃത്തിൽനിന്നു വരുന്ന പിത്തരസത്തിനു ഭക്ഷണപദാർത്ഥങ്ങളെ പ്രത്യക്ഷത്തിൽ പചിയ്ക്കാൻ കഴിവില്ല. അത് അഗ്നിഗ്രന്ഥിയിൽനിന്നു വരുന്ന പിത്തരസത്തെ അതിന്റെ പ്രവൃത്തിയിൽ സഹായിയ്ക്കുന്നു. അതിൽ കുടലിൽച്ചെന്നു ചേരുന്ന ആഹാരത്തെ ചീച്ചൽതട്ടാതെ സൂക്ഷിയ്ക്കാനുള്ള ഒരുതരം ബീജങ്ങളുണ്ട്. അഗ്നിഗ്രന്ഥിയിൽനിന്നു വരുന്ന പിത്തരസത്തിൽ വ്യക്തപ്രഭാവങ്ങളായ മൂന്നുതരം ദ്രവ്യങ്ങളുണ്ട്. ഇവയ്ക്ക് യഥാക്രമം അന്നാഗ്നി, മാംസാഗ്നി, സ്നേഹാഗ്നി എന്നു പേരിടാം. ഉമിനീരിൽ പചനം പൂർത്തിയാവാതെ പോയിട്ടുള്ള ധാന്യന്നുറിനെയെല്ലാം അന്നാഗ്നി പചിച്ചു പഞ്ചസാരരൂപത്തിലാക്കുന്നു. ആമാശയത്തിൽവെച്ചു തികച്ചും ദഹിയ്ക്കാതെ വന്നിട്ടുള്ള മാംസാംശത്തെ മാംസാഗ്നിയും പചിയ്ക്കുന്നു. സ്നേഹദ്രവ്യങ്ങളെ സ്നേഹാഗ്നിയും രഞ്ജകപിത്തവും ക്രൂടിച്ചേർന്നു പചിച്ചു പാലുപോലെയാക്കുന്നു. പത്തുപന്ത്രണ്ടു മണിക്കൂറിനകം ഭക്ഷണപദാർത്ഥങ്ങളെല്ലാം ദഹിച്ചുകഴിയും. ഈ പിത്തങ്ങളുടെ പചനഫലമായി ഭക്ഷണസാധനങ്ങളെല്ലാം ശരീരത്തിനു ഗ്രാഹ്യമായ വിധത്തിൽ രസരൂപത്തിലായി പരിണമിച്ചിരിയ്ക്കും. അതിനുശേഷം അവശിഷ്ടവസ്തുക്കൾ പെരുംകുടലിലേയ്ക്കും പ്രവേശിയ്ക്കുന്നു.

ഇങ്ങിനെ രസരൂപമായിപ്പരിണമിച്ചതുകൊണ്ടുമാത്രം ഇതു ശരീരത്തിലലിഞ്ഞുചേരുന്നതല്ലല്ലൊ. ഇതിനി

ശരീരത്തിലെങ്ങും വ്യാപിയ്ക്കുന്നത് എങ്ങിനെയാണെന്നു നോക്കാം. ചെറുകുടലിന്റേയും പെരുംകുടലിന്റേയും ഭിത്തികളിൽ അതിസൂക്ഷ്മമായ കുഴലുകൾ—രസായനികം—ഉണ്ട്. കുടലിന്നകത്തുള്ള രസത്തിനും, ഭിത്തിയിലെ രസായനിയ്ക്കും മദ്ധ്യേ, അതിലോലമായി ലൂതാതന്തുവിനേക്കാൾ നേർമ്മയുള്ള ഒരു ചർമ്മമേയുള്ളൂ. ഈ ക്ഷുദ്രചർമ്മത്തിലൂടെ രസം രസായനികളിലേയ്ക്ക് ഊറിയിറങ്ങുന്നു. ഈ സൂക്ഷ്മരസായനികം ഒന്നൊന്നായി ചേർന്ന്, പോഷകനദികൾ ക്രമേണ മഹാനദിയായ്വരുന്നതുപോലെ, ഒരു വലിയ കുഴലായി മേല്പോട്ട് പോയി കഴുത്തിന്നു സമീപംവെച്ചു ഹൃദയത്തിലേയ്ക്കു പോകുന്ന ഒരു മഹാസിരയുമായി കൂട്ടിയിണക്കപ്പെടുന്നു. ഇങ്ങിനെ രസം രക്തത്തിൽച്ചേരുകയും, രക്തസഞ്ചാരം ഈ രസത്തെ ശരീരത്തിലെമ്പാടും വ്യാപിപ്പിയ്ക്കുകയും ചെയ്യും.

ചെറുകുടലിലും പെരുംകുടലിലുമായി രസരൂപത്തിൽ കിടക്കുന്ന ദ്രവ്യം ഇങ്ങിനെ രസായനികളിൽ പ്രവേശിച്ചുകഴിയുമ്പോൾ ദഹിയ്ക്കാത്ത നാരു തൊലി മുതലായവ അവിടവിടെ ശേഷിയ്ക്കുന്നു. ഇതിന്നു മലം എന്നു പറയുന്നു. ഈ മലിനവസ്തു ദിവസത്തിലൊരിയ്ക്കലെങ്കിലും പുറത്തുപോകേണ്ടതാണ്. അതിന്നു വിഘ്നം നേരിട്ടുമ്പോഴാണ് മലബന്ധമെന്നു പറയുന്നത്. മലബന്ധം, തലവേദന, പനി, ചൊറി മുതലായ പല രോഗങ്ങൾക്കും കാരണമായിത്തീരും.

ഭക്ഷണം അധികം കഴിയ്ക്കുകയോ, ദഹിയ്ക്കാത്ത ഭക്ഷണങ്ങൾ കഴിയ്ക്കുകയോ, മദ്യം, കഞ്ചാവ്, കറപ്പ്

എന്നീ ലഹരിപദാർത്ഥങ്ങളുപയോഗിയ്ക്കുകയോ ചെയ്താൽ സാധാരണമായി മലബന്ധമുണ്ടാകും. അതിനാൽ ഇതൊക്കെ വർജ്ജിയ്ക്കുകതന്നെ വേണം. ഭക്ഷണം കഴിയ്ക്കുന്നതിൽ നിഷ്ഠയും ഉണ്ടായിരിയ്ക്കേണ്ടതത്യാവശ്യമാണ്.

ചോദ്യങ്ങൾ:—

1. ദീപനമെന്നാലെന്ത്?
2. യന്ത്രവും മനുഷ്യശരീരവും തമ്മിലുള്ള വ്യത്യാസമെന്ത്?
3. ഭക്ഷണം നല്ലപോലെ കടിച്ചുചവച്ചു ഭക്ഷിയ്ക്കണമെന്നു പറയുന്നതെന്തുകൊണ്ടാണ്?
4. വായിൽനിന്ന് ആമാശയത്തിലേയ്ക്കു നേരെ ഒരു കുഴലുള്ളതിന്നു പേരെന്ത്?

---

26. സീത.

ആയാമരമ്യം. വല്ലികാശാഖകൾ.
നിന്നിമേഷാക്ഷി.

ഓരോ മലരിലുമോരോ തളിരിലു-
മോടിക്കുഴങ്ങേണ്ടാ നേത്രമേ, നീ:
ചമ്പകപ്പൂവാണീപ്പൊൺപൈതൽ തന്നുടൽ;
ചെമ്പനിനീർപ്പൂവീക്കൊച്ചുമുഖം;
കായാംപൂകൊണ്ടത്രേ കണ്ണുമായ്ത്തുലോ-
മായാമരമ്യമാമക്ഷിയുഗം;
തോൽകവിഞ്ഞഗ്രം ചുരുണ്ട കിടക്കുന്ന
വാർകുഴലായതോ, വണ്ടിണ്ടതാൻ;

വല്ലികാശാഖകളാകുന്ന കയ്യുകൾ;
പല്ലവംതന്നെയിപ്പാണി രണ്ടും!

ഉണ്ടാക്കിവെച്ച വിചിത്രജന്തുക്കളെ-
യുണ്മാനിരുത്തിഗ്ഗ്രഹേശ്വരിയായ്,

പഞ്ചാര കല്ക്കണ്ടം പാൽ പഴം തേനിവ
പിഞ്ഞുകൈകൊണ്ടു വിളമ്പുകയും;

കുട്ടിക്കനകക്കടത്താൽപ്പുളകൽ-
ത്തൊട്ടിയിൽനിന്നു തണ്ണീരു മുക്കി,

ചേലിൽശ്ശിരസ്സാട്ടം നാനാചെടികളെ-
ച്ചേടിയായ് നിന്നു നനയ്ക്കുകയും;

വാരിവലിച്ചുടുത്തോരു നൽപ്പട്ടഴി-
ച്ചാരാൽ നിലത്തു വിരിച്ചുതിങ്കൽ

പാവക്കിടാവെക്കിടത്തി, മണിവള-
രാവമുദിയ്ക്കുയതിൻ തുടമേൽ

അമ്മലർക്കയ്യിനാൽത്താളം പിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും—

ഭൂലോകരംഗത്തേയ്ക്കീവക നാട്യങ്ങൾ
ശീലിയ്ക്കുമച്ചെറുനത്തകിയെ

നിന്നിമേഷാക്ഷിയാൽസ്സാദരം വീക്ഷിച്ചു
നിന്നിതു ദാസിമാർ നാലുപാടും.

ചൊല്ലൊണ്ട ശില്പികൾ കാഴ്ചയായ്പ്പിച്ച
കൽക്കൊമ്പനാനതൻ മസ്തകത്തിൽ

കുങ്കുമരേഖ കുറിച്ചാൾ കുറച്ചിട
ചെംകളിർക്കൈകൊണ്ടക്കൊച്ചുറാണി;

'കാണട്ടേ നിന്നുടെ പന്തടിയൊന്നെ'ന്നു
വേണുസ്വരത്തിലുരച്ചുപിന്നെ

തൻപന്തു വെച്ചുകൊടുത്തിതു കാഞ്ചന-
പ്പെൺപാവയൊന്നിൻ കരാഞ്ജലിയിൽ;

സ്ഫാടികച്ചെപ്പിൽപ്പെറുക്കി നിറച്ചുള്ള
മോടിയിണങ്ങുമിലഞ്ഞിപ്പൂക്കൾ

പട്ടുന്തലൊന്നിന്മേൽക്കോർക്കയായ്പ്പിമ്പവൾ;
കൂട്ടിയുള്ള കൈവിരൽ നൊന്തീലല്ലീ?

വള്ളത്തോൾ.

27. രവീന്ദ്രനാഥ ടാഗോർ.

മന്ദ്രകാഹളം. ഭാഗ്യവിപര്യയം.
സഹൃദയഹൃദയാഹ്ലാദി. ഉൽപ്പന്നമതി.
അവ്യാഹതം. ജൈത്രയാത്ര.

ഭാവനാഹൃദം.

അടുത്തു കഴിഞ്ഞ അരനൂറ്റാണ്ടുകാലം നമ്മുടെ മാതൃഭൂമിയായ ഭാരതവർഷത്തിന്റെ ദീർഘചരിത്രത്തിൽ ഒരു മഹിമയുറ്റ കാലഘട്ടമാണ്. നിരവധി കാലമായുള്ള വിദേശീയാധിപത്യത്തിന്റെ പിടിമുറുക്കത്തിൽപ്പെട്ട് ഓജസ്സറ്റ്, ഉശിരുകെട്ട, മിക്കവാറും മൃതപ്രായമായിക്കി

ടന്നിരുന്ന അതിന്റെ ആത്മാവിന്നു പെട്ടെന്നു ജീവൻ വെച്ചുതുടങ്ങിയ ഒരു കാലമാണത്. നാട്ടിന്റെ ഒരറ്റത്തുനിന്നു മറ്റെ അറ്റംവരെയും സ്വാതന്ത്ര്യത്തിന്റെ മന്ത്രകാഹളം മാറ്റൊലിക്കൊണ്ടു. ഏറ്റവും വിദൂരസ്ഥിതങ്ങളായ ഗ്രാമാന്തരങ്ങളിൽപ്പോലും ഒരു പുതിയ ചോരയോട്ടം തുടങ്ങി. മാതൃഭൂമിയെ സ്വതന്ത്രയാക്കുവാനും, അതിനെ മറ്റു രാജ്യങ്ങളുടെയിടയിൽ സമ്മാന്യമായ ഒരു സ്ഥാനത്തിരുത്തുകാണുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള പല പ്രസ്ഥാനങ്ങളും രാജ്യത്തിൽ മുളച്ചുപൊന്തി. ഈ പുതുചൈതന്യത്തിന്റെ പ്രതിനിധികളായ നിരവധി മഹാപുരുഷന്മാർ ഇക്കാലത്താണ് ഭാരതഭൂമിയിൽ ജനിച്ചത്. ദാദാഭായി നവറോജി, ബാലഗംഗാധരതിലകൻ, ദേശബന്ധു സി. ആർ. ദാസ്, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്രു എന്നിവർ ഇവരിൽ ചിലർ മാത്രമാണ്.

അഭിനവഭാരതത്തിന്റെ സൃഷ്ടികർത്താക്കന്മാരെന്ന് ഒട്ടും അതിശയോക്തിക്കുടാതെ പറയാവുന്ന ഈ ഉജ്ജ്വലന്മാരായ നേതാക്കന്മാരുടെയിടയിൽ ഒരുന്നതസ്ഥാനത്തിന്നു സർവ്വഥാ അർഹനായ ഒരാളാണ് രവീന്ദ്രനാഥ ടാഗോർ. എന്നാൽ ഭാരതത്തിന്റെ ഭാഗ്യവിപര്യയമെന്നു പറയട്ടെ, അടുത്തകാലം വരെയും അടിമത്തത്തിന്റെ അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന ഭാരതത്തിൽ ഒരു വിദ്യുല്ലതപോലെ പ്രകാശിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതനാളം എന്നെന്നേയ്ക്കുമായി അണഞ്ഞുപോയി! ആ മഹാനുഭാവൻ 1941 ആഗസ്റ്റ് 7-ാംന-, ഈ ഭാരതത്തിന്നു തീർത്താൽ തീരാത്ത നഷ്ടം

വരുത്തിവെച്ച്, ഈ ലോകത്തോടതന്നെ എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞു! ഇന്ന് അദ്ദേഹത്തിന്റെ ചരിത്രം ഒരു പഴംകഥയായിപ്പോയി. എങ്കിലും, അദ്ദേഹത്തിന്റെ സൌമ്യമെങ്കിലും ഉറച്ചതും പരിചിതവുമായ ശബ്ദം നാമിന്നും കേൾക്കുന്നപോലെ തോന്നുന്നു.

1861 മേയ്മാസം 7-ാംനു- കല്ക്കട്ടയിൽ വെച്ചാണ് രവീന്ദ്രനാഥ ടാഗോർ ജനിച്ചത്. അക്കാലത്തു ബങ്കാളിൽ പഠിപ്പുകൊണ്ടും പരിഷ്കാരംകൊണ്ടും ഏതാണ്ടു മുന്നണിയിൽ നിന്നിരുന്ന ഒരു കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അദ്ദേഹത്തിന്റെ അച്ഛനായ ദേവേന്ദ്രനാഥ ടാഗോർ ശാന്തമായ ഒരു സന്യാസജീവിതവൃത്തി സ്വീകരിച്ചിരുന്ന ഒരാളായിരുന്നു. നാടൊട്ടുക്കും ബഹുമാനിയ്ക്കപ്പെട്ടിരുന്ന അദ്ദേഹത്തെ 'മഹർഷി' എന്നായിരുന്നു ജനങ്ങൾ സാദരം വിളിച്ചുവന്നിരുന്നത്. അദ്ദേഹത്തിന്റെ ഏഴ മക്കളിൽ ഏറ്റവും ഇളയവനാണ് രവീന്ദ്രനാഥൻ.

സാമാന്യം ധനസമ്പത്തിയുള്ള ഒരു കുടുംബത്തിൽ പിറന്ന രവീന്ദ്രനാഥനു മറ്റു പല കവികൾക്കുമുണ്ടായിട്ടുള്ളപോലെ ദാരിദ്ര്യംകൊണ്ടുള്ള ക്ലേശങ്ങളനുഭവിയ്ക്കേണ്ടിവന്നിട്ടില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം മിക്കവാറും ഗൃഹത്തിൽ വെച്ചുതന്നെയാണ് നടന്നത്. അദ്ദേഹം സ്കൂളിൽ ഒരു വിദ്യാർത്ഥിയായി കുറച്ചുകാലം കഴിയ്ക്കുകയുണ്ടായെങ്കിലും അധികം താമസിയാതെ അത്തരം വിദ്യാഭ്യാസത്തിലുള്ള മടുപ്പുനിമിത്തം പഠിപ്പുനിർത്തുകയാണ് ചെയ്തത്. അതിനുശേഷം അദ്ദേഹത്തിന്റെ അധ്യയനം മുഴുവനും പരാശ്രയം കൂടാതെതന്നെ നിർവ്വ

ഹിയ്ക്കപ്പെട്ടു. അച്ഛനിൽനിന്നും അദ്ദേഹത്തിന്റെ അ ഗ്രജന്മാരിൽനിന്നും പറയത്തക്ക സഹായമൊന്നും ലഭി ച്ചില്ലെങ്കിലും, ഉല്പന്നമതികളായ അവരുടെ സഹവാസം അദ്ദേഹത്തിൽ വിജ്ഞാനതൃഷ്ണയെ വളത്തിക്കൊണ്ടു വരാൻ സഹായിച്ചിട്ടുണ്ട്.

നന്നെ ചെറുപ്പത്തിൽത്തന്നെ, അദ്ദേഹത്തിൽ മറ ഞ്ഞുകിടന്നിരുന്ന ഒരു മഹത്പത്തിന്റെ പ്രകാശനാള ങ്ങൾ കാണാമായിരുന്നു. അദ്ദേഹം മാതൃഭാഷയായ ബ ങ്കാളിയിലും, ഇംഗ്ലീഷിലും അതിവേഗത്തിൽ അസാമാ ന്യമായ പാണ്ഡിത്യം നേടി. ഇതിനിടയിൽ ഒരിയ്ക്കൽ അദ്ദേഹം അച്ഛനൊരുമിച്ചു ഹിമാലയത്തിൽപ്പോയി കു റച്ചുദിവസം പാർക്കുകയുണ്ടായി. ശാന്തഗംഭീരമായ ആ പർവ്വതപ്രാന്തത്തിലെ പ്രകൃതിമാഹാത്മ്യമാണ് അദ്ദേഹ ത്തിൽ ആദ്യമായി കവിതത്തിന്റെ മുളകൾ പാകിയ ത്. തന്റെ വസതിയിലെ വരാന്തയിലിരുന്നുകൊണ്ടു മനോഹരങ്ങളായ പ്രഭാതങ്ങളേയും, മഞ്ഞുമൂടിയ താഴ്വാ രങ്ങളിൽ സന്ധ്യാരാഗപ്പുഴകളൊഴുക്കിയിരുന്ന സായാ ഹ്നങ്ങളേയും കണ്ടുകണ്ടു താൻ ഭാവ്യമായ ഒരാനന്ദാനു ഭൂതിയ്ക്ക് അടിമപ്പെട്ടിരുന്നു എന്ന് അദ്ദേഹം ഒരിടത്തു പറയുന്നുണ്ട്.

ക്രമേണ അദ്ദേഹം സാഹിത്യസരണിയിലേയ്ക്കു കാലെടുത്തുവെച്ചു. അദ്ദേഹത്തിന്റെ ആദ്യത്തെ കവി ത പ്രസിദ്ധിപ്പെടുത്തിയത് തന്റെ പതിനഞ്ചാം വയസ്സിലാണ്. പിന്നീട്, അദ്ദേഹത്തിന്റെ അത്ഭുത കരമായ ഭാവന ഓരോ തരത്തിൽ അവ്യാഹതമായി

പ്രവഹിയ്ക്കുകയായി. കവിതകൾ, നോവലുകൾ, നാടകങ്ങൾ, ചെറുകഥകൾ എന്നിങ്ങിനെ അദ്ദേഹം കൈവെയ്ക്കാത്തതായ സാഹിത്യപ്രസ്ഥാനങ്ങൾ ഒന്നുമില്ല. ബങ്കാളിയിലെഴുതപ്പെട്ടിട്ടുള്ളവ മിക്കതും അദ്ദേഹംതന്നെ ഇംഗ്ലീഷിലേയ്ക്കു വിവർത്തനംചെയ്തിട്ടുണ്ട്. അവയിൽ പലതും വംഗസാഹിത്യത്തിലെന്നല്ല, വിശ്വസാഹിത്യത്തിൽത്തന്നെ പ്രഥമസ്ഥാനം കരസ്ഥമാക്കിയിട്ടുള്ളവയാണ്. അദ്ദേഹത്തിന്റെ കൃതികൾ നിസ്തുല്യമായ സാഹിത്യഗുണംകൊണ്ടെന്നപോലെത്തന്നെ, അഭൌമമായ സംഗീതമാധുര്യംകൊണ്ടും സഹൃദയഹൃദയാഹ്ലാദിയത്രേ.

ടാഗോർ ലോകത്തിലെ മിക്ക രാജ്യങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്; പല ഭാഷകളും അദ്ദേഹം വശപ്പെടുത്തിയിട്ടുമുണ്ട്. എല്ലാ രാജ്യങ്ങളിലും അദ്ദേഹത്തിന്റെ അനുപമമായ സംസ്കാരസമ്പത്തും, വ്യക്തിമാഹാത്മ്യവും എന്തെന്നില്ലാത്ത ഒരത്ഭുതമുണ്ടാക്കി. ഭാരതീയസംസ്കാരത്തിന്റെ ഉത്തമനായ ഒരു പ്രവാചകനെന്ന നിലയിലാണ് അദ്ദേഹത്തെ മറുരാജ്യക്കാർ സ്വീകരിച്ചത്. അവസാനമായി, ലോകസാഹിത്യകാരന്മാരിൽ അതതു കാലത്തെ ഏറ്റവും മികച്ച ആൾക്കു നല്കുവാറുള്ള 'നോബൽസമ്മാനം'കൊണ്ടു പാശ്ചാത്യലോകം അദ്ദേഹത്തെ ബഹുമാനിച്ചത്, തന്റെ ജൈത്രയാത്രയ്ക്കു ചേർന്ന ഒരു പരിണാമം മാത്രമായിരുന്നു. 'ഗീതാഞ്ജലി'യ്ക്കാണ് ടാഗോർ 'നോബൽസമ്മാനാ'ഹ്നായത്. ഇതുമറു കൃതികളേക്കാൾ കൂടുതൽ അദ്ദേഹത്തിന്റെ ഭാവ

നാഹ്ലാദത്തിന്റെ ഗാംഭീര്യത്തേയും, സംഗീതമാധുര്യത്തേയും പ്രസ്ഫുടമാക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ്.

കല്ക്കട്ടയിൽനിന്നു തെക്കുമാറി കുറച്ചു ദൂരെ ബോൽപൂർ എന്ന സ്ഥലത്ത് അദ്ദേഹം സ്ഥാപിച്ചിട്ടുള്ള 'വിശ്വഭാരതി' എന്ന വിശ്വകലാലയം ലോകത്തിലുള്ള വിവിധസംസ്കാരങ്ങളുടേയും കേന്ദ്രമായി പരിലസിയ്ക്കുന്നു. അതിന്റെ ഒരു വിഭാഗമായ ശാന്തിനികേതനം നാനാതരം കലകളുടെ ഒരു സമ്മേളനരംഗമാണ്.

ടാഗോറിന്റെ കുടുംബജീവിതം തുലോം സുഖകരമായിരുന്നുവെന്നു പറഞ്ഞുകൂടാ. വിവാഹം കഴിഞ്ഞ് അധികം താമസിയാതെതന്നെ ഭാര്യ മരിച്ചുപോയി. ആ മാതാവു നാലുമക്കളെ പ്രസവിച്ചതിൽ ഒരാൺകുട്ടിയും പെൺകുട്ടിയും മാത്രമേ ഇപ്പോഴും ജീവിച്ചിരിപ്പുള്ളൂ.

ടാഗോർ ആധുനികലോകനേതാക്കളിൽ മുന്നിട്ടു നില്ക്കുന്നു. കലഹം, മദം, ലോഭം എന്നീ നികൃഷ്ടവിചാരങ്ങൾകൊണ്ടു തമോനിബിഡമായ ലോകാന്തരീക്ഷത്തിൽ, ആ വിശ്വമഹാകവിയുടെ ജീവിതം ഒരു ശാന്തിതാരംപോലെ പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ ദേശാഭിമാനം വിശാലവും, കാലദേശാതിവർത്തിയുമായിരുന്നു.

എന്തിനേറെ, അദ്ദേഹത്തിന്റെ വിയോഗത്താൽ ഭാരതത്തിന്നു് ഒരുത്തമനായ സാഹിത്യകാരനോ, സൌന്ദര്യാരാധകനായ ഒരു കലാകാരനോ, അല്ല നഷ്ടപ്പെട്ടിട്ടുള്ളതു്. ഏതാപൽഘട്ടത്തിലും ഒരഭയമായിരുന്ന ഹി

തോപദേഷ്ടാവായ ഒരു പ്രവാചകനത്രേ, ഇന്നദ്ദേഹത്തിന്റെ വിയോഗത്താൽ നഷ്ടീഭവിച്ചിട്ടുള്ളത്.

ചോദ്യങ്ങൾ:—

1. ടാഗോറിന്റെ ജീവിതകാലത്തിനുള്ള മാഹാത്മ്യമെന്ത്?
2. ടാഗോറിന്റെ ജനനം ഏതുകൊല്ലത്തിലാണ്? അദ്ദേഹത്തിന്റെ അച്ഛന്റെ പേരെന്ത്? അദ്ദേഹത്തിന്റെ സ്വദേശമേത്?
3. ടാഗോറിന്റെ കവിതാവാസന മുളയിടാൻ തുടങ്ങിയതെപ്പോഴാണ്?
4. ടാഗോറിന്റെ ഏതു കൃതിയ്ക്കാണ് 'നോബൽ സമ്മാനം' ലഭിച്ചത്?
5. ടാഗോറിന്റെ ദേഹവിയോഗത്താൽ ഭാരതത്തിനു വന്ന നഷ്ടം എങ്ങിനെയുള്ളതാണ്?



The lad

aas

H lad

1454

